In the Quadrangular Tournaments of the District we won the first place in games for women. In the Trichur Zone Sports meet our women's team secured the first place and our men's team the third. It is a pity that the Inter-zonal Sports meet was dropped at the last moment by the University. In the Ernakulam District Sports meet and in the Taluk Sports meet held in our grounds our teams did extremely well.

In the Inter Hostel Athletic Competitions the senior day scholars once again annexed the Championship. The Championship for the women's section went to the Women's Hostel this year. The individual championships were won by Mr. K. P. Kuriakose from the men's section and Miss Sosakutty Oommen from the women's section.

For the Inter-hostel Tournaments, Chacko Hostel was winner in foot-ball, hockey and volley-ball, Junior Hostels in basket-ball, Junior Day-scholars in badminton and Senior Day-scholars in cricket and tennis, Women's Hostel in throw-ball, badminton, tennikoit, and Women Day-scholars in basket-ball.

I take this opportunity to congratulate the members and captains and presidents of the various clubs, the Athletic Representatives, the Physical Director on the efficient nad enthusiastic way in which they organised the activities of the Athletic Association.

(*continued on page 103*)

*The College S. S. League in action*











Miss K. K. Sreekumari
First in Bharata Natyam
Inter-University Youth Festival

SOCIAL SERVICE LEAGUE COMMITTEE



SOCIAL SERVICE LEAGUE DRAMATIC CLUB (1959–'60)

Staged 'ആദാമിന്റെ സന്തതികൾ' on 29th and 30th of Oct. 1959.



# ജീവിതത്തിനോട്

പി. സി. ക...

## SOCIAL SERVICE LEAGUE COMMITTEE

Sitting: Miss Kanakam Varma M. A.; M/s. O. M. Mathen M. Sc. (President); T. B. Thomas M. Sc. (Principal); T. S. Venkatraman M. A. (Treasurer); Miss P. K. Mariamma M. A.; Miss Molly Chacko M. A.; Mr. Varghese K. John (Secretary).

Standing 1st Row: M/s. M. V. Kurian M. A.; Miss Mary K. Philip; Miss Sosakutty Oommen; Miss P. V. Baby; Miss M. I. Gracy; Miss E. V. Saramma; Miss A. V. Daisy; Mr. K. P. Mathew M. A.

2nd Row: M/s. P. J. Simon M. A.; K. P. Zachariah M. A.; A. M. Chacko M. Sc.; M. E. Thomas; Rajan V. Philip; E. V. James; P. J. Thomas (Joint Secretary); K. M. Thomas.

3rd Row: M/s. P. J. Mathew B. Sc.; K. A. John; Govindankutty Menon M. Sc.; George Kurian; Harikumar Bhaskar; George V. Philip.

## SOCIAL SERVICE LEAGUE DRAMATIC CLUB (1959-'60)

Staged 'ആദാമിന്റെ സന്തതികൾ' on 29th and 30th of Oct. 1959.

Sitting: M/s. K. Radhakrishnan; C. P. Somasundaram M. A.; Kurian Oommen; O. M. Mathen M. Sc. (President); Abraham Philip B. Sc.; K. P. Kamalakaran; C. V. Soju.

Standing 1st Row: M/s. Sunny Samuel; Rajan Abraham; K. V. Mukundan Menon; Thampan Thomas; Jacob Abraham; P. G. George; M. K. Thankappan; Joseph Philip.

2nd Row: M/s. K. J. Mathew; T. Abdul Karim; Varghese K. John (Gen. Secretary); P. J. Thomas (Joint Secretary).

വഹിച്ചു ഉസിപ്പു നി;
നിന്നുടൽപുൽകാൻ വെമ്പി-
വസിയ്ക്കും മനുഷ്യതാ-
വൈവിധ്യം മാത്രം ലോകം.
പർവ്വത ശിഖരത്തിൽ,
കടലിന്നടിത്തട്ടി,-
ലൂഴിതൻ വിശാലാന്ത:-
സ്ഥപ്പരപ്പിൽ, ഗഗനത്തിൽ

ന്നാകാംക്ഷാശതങ്ങളും
മുഗ്ദ്ധയൗവ്വനത്തിന്റെ
മാദകവികാരവും

പലരീതിയിൽ, പല
ഭാവത്തിൽ, ചുറ്റും കാണാം
പ്രകൃതിപ്രഭാവത്തിൻ
ദൃശ്യവൈവിധ്യങ്ങളും

# ജീവിതത്തിനോട്

പി. സി. കർത്താ.

ഒന്ന്

എന്തുനീ ? യറിവീല
ഞാനൊട്ടു ; മെന്നാൽ നമ്മ-
ളന്യോന്യം പിരിയേണ്ടോ-
രാണെന്നതറിവൂ ഞാൻ.

എങ്കിലുമെപ്പോളെ, ങ്ങു-
വെച്ചോ, ഏതു വിധത്തിങ്ക-
ലെന്നതിപ്പോഴും ഗൂഢം,
രഹസ്യം, മമാത്മാവിൽ.

രണ്ട്

മതവിൽ മഴക്കാറു
കാട്ടി നീ മനുഷ്യനിൽ
മധുരപ്രതീക്ഷതൻ
കുഡ്മളം വിരിയിപ്പൂ.
കവിളിൽ മഴവില്ലിൻ
മാദക സൗന്ദര്യവും
കരളിൽ പ്രേമത്തിന്റെ
സംഗീതപ്രവാഹവും
മാന്നളിൽ മരതക
മഞ്ജുള ശരീരത്തിൽ
കാന്തിതന്നലമാലാ-
കലിത സാമോല്ലാഷവും
ചെഞ്ചുണ്ടിൽ മന്ദസ്മിത
സാത്വികപ്രകാശവും
കൊഞ്ചുന്ന മൊഴികളിൽ
മരന്ദകണങ്ങളും
വഹിച്ചുല്ലസിപ്പൂ നീ;
നിന്നുടൽപ്പുൽകാൻ വെമ്പി-
വസിയ്ക്കും മനുഷ്യതാ-
വൈവിധ്യം മാത്രം ലോകം.
പർവ്വത ശിഖരത്തിൽ,
കടലിന്നടിത്തട്ടി,-
ലുർവ്വിതൻ വിശാലാന്ത-
പ്പരപ്പിൽ, ഗഗനത്തിൽ

എവിടെത്തിരഞ്ഞാലും
കാണ്മതില്ലൊന്നും, നിന്റെ
ഭുവനം മയക്കുന്ന
മാസ്മര പ്രഭയെന്യേ.

നിന്നിൽനിന്നൊരുമാത്ര
മുക്തനാകുവാൻ വെമ്പി
മന്നിതു ത്യജിയ്ക്കുവാൻ
മുതിരും മർത്ത്യൻ പോലും

പിന്നെയും തവകടാ-
ക്ഷാഞ്ചലവലയിങ്കൽ
ഖിന്നനായ് പതിക്കുന്നു ;
നീ, സ്മിതം ചൊരിയുന്നു.

ജനിയിൽ, മരണത്തി-
ലീലോകസൗഭാഗ്യത്തിൻ—
കനിയും, കൊഴിയുന്ന
പുഷ്പവും പെറുക്കി നീ

പാരൊരു കളിവീടായ്-
ക്കരുതി, ച്ചിന്താശൂന്യ-
ഭാവത്തിൽ കളിക്കുന്ന
കാഴ്ച ഞാൻ ചുറ്റും കാൺകെ,

കുതുകം താവും ശൈശ-
വാഹ്ലാദസ്മിതങ്ങളും
കൊഴിയും മനുഷ്യന്റെ
ജീവിതസന്ദേശവും

സ്നിഗ്ദ്ധമാം കൗമാരത്തി-
ന്നാകാംക്ഷാശതങ്ങളും
മുഗ്ദ്ധയൗവനത്തിന്റെ
മാദകവികാരവും

പലരീതിയിൽ, പല
ഭാവത്തിൽ, ചുറ്റും കാണും
പ്രകൃതിപ്രഭാവത്തിൻ
ദൃശ്യവൈവിദ്ധ്യങ്ങളും

താവകകടക്കിഴി-
ലൊന്നിച്ചു വസിക്കുന്ന
ഭാവവ്യഞ്ജകമുഗ്ദ്ധ-
ദൃശ്യം ഞാൻ ചുറ്റും കാൺകെ,
കണ്ണുകളിതല്ലന്നോ?
കൈയുകൾ വിറകൊള്ളും-
വണ്ണമോനിൽപ്പൂ?
കാൽകളിടറിച്ചലിക്കുന്നോ?

മൂന്ന്

എങ്കിലും നിന്നിൽനിന്നു-
മമൃതം സൗഖ്യത്തിന്റെ
മംഗളം വീശും വായു-
വെൻ ചിത്തം ഹരിക്കുമ്പോൾ
ശാന്തിതൻ മരതക
പിഞ്ഛിക ചുഴറ്റുന്ന
മാന്ത്രികപ്രഭാവമെൻ
ചേതനമയക്കുമ്പോൾ,
അറിയാ—തറിയാതെ-
യാണു—ഞാൻ നിന്നോടൊപ്പ-
മിഴുകിച്ചേർന്നീടുന്നു;
നീയൊത്തു പറക്കുന്നു.
ചിരിയിൽ, കരച്ചിലി-
ലൂടെ നീയെന്നിൽ ദീപ്തി-
ചൊരിയും പ്രകാശത്തിൻ
ജ്വാലയായ്ച്ചമയുന്നു.
ഇന്നുനാമൊത്തുമിച്ചു
സഞ്ചരിക്കുന്നു, ശുഭ്ര-
സുന്ദരവനാന്തത്തിൽ,
മഞ്ഞുറും ഹേമന്തത്തിൽ *

ഉയരെക്കാണും ക്ഷേത്ര-
നടയിൽച്ചെന്നണയുവാ-
നിടറും കാൽവെപ്പോടെ
പടികൾ കയറുമ്പോൾ,
ഓർമ്മിപ്പൂ, നീയിന്നേക-
മിസഹായത്തിൻ സ്വ-
ധാർമ്മിക ചൈതന്യമെൻ
ചുറ്റിലും പരക്കായ്കിൽ
എങ്ങിനെലയിക്കും ഞാ-
നാമണിശ്രീകോവിലിൽ
മംഗളമൊളിവീശും
ചൈതന്യപ്രകാശത്തിൽ!

നാല്

പ്രിയമുള്ളവർ തമ്മിൽ
പിരിയാനശക്യം; നീ-
യൊരുനാളിലുമെന്നെ-
പ്പിരിയാതിരിക്കുകിൽ!

അഞ്ച്

കാലുകളിടറുമ്പോൾ
താങ്ങിയും പരസ്പരം,
ലീലയാടിയും, ചിത്തം
പകർന്നും ചിരകാലം
കഴിഞ്ഞുനാ; മിവിധ-
മിന്നിയും തുടരാവൂ;
കൊഴിയും പൂക്കൾ വീണ്ടും
പുഷ്പിച്ചു നിന്നിടാവൂ!

* 'സുഖദുഃഖകാലഘട്ടങ്ങളി'ലെന്നു വിവക്ഷ.

# ഗാന്ധിസം

(കെ. കെ. ശ്രീകുമാരി, യു. പി. ബാച്ച് എ.)

ഭൂമിയിൽ മനുഷ്യൻെറ ചരിത്രത്തിലെ ഏററവും പ്രധാനീയമായ യാഥാർത്ഥ്യം അവൻെറ ഭൌതികനേട്ടങ്ങളല്ല, അവനുണ്ടാക്കുകയും, തകർക്കുകയും ചെയ്ത സാമ്രാജ്യങ്ങളല്ല, സത്യവും നന്മയും ആരാഞ്ഞുകൊണ്ടുള്ള അവൻെറ ആത്മാവിൻെറ കാലാനുഗതികമായ വളർച്ചയാണ്. ഗാന്ധിജിയുടെ മാഹാത്മ്യം കിടക്കുന്നത് അദ്ദേഹം നടത്തിയ ധീരസമരങ്ങളിലേക്കാളേറെ അദ്ദേഹത്തിൻെറ പുണ്യജീവിതത്തിലാണ്. സംഹാരശക്തികൾ ഉയർന്നുവരികയാണെന്ന് തോന്നിയ കാലത്ത് ആത്മാവിൻെറ രചനാത്മകമായ ശക്തിയേയും ജീവദമായ ഗുണത്തേയും ഊന്നിപ്പറഞ്ഞതിലാണ്. ഗാന്ധിജിയുടെ ആശയങ്ങളും, അദ്ദേഹം പ്രായോഗികമാക്കാൻ ശ്രമിച്ച തത്വങ്ങളുമാണ് ഗാന്ധിസത്തിൽ അടങ്ങിയിരിക്കുന്നത്. ഇന്ന് ലോകശ്രദ്ധയെ മുഴുവൻ ആകർഷിച്ചുകൊണ്ടിരിക്കുന്ന ഈ ഗാന്ധിസത്തിൻെറ സിദ്ധാന്തങ്ങൾ എന്തെല്ലാമാണ് ?

ഗാന്ധിസത്തിൽ ഏററവും പ്രാധാന്യം നല്കിയിരിക്കുന്നത് സത്യത്തിനാണ്. സത്യമല്ലാതെ മറെറാരീശ്വരനില്ല. സത്യത്തിൽനിന്നും അല്പമെങ്കിലും വ്യതിചലിക്കുകയെന്നുവച്ചാൽ ഈശ്വരസന്നിധിയിൽനിന്നും അകലുകയെന്നാണർത്ഥം. സത്യസാക്ഷാത്കാരത്തിനുള്ള ഏകമാർഗ്ഗം സ്നേഹമോ അഹിംസയോ ആണ്. "സാർവ്വത്രികവും സർവ്വവ്യാപകവുമായ സത്യത്തെ നേരിട്ടു കാണണമെങ്കിൽ സൃഷ്ടിയിൽപെട്ട ഏററവും നിസ്സാരവസ്തുവെപ്പോലും ആത്മസമം സ്നേഹിപ്പാൻ കഴിയുന്നവനാകണം" എന്നാണ് ഗാന്ധിജി പറഞ്ഞിരിക്കുന്നത്. ഇതിൽനിന്നും ആത്മജ്ഞാന ലക്ഷ്യം സത്യത്തിനോടും സ്നേഹത്തോടുംകൂടി വർത്തിക്കുന്നതിലാണെന്ന് തെളിയുന്നു.

അഹിംസ അല്ലെങ്കിൽ അക്രമരാഹിത്യമാണ് ഗാന്ധിസത്തിലെ മറെറാരു സവിശേഷഘടകം. ഹിംസയെ അഹിംസകൊണ്ട് കീഴടക്കുകയാണ് ഗാന്ധിജി ചെയ്തത്. അഹിംസ ലോകത്തിന് ഒരു പുതിയ തത്വമല്ലെങ്കിലും, ഒരു രാഷ്ട്രമോ സമുദായമോ അതിൻെറ ഭാഗധേയ സൃഷ്ടിക്ക് അഹിംസാസിദ്ധാന്തത്തെ ഒരു ഉപാധിയായി സ്വീകരിച്ചതിൻെറ യാതൊരു ദൃഷ്ടാന്തവും ലോകചരിത്രത്തിലില്ല. അതിനെ വിജയകരമായി ലോകത്തിനു കാണിച്ചുകൊടുത്തത് ഗാന്ധിജിയാണ്. ഏററവും പാവനമായ ഒരു ആപ്തവാക്യമത്രെ "അഹിംസാ പരമോ ധർമ്മ."

ഈ പരമ ധർമ്മമായ അഹിംസയെ പ്രവൃത്തിയിൽ വരുത്തലാണ് സത്യാഗ്രഹം അല്ലെങ്കിൽ ആത്മശക്തി. ആത്മാവിൻെറ ആന്തരശക്തിയിലാണ് സത്യാഗ്രഹം വേരൂന്നിയിട്ടുള്ളത്. സഹനസമരം, അക്രമരാഹിത്യമായ നിസ്സഹകരണം, സിവിൽ നിയമലംഘനം മുതലായ വിവിധരൂപങ്ങൾ അതു കൈക്കൊണ്ടിട്ടുണ്ട്. ഗാന്ധിജി പറയുന്ന "നിസ്സഹകരണവും, നിയമലംഘനവും സത്യഗ്രഹമെന്ന കല്പവൃക്ഷത്തിൻെറ രണ്ടു ശാഖകൾ മാത്രമാണ്." അപരാധത്തോടുള്ള വിദ്വേഷത്തിന്മേലും, അപരാധിയോടുള്ള സ്നേഹത്തിന്മേലും ആണ് ഇതെല്ലാം അടിയുറപ്പിക്കപ്പെട്ടിരിക്കുന്നത്. "ഒരുവനിലുള്ള തിന്മയെ വെറുക്കുക, പക്ഷേ ഒരിക്കലും ആ മനുഷ്യനെ വെറുക്കരുത്" ഇതാണ് ഗാന്ധിജിയുടെ സിദ്ധാന്തം. ഒരു സത്യാഗ്രഹിക്ക് പല ഗുണങ്ങളും ഉണ്ടായിരിക്കണം. ഒന്നാമത് സത്യസ്വരൂപിയായ ഈശ്വരനിൽ വിശ്വാസമുണ്ടായിരിക്കണം. രണ്ടാമത് അവൻെറ ഓരോ കാൽവെപ്പിലും ശത്രുക്കളോട് ഔദാര്യവും, മര്യാദയും പ്രകടമായിരിക്കണം. അവന് വേണ്ടത്ര ആദർശശുദ്ധിയും, ക്ഷമയും, മററുള്ളവരിൽ വിശ്വാസവും ഉണ്ടായിരിക്കണം. ഇതെല്ലാം സാക്ഷാത്കരിച്ചിട്ടുള്ളവനാണ് യഥാർത്ഥ സത്യാഗ്രഹി. അവന് പരാജയം സാദ്ധ്യമല്ല എന്നാണ് ഗാന്ധിജി പറയുന്നത്. ഇപ്രകാരം കേവലം ആത്മചോദിതമായ ക്ലേശസഹനത്താൽ മാത്രം യുദ്ധത്തിലെ ഹിംസയെപ്പോലും ജയിക്കാമെന്ന് ഗാന്ധിജി തെളിയിച്ചിരിക്കുന്നു.

എവിടെയെല്ലാം നമുക്ക് ശത്രുക്കളെ നേരിടേണ്ടി വരുന്നുവോ അവിടെയെല്ലാം നമ്മൾ സ്നേഹം പ്രയോഗിക്കണം എന്നാണ് ഗാന്ധിസം നമ്മെ പഠിപ്പിക്കുന്നത്. നല്കുന്നതിന് വൈമനസ്യമില്ലാത്തതും എന്നാൽ അതിനു പകരം കിട്ടുന്നത് എന്താണെന്നതിനെക്കുറിച്ച് ചിന്തിക്കാത്തതുമായ ഒന്നാണ് സ്നേഹം. പക്ഷേ ഇപ്രകാരം അക്രമരഹിതമായ ഒരു മാനസികനില ലഭിക്കുന്നതിന് അവിശ്രാന്തമായ പരിശീലനം ആവശ്യമാണ്.

എല്ലാ മതങ്ങളുടേയും, മനുഷ്യജാതിയുടേയും സമത്വത്തെ ഗാന്ധിസം ദർശിക്കുന്നു. മതസഹിഷ്ണുത പാലിക്കുവാൻ ഗാന്ധിസം നമ്മെ പഠിപ്പിക്കുന്നു. ആത്മാവ് ഒന്നേയുള്ളുവെങ്കിലും അത് കൈക്കൊള്ളുന്ന രൂപങ്ങൾ വിവിധങ്ങൾ ആയിരിക്കുന്നതുപോലെ എല്ലാ മതത്തിന്റേയും അടിസ്ഥാനവിശ്വാസം ഒന്നു തന്നെയാണ്. ഓരോ മതവും ദൈവത്തിന് പ്രത്യേകനാമങ്ങൾ നല്കിയിരിക്കുന്നെങ്കിലും അത് വ്യക്തിത്വത്തെയല്ല, ഗുണങ്ങളെയാണ് സൂചിപ്പിക്കുന്നത്.

അടുത്തതായി രാഷ്ട്രീയകാര്യങ്ങളുടെ മതപരമായ ആസ്പദം എന്താണെന്ന് ഗാന്ധിസം കാണിക്കുന്നു. ഗാന്ധിജി പറയുന്നു "സാർവ്വത്രികവും സർവ്വവ്യാപകവുമായ സത്യത്തെ നേരിട്ടു കാണണമെങ്കിൽ സൃഷ്ടിയിൽപെട്ട ഏതൊരു നിസ്സാര വസ്തുവെപ്പോലും ആത്മസമം സ്നേഹിപ്പാൻ കഴിവുണ്ടാകണം. അതാഗ്രഹിക്കുന്നവന് ഏതൊരു ജീവിതരംഗത്തിൽനിന്നും അകന്നു നില്ക്കുവാൻ വയ്യ. അതുകൊണ്ടാണ് എന്റെ സത്യാഗ്രഹം എന്നെ രാഷ്ട്രീയകാര്യങ്ങളിലേക്കാകർഷിച്ചിട്ടുള്ളത്."

ഗാന്ധിസം അയിത്തത്തെ വെറുക്കുന്നു. 'എല്ലാവരും സമന്മാരാണ്. എല്ലാവർക്കും സ്വാതന്ത്ര്യം ഉണ്ടായിരിക്കണം' എന്ന് ഗാന്ധിസം ഉത്ബോധിപ്പിക്കുന്നു.

ദേശീയസേവനം ആഗ്രഹിക്കുന്നവർ അഥവാ യഥാർത്ഥത്തിൽ മതപരമായ ജീവിതത്തിന്റെ പ്രകാശം കാണണമെന്നാഗ്രഹിക്കുന്നവർ ബ്രഹ്മചര്യവ്രതം അനുഷ്ഠിക്കണമെന്ന് ഗാന്ധിസം ഉപദേശിക്കുന്നു.

ഇവയെല്ലാം കൂടാതെ മാതൃഭാഷയിലുള്ള വിദ്യാഭ്യാസം, ഖദർവ്രതം തുടങ്ങിയ കാര്യങ്ങളിലും ഗാന്ധിസം ശ്രദ്ധ ചെലുത്തുന്നുണ്ട്. ഇങ്ങനെ ഗാന്ധിസത്തിന്റെ എല്ലാ വശങ്ങളെക്കുറിച്ചും പരിചിന്തനം ചെയ്യുമ്പോൾ, സത്യത്തിലും അഹിംസയിലും അധിഷ്ഠിതമായ ഒരു സർവ്വോദയസമുദായം കെട്ടിപ്പടുക്കുവാൻ അത് ശ്രമിക്കുന്നതു കാണാം. പ്രിയതരങ്ങളായ ആദർശങ്ങളുടെ ചോദനത്താൽ സമുജ്ജ്വലരായ അനേകം സ്ത്രീപുരുഷന്മാരെ ഗാന്ധിസം സൃഷ്ടിക്കുന്നു. ഇങ്ങനെ ലോകത്തിലെ എല്ലാ ഭാഗങ്ങളിലെ ജനങ്ങളേയും സ്നേഹത്തിലൂടെയും സഹകരണത്തിലൂടെയും സാർവ്വലൗകിക ശാന്തിയുടെ വഴിയിലേയ്ക്ക് നയിക്കുവാൻ ഗാന്ധിസത്തിനു മാത്രമേ കഴികയുള്ളു.



*By* **A. T. Thomas, Class ii**

# സ്ത്രീ

(കെ. കെ. രാധാകൃഷ്ണൻ, തേഡ്ക്ലാസ്; കെമിസ്ട്രി.)

സ്നേഹമുള്ള അനുജത്തി,

ജീവിതത്തിലെ ഏതു ദുരിതാനുഭവങ്ങളെക്കുറിച്ചും ഓർക്കുക സുഖമാണ്. ഈയെഴുത്തിൽ അതിൽക്കവിഞ്ഞ ഉദ്ദേശമൊന്നും എനിക്കില്ലതാനും. ഒരിക്കലും മങ്ങാത്ത മുറിപ്പുകൾ, ഹൃദയത്തിലേൽപ്പിച്ചുകൊണ്ട്, കടന്നുപോയ ചില സംഭവങ്ങളാൽ ഞാനീ പേജുകൾ നിറയ്ക്കട്ടെ.

നാട്ടിൽനിന്നും, പതിനായിരം മൈലുകൾക്കപ്പുറം, ഒരു ആസ്പത്രിയിൽ ഏകനായി ഒരു മുറിയിലിരുന്ന് ഞാനികത്തെഴുതുമ്പോൾ; കഴിഞ്ഞുപോയ സുന്ദരകാലഘട്ടങ്ങളിലെ, കൊഴിഞ്ഞുപോയ ചില ഇതളുകളോരോന്നും ഈ ഹൃദയം വീർപ്പുമുട്ടുകയാണനുജത്തീ! എങ്കിലും അവയെല്ലാം ഓർക്കുന്നതിൽ എന്തോ ഒരു സുഖം; ഒരു ആനന്ദം.

സ്മരണകൾ! അവമാത്രമാണിന്നെനിക്ക് ആനന്ദസന്ദായകങ്ങളായിത്തോന്നുന്നത്. കയ്പേറിയ ഈ ജീവിതത്തിൽ അവ മാത്രമാണിന്നെനിക്കവലംബം. നീറുന്ന ഹൃദയത്തെ പിച്ചിച്ചീന്തുമ്പോഴുള്ള എന്റെ രക്ഷാസങ്കേതങ്ങൾ.

വിഷമിപ്പിക്കുന്ന സംഗതികളെക്കുറിച്ചല്ലേ നാം കൂടുതലായി ഓർക്കുക? ശാകുന്തളത്തിലേയ്ക്ക് കടന്നുനോക്കൂ. ആ കണ്വമുനിയുടെ കണ്ഠനാളത്തിൽനിന്നു വരുന്നതെന്തും ആശ്രമസംബന്ധിയല്ലേ? അങ്ങനെ ഞാനും, എന്റെ ജീവിതപരാജയത്തെക്കുറിച്ച് സംസാരിച്ചുപോകുകയാണ്.

ഞാനാദ്യമായി, നിന്നെയും സരോജത്തെയും പരിചയപ്പെടുന്നത്, എന്റെ സഹോദരിയുടെ സഹപാഠികൾ എന്ന നിലയ്ക്കാണ്. പക്ഷെ, പരിചയം ഒരേ രീതിയിലുള്ളതാണെങ്കിൽക്കൂടിയും, എത്ര വ്യത്യസ്തവികാരങ്ങളോടെയാണ് ഞാൻ നിങ്ങളെ വീക്ഷിച്ചിരുന്നതെന്നോർക്കുമ്പോൾ മനുഷ്യമനസ്സിന്റെ വിചിത്രതയെക്കുറിച്ച് ഞാനത്ഭുതപ്പെടുകയാണ്. നിന്നെ ഞാനെന്നും ഒരനുജത്തിയെപ്പോലെയേ സ്നേഹിച്ചിട്ടുള്ളൂ. മനുഷ്യന്റെ കൂടെപ്പിറപ്പായ കൗടില്യവും, ക്രൗര്യവും, വഞ്ചനയും നിഴലിക്കാത്ത ആ മുഖം കാണുമ്പോൾ ഒരു കൊച്ചുകുട്ടിയെപ്പോലെ നിന്നെ താലോലിക്കാൻ എനിക്കു തോന്നിയിട്ടുണ്ട്. ലോകത്തോടു മുഴുവൻ തീർത്താൽ തീരാത്ത പകയും, മനുഷ്യവർഗ്ഗത്തോടു മുഴുവൻ ശത്രുതയും മനസ്സിൽ നിറഞ്ഞിരിക്കുമ്പോൾ, നിന്നെ ഒന്നു കണ്ടാൽ ഞാൻ സകലതും മറന്നുപോകാറുണ്ട്.

ഈ വേദനിക്കുന്ന നിമിഷത്തിലും നിന്നെക്കുറിച്ചുള്ള ചിന്തകൾ എന്നെ പൊട്ടിച്ചിരിപ്പിക്കുന്നു, ശാന്തേ! ജീവിതം നിനക്കൊരു കളിക്കോപ്പെട്ടിയാണ്. ജീവിതത്തിലെ തിക്താനുഭവങ്ങളെക്കുറിച്ച് നിനക്കൊരു ചുക്കുമറിയില്ല. എന്റെ പ്രിയപ്പെട്ട അനുജത്തി, നീയതൊന്നും അറിയാതിരിക്കട്ടെ!

നിന്നെ സംബന്ധിച്ചതായ ഒരു സംഭവം ഞാനിപ്പോഴും വ്യക്തമായോർക്കുന്നു. അന്നു നടന്ന ഒരു സമരത്തിൽ നീ കൊടിപിടിച്ചു നടന്ന ഒരു രംഗം. പലരും നിന്നെ അതിൽ തെറ്റിദ്ധരിച്ചുകാണും. പക്ഷേ ശാന്തേ, നിന്നെ നന്നായറിയാവുന്ന എനിക്കറിയാം, ആരോടുമുള്ള ശത്രുതകൊണ്ടല്ല, സാഹചര്യങ്ങളുടെ പ്രലോഭനം കൊണ്ടാണ് നീ അങ്ങനെ ചെയ്തതെന്ന്. നീ, ദൈവത്തിന്റെ ഒരു വിചിത്രസൃഷ്ടിയാണനുജത്തി. നീ സ്നേഹിക്കുവാൻ പിറന്നവളാണ്. ആർക്കും ഒരു സഹായം ചെയ്തുകൊടുക്കുന്നതിൽ നിനക്കൊരു വിമുഖതയും ഇല്ലായിരുന്നു. കൂട്ടുകാരികളുടെ ആരുടെയെങ്കിലും കുട, എവിടെവച്ചെങ്കിലും മറന്നുപോയാൽ, നീയല്ലേ, അത് എവിടെനിന്നെങ്കിലും അന്വേഷിച്ചുകൊണ്ടുവന്നു കൊടുക്കുന്നത്? അതിൽ എത്രബുദ്ധിമുട്ടും സഹിക്കുന്നത് നിനക്ക് സന്തോഷപ്രദമായിരുന്നു.

ഒരു ജീവിയെപ്പോലും നോവിക്കാനാഗ്രഹിക്കാത്ത നീയാണല്ലോ, എന്റെ ശാശ്വത

ദുഃഖത്തിന് കാരണമെന്നാലോചിക്കുമ്പോൾ എനിക്കു വേദനയുണ്ട്. നീയതിൽ അറിഞ്ഞുകൊണ്ടുള്ള ഒരു പങ്കും വഹിക്കുന്നില്ലെങ്കിലും, നീ നിന്റെ ഒരു കൂട്ടുകാരിയുടെയും കൂടി ഹൃദയം തകർക്കുകയാണുണ്ടായത്.

വല്ലാത്തക്ഷീണം; എനിക്കു ടൈഫോയിഡ് ആയിരുന്നു രാജത്തീ! പനി വിട്ടു മാറിയിട്ട് അധികം ദിവസമായില്ല. ടൈഫോയിഡ്! നിനക്കെപ്പോഴെങ്കിലും ടൈഫോയിഡ് വന്നിട്ടുണ്ടോ? മനുഷ്യനെ ഇഞ്ചിഞ്ചായി ഹനിക്കാൻ പോന്ന ഒരു രോഗമാണത്. ജീവന്റെ ഓരോ അണുവും നമ്മുടെ ശരീരത്തിൽനിന്ന്, വേർപെടുന്ന ശബ്ദം നമുക്കു വ്യക്തമായും കേൾക്കാം. വിധിയുടെ എന്തൊരു നിഷ്ഠൂരത!

ഞാനും സരോജവുമായിട്ടുള്ള ബന്ധത്തെപ്പറ്റി നിന്നോടധികം പറയേണ്ടതായിട്ടില്ല. പലപ്പോഴും ഞങ്ങൾ തമ്മിലുള്ള ബന്ധത്തിന് ഉലയാത്ത കണ്ണിയായി പ്രവർത്തിച്ചിട്ടുള്ളത് ഞാനോർക്കുന്നു. ഞങ്ങൾ തമ്മിലുള്ള ബന്ധം ഇത്രവേഗം വിട്ടുപോകുമെന്ന് നീ കരുതിയിരിക്കയില്ല. പക്ഷേ, അതു സംഭവിച്ചു, രാജത്തീ! ഒരു ദിവസം ഞാനവളോടു ചോദിച്ചു, അവൾക്കെന്നെ വിവാഹം ചെയ്യാൻ സമ്മതമാണോ എന്ന്. പക്ഷേ, അവൾ മുഖം തിരിച്ചു മറുപടി പറഞ്ഞതെന്താണെന്നോ, അവൾ എന്നെ കണക്കാക്കിയിരുന്നത് 'അങ്ങനെ'യായിട്ടൊന്നുമല്ലായിരുന്നുവെന്ന്.

സ്ത്രീകൾ വീണക്കമ്പിപോലെയാണ്. മീട്ടാനറിയാവുന്നവർ വായിച്ചാൽ നല്ല ശബ്ദം പുറപ്പെടും. അല്ലെങ്കിലോ? 'ഠും' എന്നങ്ങു പൊട്ടും' എന്നെവിടെയോ വായിച്ചിട്ടുണ്ട്. ആ സംഭവമെന്നെ വല്ലാതെ വേദനപ്പെടുത്തി. അവളെന്നെ 'അങ്ങനെ'യായിട്ടൊന്നുമല്ല കണക്കാക്കിയിരുന്നതെന്ന്. എന്താണു രാജത്തീ, സ്ത്രീകളിൽ ഇങ്ങനെയുള്ള ദ്വിവിധസ്വഭാവം കാണുന്നത്. ഒറ്റക്കണ്ണുകൊണ്ട് മുറിപ്പെടുത്തുകയും അതിലുപ്പുപുരട്ടുകയും ചെയ്യുക! മറ്റുള്ളവരുടെ കണ്ണുകളിൽ മണ്ണിട്ടുകൊണ്ട്, ഞങ്ങളെത്ര പ്രാവശ്യം നോട്ടങ്ങൾ കൈമാറിയിട്ടുണ്ട്! സംസാരിക്കാൻ അസൗകര്യമുണ്ടായിരുന്നപ്പോഴെല്ലാം, വാചാലങ്ങളായിരുന്നു ഞങ്ങളുടെ കണ്ണുകൾ. പുരുഷൻ എത്രകണ്ടു സ്നേഹാർപ്പണം ചെയ്യുന്നുവോ, അത്രകണ്ടു സ്ത്രീ വഞ്ചനാതൽപരയായിരിക്കും എന്നൊരു ചൊല്ല് ഞാനപ്പോൾ ഓർത്തു.

എന്തായാലും എനിക്കതൊരു ആഘാതമായിരുന്നു. എനിക്കാകപ്പാടെ മുഷിച്ചിലും ആരോടെന്നില്ല. എന്തിനോടെന്നില്ല. അന്തരീക്ഷം എന്നെ വീർപ്പുമുട്ടിച്ചു. നിങ്ങളെന്നെ, 'സ്നേഹശൂന്യനെ'ന്നോ, 'സ്ഥിരതയില്ലാത്ത'വനെന്നോ, എന്തു വേണമെങ്കിലും വിളിച്ചുകൊള്ളൂ, എനിക്കിതിനിടയ്ക്കു സാഹചര്യങ്ങളുടെ ആവശ്യത്താൽ ഒരു വിവാഹം ചെയ്യേണ്ടിവന്നു. പ്രധാനമായി അമ്മയുടെ നിർബ്ബന്ധമായിരുന്നു. വിവാഹമെന്ന കുരുക്ക് വിഷമിപ്പിക്കുകയാണുണ്ടായത്. എങ്ങനെയെങ്കിലും നാടുവിട്ടാൽ മതിയെന്നായി. അപ്പോഴാണ്, ഭാഗ്യവശാലോ നിർഭാഗ്യവശാലോ, എനിക്കിവിടെ ഒരു ജോലി കിട്ടിയത്. അങ്ങിനെ ഞാൻ നാടു വിട്ടു.

വർഷങ്ങൾ മൂന്ന് നാമാഗ്രഹിക്കാതെ തന്നെ കടന്നുപോയി. ഘടികാരത്തിന്റെ സൂചി വേണമെങ്കിൽ തലങ്ങും വിലങ്ങും കറക്കാം. പക്ഷെ, കാലത്തിന്റേയോ? ഇതിനിടയ്ക്കു ഒരു പ്രാവശ്യമേ നാട്ടിൽപ്പോകുവാൻ സാധിച്ചുള്ളൂ. ഇയ്യിടെ അവധിക്കു വീട്ടിൽപ്പോയി ഭാര്യയെ കൊണ്ടുവന്ന് ഇവിടെ താമസമുറപ്പിക്കണമെന്നു വിചാരിച്ചിരിക്കയായിരുന്നു. അപ്പോഴാണ് ഈ രോഗം പിടിപെട്ടത്.

പനിയുടെ ആധിക്യംമൂലം ആദ്യമെനിക്കു ബോധമുണ്ടായിരുന്നില്ല. പലപ്പോഴും അപായത്തിന്റെ വക്കത്തായിരുന്നു ഞാനെന്നും, ശ്രദ്ധാപൂർവ്വമായ പരിചരണമില്ലായിരുന്നെങ്കിൽ അപകടംതന്നെ സംഭവിക്കുമായിരുന്നെന്നും, ഞാൻ പിന്നീടറിഞ്ഞു. ആരാ നാട്ടിൽനിന്നും ഇത്ര ദൂരത്ത് ബന്ധുസാമീപ്യം ഇല്ലാതെ കിടക്കുന്ന എന്നെ ശുശ്രൂഷിച്ചത്?

അന്നാദ്യം, ബോധംവീണ ദിവസമാണെന്നു തോന്നുന്നു, ഞാനൊന്നു മയങ്ങിക്കിടക്കയായിരുന്നു. മുഖത്തു വെള്ളം ഇറ്റിറ്റു വീഴുന്നപോലെ. ഞാൻ ഞെട്ടി കണ്ണു തുറ

ന്നുനോക്കി. നിറഞ്ഞ രണ്ടു കണ്ണുകൾ. എനിക്കൊന്നും മനസ്സിലായില്ല. ഞാൻ സൂക്ഷിച്ചുനോക്കി. സമയം സന്ധ്യയാകാറായിരുന്നു. ലൈററിട്ടിരുന്നില്ല. ആ, അരണ്ട വെളിച്ചത്തിലും ഞാനാ കണ്ണുകളെ തിരിച്ചറിഞ്ഞു. അല്ലെങ്കിൽ, ആർക്കാണ് ഇത്ര മനോഹരമായ കണ്ണുകളുള്ളത്!

"സരോ..." എനിക്കത്രയേ പറയാൻ കഴിഞ്ഞുള്ളു.

എനിക്കതു വിശ്വസിക്കാൻ പ്രയാസമായിത്തോന്നി. അവളെ കാണാതിരിക്കാൻ വേണ്ടി, മറക്കാനായി നാടു വിട്ട എനിക്കു വന്ന വിധിവൈപരീത്യം! അവളെങ്ങിനെ ഇവിടെയെത്തി? ഞാനിവിടെ ഉണ്ടെന്ന് അവളറിഞ്ഞോ? ഇല്ലെങ്കിൽ അവളെന്തിന് ഇത്രയും ദൂരെ ഒരു നേഴ്സിന്റെ ജോലി സ്വീകരിച്ചു?

അവളൊന്നും മിണ്ടിയില്ല. അന്തിമാക്കന്റെ കിരണങ്ങളേററ്, അവളുടെ നിറഞ്ഞ കണ്ണുകൾ ചേമ്പിലയിലെ വെള്ളത്തുള്ളികൾപോലെ വെട്ടിത്തിളങ്ങിയിരുന്നു.

അവളെന്റെ കട്ടിലിൽ ഇരുന്നു. എന്നിട്ടെന്റെ കൈകൾ തലോടിക്കൊണ്ടു പറഞ്ഞു:

"അങ്ങ് എന്നോടു ക്ഷമിക്കണം."

ഞാനനങ്ങിയില്ല. മിണ്ടുവാൻ ആഗ്രഹമുണ്ടായിരുന്നു. നൂറായിരം ചോദ്യങ്ങൾ ഒന്നിച്ചു ചോദിക്കാനുള്ള ആവേശമുണ്ടായിരുന്നു. പക്ഷേ എന്തോ ഒരു തളർച്ച വാക്കുകളൊന്നും പുറത്തുവന്നില്ല. ഞാൻ ചുമ്മാ അവളുടെ കണ്ണുകളിൽ നോക്കിയിരുന്നതേയുള്ളു.

'പറയൂ, പറയൂ അങ്ങു മാപ്പുതന്നുവെന്ന്.'

അവൾ പൊട്ടിക്കരയുകയായിരുന്നു. എനിക്കാദ്യം ദേഷ്യമാണു തോന്നിയത്. നാട്ടിൽനിന്നോടിച്ചിട്ട്, സ്വൈരം തരാതിരിക്കാൻ ഇവിടെയും വന്നിരിക്കയാണ്. എന്നിട്ട് കണ്ണുനീർ പൊഴിക്കുന്നു. അല്ലെങ്കിലും സ്ത്രീകളുടെ കലാവിദ്യകളാണല്ലോ, കരച്ചിലും കണ്ണീരൊഴുക്കലും. പക്ഷേ, എന്റെ ദേഷ്യം നൈമിഷികമായിരുന്നു. ചുട്ടുപിടിച്ച ഒരു ഇരുമ്പുകഷണത്തിൽ നിന്ന് അല്പാല്പമായി ചൂടു പോകുന്നതുപോലെ, എന്റെ ദേഷ്യവും കുറഞ്ഞുവന്നു. ഞാൻ പറഞ്ഞു:

"സരോ, ഞാൻ എന്നേ നിനക്കു മാപ്പുതന്നു."

ഞാൻ ക്ഷീണംകൊണ്ടു കണ്ണടച്ചു തിരിഞ്ഞു കിടന്നു. കുറേനേരത്തെ നിശ്ശബ്ദത. തെല്ലു കഴിഞ്ഞപ്പോൾ കട്ടിലിന്റെ കിറുകിറുപ്പ്. അവളെണീററു പോയിരിക്കുന്നു.

ആകപ്പാടെ, ഇതെല്ലാം ഒരു പുലർകാല സ്വപ്നംപോലെയാണെനിക്കു തോന്നിയത്. ജീവിതത്തിൽ ഒരിക്കലും അവളെ കണ്ടുമുട്ടുകയില്ലെന്ന തീർച്ചയോടെയാണ് ഞാൻ വീടു വിട്ടത്. കാലത്തിന്റെ പെരുമാററത്തിൽ, ഒട്ടൊക്കെ ശാന്തമായി ഒഴുകിക്കൊണ്ടിരുന്ന ജീവിതം വീണ്ടും അലകളും ചുഴികളും നിറഞ്ഞതായി. അന്നാദ്യമായി ജീവിതമെന്താണെന്നു ഞാൻ ചിന്തിച്ചു. "സാക്ഷാത്കരിക്കപ്പെടാത്ത അഭിലാഷങ്ങളുടെ, ഒരു നീണ്ട പട്ടികയാണ് ജീവിതം" എന്നാണ് എന്റെ ആത്മലേഖയിൽ എഴുതിയിട്ടുള്ളത്. ശൂന്യതയുടെ പ്രശാന്തതയിലെ ഒരനാവശ്യമായ അസ്വാസ്ഥ്യമാണ് ജീവിതം എന്ന ഷോപ്പനോവറിന്റെ വാചകം എനിക്കു മറക്കാൻ കഴിഞ്ഞില്ല.

ഞാനവളെമനഃപൂർവ്വം മറക്കാൻ ശ്രമിച്ചു. അമ്മയെപ്പററി, അച്ഛനെപ്പററി ചിന്തിച്ചപ്പോഴെല്ലാം സരോ, ഒരു മഞ്ഞുമലപോലെ വന്നു മൂടുകയാണ്.

"ഉറങ്ങുകയാണോ?"

അതവളായിരുന്നു. ഞാൻ കണ്ണു തുറന്നു. എനിക്കായി നാരങ്ങാനീര് കൊണ്ടുവന്നിട്ടുണ്ടായിരുന്നു അവൾ. ദാഹം നന്നേ ഉണ്ടായിരുന്നതിനാൽ ഞാൻ പതുക്കെ വായ് തുറന്നു. അവൾ അല്പാല്പമായി അതെന്റെ വായിലേക്കൊഴിച്ചുതന്നു. ഞാനവളെ ഇരിക്കുവാനായി ആംഗ്യം കാട്ടി. അവൾ എന്റെ അടുത്തായി ഇരുന്നു. ഞാൻ ചോദിച്ചു.

"സരോ, നീയെന്നെ ഇത്ര ദ്രോഹിക്കുവാൻ ഞാൻ നിന്നോട് എന്തു ചെയ്തു?"

അതവളുടെ ഹൃദയത്തിൽ കൊണ്ടെന്നു തോന്നി. അവളുത്തരം പറഞ്ഞില്ല. ചുമ്മാ വിദൂരതയിലേക്കു നോക്കിയിരുന്നു. കണ്ണുകളിൽനിന്ന്, കണ്ണുനീർ അനുസ്യൂതമായി പ്രവഹിക്കുന്നുണ്ടായിരുന്നു. അവളുടെ മുഖം മങ്ങിയിരുന്നു. മാതളനാരങ്ങായുടെ അല്ലിപോലെ ചുണ്ടുകൾ തുടുത്തിരുന്നു.

നിറഞ്ഞ നിലാവുള്ള ഒരു സുന്ദര രാത്രിയായിരുന്നു അത്. പ്രകൃതിയുടെ മനോഹാരിതയ്ക്ക്, നിശ്ശബ്ദതമാറ്റുകൂട്ടുന്ന ഇതുപോലെയുള്ള എത്രയെത്ര നിലാരാത്രികളിൽ ഞാനവളെക്കുറിച്ചുള്ള ചിന്തകളുമായി നിദ്രാവിഹീനനായിക്കഴിച്ചുകൂട്ടിയിട്ടുണ്ട്. പുതിയ പുതിയ അനുഭൂതികളും സങ്കല്പങ്ങളും ഹൃദയത്തിൽ ഊറിയൂറിവരുമായിരുന്നു. ഇന്നോ ?

“എല്ലാം ഒരു തെറ്റിദ്ധാരണമൂലമായിരുന്നു”

അവൾ ആരോടെന്നില്ലാതെ പറഞ്ഞു. എനിക്കതിൽ അത്ഭുതം തോന്നിയില്ല. എന്തെന്നാൽ ഈ പ്രപഞ്ചംതന്നെ ഒരു തെറ്റിദ്ധാരണയാണ്. എങ്കിലും ഞാൻ ചോദിച്ചു :

“എന്ത് ?”

“ഞാനങ്ങയെ സ്നേഹിക്കുന്നില്ല എന്നു പറഞ്ഞതൊക്കെ. എന്റെ വിശ്വാസം തെറ്റായിരുന്നു. ഞാനങ്ങയെ മാത്രം സ്നേഹിക്കുന്നു”

“മതി മതി. സ്നേഹിച്ചതിന്റെ ഫലമെല്ലാം കണ്ടുകഴിഞ്ഞു.”

അതൊരിക്കലും ഒരു മുള്ളുവാക്കായിത്തീരണമെന്ന് എനിക്കുദ്ദേശമുണ്ടായിരുന്നില്ല. പറഞ്ഞുകഴിഞ്ഞപ്പോഴാണാലോചിച്ചത്, അതവളെ വേദനിപ്പിക്കുകയില്ലേ എന്ന്.

അവളാ കഥ വിസ്തരിച്ചു പറഞ്ഞു. നിന്റെ എന്നോടുള്ള സ്നേഹത്തെ അവൾ തെറ്റിദ്ധരിച്ചതും, അവളുടെ ഏറ്റവും വലിയ കൂട്ടുകാരിയായ നിന്റെ സുഖമോർത്ത് അവളെന്റെ അപേക്ഷ നിരസിച്ചതുമൊക്കെ. നീ ഒരു ദിവസം, തമാശയായിട്ടായിരിക്കാം, അവളോടു പറഞ്ഞിരുന്നോ, നീ എന്നെ സ്നേഹിക്കുന്നെന്ന്. അതവൾ തെറ്റായി ധരിച്ചു. ഇത്രവലിയ ഒരു ആത്മത്യാഗത്തിന് അവൾ തയ്യാറായെങ്കിലും അതു സഹിക്കുവാൻ അവൾക്കു കെൽപ്പുണ്ടായിരുന്നില്ല. അവൾക്കാകെ ജീവിതം വെറുത്തു. വിവാഹാപേക്ഷകൾ മുറയ്ക്കു വന്നുകൊണ്ടിരുന്നു. എല്ലാമവൾ തള്ളുകയാണുണ്ടായത്. അച്ഛനും അമ്മയും മുഷിഞ്ഞു. ആയിടയ്ക്കാണ് അവളുടെ ഒരു കൂട്ടുകാരി ഒരു നേഴ്സായത്. അതവളെ ആകർഷിച്ചു. ഒരു നേഴ്സിന്റെ പരിപാവന ജീവിതം അവൾക്കഭികാമ്യമായിത്തോന്നി. ഇവിടെയുള്ള അവളുടെ ഒരു ചേട്ടൻ ഭാര്യയെ നാട്ടിൽനിന്നു കൊണ്ടുവന്ന കൂട്ടത്തിൽ അവളും വന്ന്, ഇവിടെ ഒരു നേഴ്സിന്റെ ജോലി സ്വീകരിച്ചതെല്ലാം അവളെന്നോടു പറഞ്ഞു.

പ്രതീക്ഷകളുടെ തുടർച്ചയായുള്ള തകരലിൽ പലരുടെയും ജീവിതം ഒരു ത്യാഗമായിത്തീരാറുണ്ടെന്ന് ഞാൻ മനസ്സിലാക്കി. ഞാൻ പറഞ്ഞു: “അതൊരിക്കലും ശരിയായില്ല. നിനക്കു തെറ്റിദ്ധരിക്കത്തക്കവിധം ഞാനും ശാന്തയും തമ്മിലുള്ള അടുപ്പം ഒട്ടുവഴി തെറ്റിയതായിരുന്നില്ല, സരോ! ഞാനെന്നും ഒരനുജത്തിയെപ്പോലെ മാത്രമേ അവളെ കണക്കാക്കിയിരുന്നുള്ളൂ.”

ഒടുക്കത്തെ ഭാഗം കേട്ടപ്പോൾ അവളൊന്നു പുഞ്ചിരിച്ചു. ഹാ! എത്ര മനോഹരമായിരുന്നെന്നോ അത്. ആ പുഞ്ചിരിപോലെതന്നെ കുറെ വർഷങ്ങൾക്കു മുമ്പ് അവൾ ചിരിച്ച ഒരു സംഭവം ഞാനോർത്തു. ആയിടെ ഒരു മാഗസിനിൽ എന്റെ ഒരു കഥയിട്ടിരുന്നു. ഒരു യുവതിയെ അവളുടെ അനുവാദമില്ലാതെ അഗാധമായി സ്നേഹിച്ച് പരാജയമടഞ്ഞ ഒരു മനുഷ്യജീവിയുടെ കഥയായിരുന്നു അത്. ആ കഥ വായിച്ചിട്ട് അവളൊരു കടലാസിലെഴുതി :

‘ജീവിതത്തിന്റെ വഴിത്തിരിവിൽവച്ചു കണ്ടുമുട്ടുന്ന ഏതൊരു വ്യക്തിയേയും സ്നേഹിക്കുവാൻ ആ മനുഷ്യന്റെകൂടി ചില അനുവാദങ്ങൾ വേണമെന്നുപദേശിച്ചതിനോട് എനിക്കു സീമാതീതമായ കടപ്പാടുണ്ട്.’

എന്റെ സഹോദരിയുടെ ബുക്കിൽനിന്നാണെനിക്കതു കിട്ടിയത്. എനിക്കതിലെ

ആശയം മനസ്സിലായി. പിറ്റേദിവസം കണ്ടപ്പോൾ അവളെന്നെ നോക്കിച്ചിരിച്ചു. ആ ചിരിയും, ഈ ചിരിയുമായി എത്ര സാമ്യം !

നീലത്താമര വിടർന്നാലെന്നപോലെ പ്രകാശമുള്ള അവളുടെ നിശ്ചലങ്ങളായ മിഴികൾകൊണ്ട് അവളെന്നെ നോക്കിക്കൊണ്ടിരുന്നു. സന്ധ്യയുടെ തുടുപ്പുപോലെ മനോഹരിയായിരുന്നു, അവൾ. പക്ഷെ അവളെനിക്കിപ്പോൾ സ്വർഗ്ഗത്തെപ്പോലെ വിദൂരസ്ഥയാണ്.

ഞാനെന്റെ ശേഷിയിലധികം സംസാരിച്ചിരുന്നു. അതെന്നെ അവശനാക്കി. എന്റെ മാറ് ഉലപോലെ വീർത്തും ചുരുങ്ങിയുമിരുന്നു. വെള്ളത്തിൽനിന്നെണീറ്റപോലെ ദേഹമാകെ വിയർത്തൊലിക്കുന്നുണ്ടായിരുന്നു. അതുകണ്ടവൾ പറഞ്ഞു :

"കിടന്നുറങ്ങൂ. ഞാൻ പോകട്ടെ"

എനിക്കുറങ്ങാൻ കഴിഞ്ഞില്ല. നൂറായിരം ചിന്തകൾ ഒരു തീവണ്ടിയെഞ്ചിൻപോലെ എന്റെ തലയ്ക്കകത്ത് ഇരമ്പിക്കൊണ്ടിരുന്നു. അവളെന്തൊക്കെയോ, ആശകൾ, അഭിലാഷങ്ങൾ, പ്രതീക്ഷകൾ പുലർത്തിക്കൊണ്ടാണ് പോയിരിക്കുന്നതെന്ന് ഞാൻ ഊഹിച്ചു. കാര്യം തുറന്നു പറഞ്ഞു ഞാനതപ്പോൾ തന്നെ തടയേണ്ടതായിരുന്നു. പക്ഷേ എനിക്കതു തോന്നിയില്ല.

വന്നതും വരുവാൻ പോകുന്നതുമാലോചിച്ച് എന്റെ മനസ്സ് അസ്വസ്ഥമായിക്കൊണ്ടിരുന്നു. കുറച്ചു കഴിഞ്ഞപ്പോൾ എനിക്കു തോന്നി. എന്തിനിങ്ങനെ ഞാൻ വിഷമിക്കുന്നു. ഇതെല്ലാം മിഥ്യയാണ്. ജൈനമതത്തിന്റെ അടിസ്ഥാനതത്വം ഞാനോർത്തു.

'ചിരിയും കണ്ണുനീരും ദൌർബ്ബല്യങ്ങളാണ്. അവയെ മനുഷ്യൻ ജയിക്കണം. ചിരിയും കണ്ണുനീരുമില്ലാത്തവർ മോക്ഷത്തിലേക്കുള്ള മാർഗ്ഗത്തിലാണ്.' 'മരണമാകുന്ന വെള്ളപ്പാച്ചിൽ ജീവിതമാകുന്ന വസ്ത്രത്തെ അപഹരിച്ചാൽകൂടിയും നിരാശരാകരുത്.'

സ്നേഹം, മനുഷ്യഹൃദയത്തിന്റെ ഒരു മധുരിക്കുന്ന ദൌർബ്ബല്യമാണ്. ഞാൻ പുറത്തേക്ക് നോക്കിക്കിടന്നു. അങ്ങകലെ ഏതോ ഒരു കുടിലിൽ ആരെയോ പ്രതീക്ഷിച്ചുകൊണ്ട് ഒരു മുകരവിളക്ക്, ഏകാന്തമായൊരു നക്ഷത്രംപോലെ ചിമ്മിച്ചിമ്മി പ്രകാശിക്കുന്നുണ്ടായിരുന്നു.

പിറ്റേദിവസം നേരം വെളുത്തു. സുന്ദരമായ ഒരു പ്രഭാതം. പക്ഷികളുടെ കളകൂജനങ്ങൾ അതിന്റെ സുന്ദരതയ്ക്ക് മാറ്റുകൂട്ടി. വസന്തം കൊണ്ടുവന്നതായ വർണ്ണപ്പകിട്ടുകൾ പുതച്ച്, വൃക്ഷങ്ങൾ നഗ്നത മറയ്ക്കുവാൻ ആവേശം പൂണ്ടുനിൽക്കുന്നത് എതിരെയുള്ള ജനലിൽക്കൂടി കാണാമായിരുന്നു.

"ഉറക്കമെല്ലാം സുഖമായിരുന്നോ ! ഈ മരുന്നു കഴിക്കൂ." സരോ കൈയിൽ ഒരു മരുന്നുകുപ്പിയുമായി വന്നു. തലേദിവസത്തെപ്പോലെ അവളുടെ മുഖം വിളറി വെളുത്തിരുന്നില്ല. നൂറായിരം കുങ്കുമപ്പൂക്കൾ വിടർന്നാലെന്നവണ്ണമിരുന്നു അവളുടെ മുഖകാന്തി.

രണ്ടു നേഴ്സുകൾകൂടി മുറിയിലേക്ക് കടന്നുവന്നു. ഒരാൾ ഒരു മരുന്നു കുത്തിവയ്ക്കാൻ, മറേറയാൾ വിരിപ്പു മാറാനും. സരോയെ കണ്ടപ്പോൾ അവർ തമ്മിൽ പറയുന്നതു് ഞങ്ങൾ വ്യക്തമായും കേട്ടു.

"സരോജ്ജ് നമ്പർ നാലിൽ നിൽക്കാനേ നേരമുള്ളൂ."

രണ്ടുപേരും ചിരിച്ചു. പക്ഷെ എനിക്കു ചിരി വന്നില്ല, അവൾക്കും. ഞങ്ങൾ അന്യോന്യം നോക്കി.

അന്ന് ഉച്ചയ്ക്കും വൈകുന്നേരവും അവൾ വന്നു. പലതും സംസാരിച്ചു. പിറേറദിവസം അവളെന്റെ മുറിയിലിരിക്കുമ്പോഴാണ്, ഒരു കമ്പി എനിക്കു വന്നതു്. ഞാനവളോട് വായിക്കാൻ പറഞ്ഞു. അടുത്ത മുറിയിലുള്ള ഒരു രോഗി ഏതോ അസഹ്യമായ വേദനയാലെന്നപോലെ ഞരങ്ങുന്നതു് ഞാൻ കേട്ടു. അവൾ വായിച്ചു :

'നിനക്ക് സുഖമില്ലാതെ ആശുപത്രിയിൽ കിടക്കുകയാണെന്നറിഞ്ഞു. നാളെ ഞാനും സുമതിയുംകൂടി അവിടെ എത്തുന്നതാണ്— അച്ഛൻ.'

വന്നു, പ്രതീക്ഷിച്ച ആ സംഭവവും. ശാന്തേ, എന്തൊരു തലവിധിയാണ്, നിന്റെ

ചേട്ടന്റേതു്. അവൾ ചോദിച്ചു, യാതൊരു സംശയവുമില്ലാതെ :

"ആരാണു് ഈ സുമതി."

ഇന്നലെ അവളുടെ കണ്ണുകളിൽ പ്രകാശിച്ചിരുന്ന, ഇന്നു് അവളുടെ കണ്ണുകളിൽ തിളങ്ങുന്ന ആ ആശകൾ, അഭിലാഷങ്ങൾ, പ്രതീക്ഷകൾ ഞാനവസാനമായി അവളുടെ കണ്ണുകളിൽ നോക്കിക്കണ്ടു. എന്നിട്ടു് ലോകത്തിലെ ഏററവും കഠിനഹൃദയനായി ഞാൻ തിരിഞ്ഞു കിടന്നുകൊണ്ടു് പറഞ്ഞു :

"ഞാൻ അഗ്നിസാക്ഷിയായി വരിച്ച ഭാര്യ."

തെക്കുനിന്നും വന്ന ഏതോ ഒരു കാററു്, ചാരിയിരുന്ന വാതിലുകൾ തുറന്നു. അവൾക്കു് പോകാറായി എന്നാണോ അവ അവളോടു് സൂചിപ്പിച്ചതു്? തിരിഞ്ഞു നോക്കിയ ഞാൻ കണ്ടതു്, വെട്ടേററു വീണതുപോലെ അവൾ നിലത്തു കിടക്കുന്നതാണു്!

നിണ ഈ എഴുത്തു് ഞാൻ നിർത്തുകയാണു്. എന്റെ അനുജത്തി, നിനക്കും നിന്റെ കുട്ടികൾക്കും സുഖം തന്നെയല്ലേ?

നിന്നെ സ്നേഹിക്കുന്ന ചേട്ടൻ.



Leo Tolstoy

# ഒരു മനുഷ്യനും കുറെ സ്വപ്നങ്ങളും

എം. സി. ജോയി. U. P. Batch B.

ഷാജഹാൻ വിദൂരതയിലേക്കു നോക്കി ചിന്താമഗ്നനായിരിക്കുകയാണ്. അദ്ദേഹത്തിന്റെ ഹൃദയത്തിൽ വേദന തളംകെട്ടി നിന്നു. ജീവിതം നിരാശാഭരിതമായി കഴിഞ്ഞു.

രോഗശയ്യയിൽ വളഞ്ഞുകൂടിക്കിടക്കുന്ന ആ മെല്ലിച്ച ശരീരത്തിലേക്ക് അദ്ദേഹം വീണ്ടും നോക്കി. ഏതാനും നിമിഷങ്ങൾകൊണ്ടാണ് അവളിത്രയും നേർത്തുപോയത്. ആ വിളർത്ത മുഖത്ത് ഏതോ ഭയങ്കര വേദന അനുഭവിക്കുന്നതിന്റെ ലക്ഷണമുണ്ട്. അവൾക്കു മുമ്പുണ്ടായിരുന്ന സൗന്ദര്യവും ശാന്തതയും രോഗം പാടേ നശിപ്പിച്ചുകളഞ്ഞു. മനോഹരങ്ങളായിരുന്ന ആ കണ്ണുകളുടെ തിളക്കവും വശ്യതയും പൊയ്പ്പോയി. തേനൂറുന്ന പുഞ്ചിരി പൊഴിച്ചിരുന്ന ആ അധരങ്ങൾ മരവിച്ചുകഴിഞ്ഞു. ശ്വസിക്കുന്ന ഒരു ശവം!

ഷാജഹാന് സഹിക്കാൻ കഴിഞ്ഞില്ല. മനസ്സിൽ കടന്നൽ കുത്തുന്നു. ശരീരമാകെ തളരുന്നതുപോലെ തോന്നി. വികാരങ്ങളുടെ തീച്ചൂളയിൽ അദ്ദേഹം വെന്തുരുകുകയാണ്.

"മുംതാജ്!" അദ്ദേഹം വിളിച്ചു.

"എന്തോ...നാഥാ"

"ഇപ്പോൾ നിനക്കെങ്ങനെയിരിക്കുന്നു?"

"ഞാൻ...ഞാൻ..."

"നിനക്ക്?"

"ഞാൻ മരിക്കുകയാണ്...അതിനു മുമ്പ്......"

ഷാജഹാനൊന്നു ഞെട്ടി. അവൾ മരിക്കാൻ പോവുകയാണെന്നോ? അവളില്ലാതെ താനെങ്ങനെ ജീവിക്കും?

"മുംതാജ്!"

"ഉം"

"ഞാനെന്തുവേണം?"

"അങ്ങു സുഖമായി ജീവിക്കുക."

"ഞാൻ നിന്നെ സ്നേഹിക്കുന്നു."

അവർ ദയനീയമായി ആ കണ്ണുകളിലേക്കു നോക്കി. അവരുടെ നയനങ്ങൾ പരസ്പരമിടഞ്ഞു. അവയിൽ നിന്ന് അശ്രുക്കളടർന്ന് നിലം പതിച്ചു.

"നീ ജീവിക്കണം. നീയില്ലാതെ എനിക്കു വയ്യാ."

"പക്ഷേ..."

"പക്ഷേ?"

"ഞാൻ മരിച്ചുപോകും."

വീണ്ടും നിശ്ശബ്ദത

"നാഥാ!"

"പ്രിയേ"

"അങ്ങയുടെ സ്നേഹം എന്നെന്നും നിലനില്ക്കുമോ?"

"തീർച്ചയായും, അതനശ്വരമാണ്."

"ഞാൻ മരിച്ചാലും"

"ഉവ്വ്"

"അതു സത്യമാണോ?"

"അള്ളാവാണ സത്യം"

"ഞാൻ കൃതാർത്ഥയായി"

"ഞാൻ?"

"അങ്ങു സന്തോഷവാനായിരിക്കൂ"

"അതെനിക്കസാദ്ധ്യമാണ്"

"പക്ഷേ, ഞാൻ മരിക്കുകയാണ്"

"ഞാനും നിന്നെ അനുഗമിക്കും"

"അരുത്. ഇതെന്റെയൊരപേക്ഷയാണ്. അങ്ങൊരു ചക്രവർത്തി. ഇൻഡ്യയെ മുഴുവൻ പരിപാലിക്കേണ്ടതു് അങ്ങയുടെ കടമയാണ്."

"അതു മറ്റുവല്ലവരും ചെയ്തുകൊള്ളും"

"അങ്ങു ഞാൻ പറയുന്നതു കേൾക്കൂ. എനിക്കുവേണ്ടിയല്ലെങ്കിലും അങ്ങു സന്തോഷവാനായി ജീവിക്കണം. എന്നെപ്പറ്റി അങ്ങു

ദുഃഖിക്കരുത്. ഞാൻ സ്വർഗ്ഗത്തിലിരുന്ന് അങ്ങയെ വീക്ഷിച്ചുകൊണ്ടിരിക്കും."

ഷാജഹാൻ ദീർഘമായൊന്നു നിശ്വസിച്ചു.

"അങ്ങെന്നെ മറക്കരുത്"

"എന്റെ മുംതാജ്"

"നാഥാ"

ഒരു ചുംബനത്തിൽ രണ്ടാത്മാക്കൾ നിർവൃതികൊണ്ടു. മററുള്ളവർ അതുകണ്ട് കണ്ണീർ വാർത്തു.

"ഞാൻ മരിക്കുന്നതുവരെ മറെറാരു സ്ത്രീയേയും വിവാഹം കഴിക്കുകയില്ല. നിന്നെ ഞാനെന്നും ഓർമ്മിക്കും. നിനക്കായി ഞാൻ പ്രാർത്ഥിക്കും. നീയൊരു മാലാഖയെപ്പോലെ എന്റെ ചുററിനുമുണ്ടെന്നു ഞാൻ വിശ്വസിക്കും."

"അങ്ങു പ്രേമമൂർത്തിയാണ്. അങ്ങയുടെ കീർത്തി അനശ്വരമായി നിലനില്ക്കും. പിൻഗാമികൾ അങ്ങയുടെ നാമം കൊണ്ടാടും. കവികൾ അങ്ങയെപ്പററി മോഹനഗാനങ്ങളാലപിക്കും. മനുഷ്യർ അങ്ങയെ ഒരു ദേവനെപ്പോലെ ആരാധിക്കും."

"എന്റെ ഓമനെ, ഇനിയും നിന്റെ ആഗ്രഹമെന്താണ്?"

"എന്റെ ഓർമ്മയ്ക്കുവേണ്ടി എന്തെങ്കിലും......"

"അതിന്?"

"എന്റെ സ്മരണയ്ക്കായി അങ്ങൊരു മന്ദിരം പണികഴിപ്പിക്കണം. വളരെ വളരെ മനോഹരമായിരിക്കണമതു്. യുഗങ്ങൾ കഴിഞ്ഞാലും അതിന്റെ ആകർഷണീയത നശിക്കരുത്. അതിനോടു കിടപിടിക്കാൻ ലോകത്തിൽ മറെറാരു മന്ദിരം കാണരുത്. അതുകാണുമ്പോൾ എല്ലാവരും എന്നെ സ്മരിക്കും. അതുകൊണ്ടുമാത്രം ഞാൻ തൃപ്തിയടഞ്ഞുകൊള്ളാം."

"ശരിയാണ്, നീ പറഞ്ഞതുപോലെ തീർച്ചയായും ഞാൻ പ്രവർത്തിക്കും. നിന്റെ സ്മാരകമായി ഞാനൊരു കലാസൃഷ്ടി കെട്ടിപ്പടുക്കും. അതിനു വരുന്ന ചെലവുകളും ബുദ്ധിമുട്ടുകളും എനിക്കു നിസ്സാരമാണ്. ഞാൻ ജീവിക്കുന്നതിന്റെ തന്നെ ഉദ്ദേശമതായിരിക്കും."

"നാഥാ, എന്റെ ഹൃദയത്തിൽ വേദന വർദ്ധിച്ചു വരുന്നു. ഏതോ ദുഷ്ടജന്തു കരൾ കരണ്ടു തിന്നുകയാണ്. ശ്വസിക്കാൻ വലിയപ്രയാസം തോന്നുന്നു ദാഹം!... ദാഹം!... വല്ലാത്ത ദാഹം! ...ഭൂമിയിലുള്ള ...ജലം... മുഴുവനും കുടിച്ചു......തീർന്നാലും... എന്റെ ദാഹം...തീരുകയില്ല...ഞാൻ......ഞാൻ... ഹാവൂ!...എന്റെ...എല്ലാ അംഗങ്ങളും...... പൊട്ടിത്തെറിച്ചു ...പോകുന്നു......ഞാൻ... ഞാൻ......എന്റെ...... ആത്മനാഥാ! ...... ഞാൻ.........മരിക്കു......കയാണ് ......അവി... ടു... ത്തേക്ക് ......ന...ന്ദ...വ......"

തീർന്നു. അവളുടെ ജീവൻ ദേഹത്തിൽനിന്നു പറന്നുപോയി.

ഷാജഹാന്റെ മനസ്സിലൊരു തീയാളി. ശിരസ്സിൽ വണ്ടുകൾ മൂളിപ്പറക്കുകയാണ്. വിവശനായി അദ്ദേഹം കട്ടിലിലേക്കു വീണു.

അദ്ദേഹം കരഞ്ഞില്ല. തൊണ്ടയിലെന്തോ വന്നു തടഞ്ഞിരിക്കുകയാണ്.

എല്ലാവരും കരഞ്ഞു. ഉച്ചത്തിലുച്ചത്തിൽ. വിവരമറിഞ്ഞ് ഓടിയെത്തിയവരാൽ അവിടെയൊരു ജനസമൂഹം രൂപംകൊണ്ടു. എല്ലാവരും ആത്മാർത്ഥമായി ദുഃഖിച്ചു. അവൾ എത്ര നല്ലവളായിരുന്നു. പക്ഷേ പൊയ്പ്പോയി. യൌവ്വനം മുഴുവൻ ആസ്വദിച്ചു കഴിഞ്ഞിട്ടില്ലാത്ത ഒരു സുന്ദരി. താരം പൊലിഞ്ഞു. ഏററവും ദീപ്തിമത്തായ ഒരു താരം!

ശവസംസ്കാര സമയത്തും ഷാജഹാൻ ആ കിടപ്പു കിടന്നതേയുള്ളൂ. ആരൊക്കെയോ വന്ന് എന്തൊക്കെയോ ചോദിച്ചു. അവയ്ക്കെല്ലാം ചില മറുപടികളും പറഞ്ഞു. പരപ്രേരണയാൽ പ്രവർത്തിച്ചിരുന്ന ഒരു പാവപോലെ.

ആശനശിച്ച ഒരു ജീവച്ഛവം. ജീവിതം ശൂന്യമാണ്. എങ്ങും അന്ധകാരം വ്യാപിച്ചിരിക്കുന്നു.

ഷാജഹാന്റെ ശിരസ്സിൽ ചിന്തകൾ ചുറ്റിപ്പിടിക്കുകയാണ്. ആയിരമായിരം ചിത്രങ്ങൾ അദ്ദേഹത്തിന്റെ മനസ്സിൽത്തെളിഞ്ഞുവന്നു.

അദ്ദേഹം ഒന്നുറച്ചു—താൻ ചെയ്ത ശപഥം നിറവേററണം. താൻ സന്തോഷവാനായി ജീവിച്ചുകൊള്ളാമെന്ന് അവളോട് സമ്മതിച്ചിട്ടുണ്ട്. പക്ഷെ അതെത്രമാത്രം ഫലപ്രദമാകുമെന്നറിഞ്ഞുകൂടാ. ജീവിതത്തിനൊററ ഉദ്ദേശമേയുള്ളു. ആ ശപഥം. അവിടെ പുഞ്ചിരിയില്ല; സന്തോഷമില്ല. കേവലമൊരു കടമ മാത്രം.

അവൾ തന്നെ ആത്മാർത്ഥമായി സ്നേഹിച്ചു; താനവളെയും. വേർപെടുത്താൻ കഴിയാത്തവണ്ണം കെട്ടിപ്പിണഞ്ഞു കിടന്ന രണ്ടാത്മാക്കൾ.

പക്ഷെ ഇന്നൊന്നു നശിച്ചു. അള്ളാവിനസൂയ തോന്നിയിരിക്കണം.

ഹാവൂ! ഹൃദയത്തിൽ പുഴക്കുത്തു വീണിരിക്കുന്നു അതു വലുതാവുകയാണ്. വീണ്ടും, വീണ്ടും. അനേകായിരം പുഴുക്കൾ കാർന്നു തിന്നുകയാണ്.

തിന്നുകൊള്ളട്ടെ. വേദന നശിച്ച മനുഷ്യനാണിന്നു താൻ. ചോരയില്ലാത്ത മനുഷ്യൻ. ശരീരം മുറിച്ചാലും രക്തം വരില്ല. ഒരു വെള്ളദ്രാവകം മാത്രം—ഹൃദയത്തിൽ നിറഞ്ഞിരിക്കുന്ന ചാറം; വെള്ളനിറമാർന്ന ചാറം.

അവളിപ്പോളെവിടെയാണ്? അങ്ങു സ്വർഗ്ഗത്തിൽ. ദുഃഖമെന്തെന്നറിയാത്ത ലോകം!

അവൾ തന്നെപ്പററിയോർക്കുമോ? ഓർക്കുമെന്നല്ലേ പറഞ്ഞതു്. "......എന്നെപ്പററി അങ്ങു ദുഃഖിക്കരുതു്. ഞാൻ സ്വർഗ്ഗത്തിലിരുന്ന് അങ്ങയെ വീക്ഷിച്ചുകൊണ്ടിരിക്കാം..." അവളുടെ വാചകങ്ങൾ.

"മുംതാജ്, ഇതാ ഞാനും വരുന്നു, നിന്റെയടുത്തേക്ക് ദുഃഖമില്ലാത്ത ആ ലോകത്തിൽ, കൈകോർത്തു കൈപിടിച്ചുകൊണ്ട് നമുക്ക് വിഹരിക്കാം. അള്ളാവും മലക്കുകളും നമ്മെക്കണ്ടസൂയപ്പെടട്ടെ. ആ അസൂയാഗ്നിയിൽ അവർ നീറിനീറി മരിക്കട്ടെ."

"വേണ്ട, ഞാനെന്റെ കടമ നിറവേററട്ടെ—നിന്നോടു ചെയ്ത ശപഥം. നിന്റെ സ്മാരകത്തെപ്പററിയുള്ള പ്രതിജ്ഞ. അതിനു ശേഷം ഞാനും നിന്റെയടുത്തേക്ക്........"

അതുവരെ ക്ഷമിക്കൂ.

ഞാൻ തയ്യാറാവുകയാണതിനു്. അതിനു വേണ്ടി എന്റെ ജീവൻ ബലികഴിക്കാൻ കൂടി തയ്യാർ. അതു വേഗം രൂപം പ്രാപിക്കാൻ ഞാൻ വെമ്പൽകൊള്ളുകയാണ്. ഹാ, അതെത്ര മനോഹരമായിരിക്കും!

അതിനുള്ളിൽ നിന്റെ ശവകുടീരം രത്നവിഭൂഷിതമായി വെട്ടിത്തിളങ്ങും. അതിന്റെ പ്രകാശധോരണിയിൽ സന്ദർശകരുടെ നേത്രങ്ങൾ നിമീലിതങ്ങളാകും. അപ്പോൾ, അവർ നിന്നെ സ്മരിക്കും; നിനക്കായി പ്രാർത്ഥിക്കും നീ അതുകേട്ട് പുളകമണിയും.

അങ്ങനെ കുറെനാൾ കഴിയുമ്പോൾ മറെറാരു ശവകുടീരവും അതിനടുത്തായി പൊന്തിവരും—എന്റേതു്. സന്ദർശകർ അടുത്തടുത്തു സ്ഥിതി ചെയ്യുന്ന ആ രണ്ടു കബറുകൾ കണ്ടു് പറയും "ഇണപ്രാവുകൾ."

ചിന്തകൾ പതറിപ്പോവുകയാണ്. ഷാജഹാൻ എഴുന്നേററു. തുറന്നുകിടന്ന ജാലകത്തിൽകൂടി ഒരു തണുത്ത കാററ് അകത്തേക്കു വീശി, അങ്ങങ്ങ് ആരാമവല്ലിയിൽ വിടർന്നു നില്ക്കുന്ന കാനനപുഷ്പങ്ങളുടെ ലഹരിപിടിപ്പിക്കുന്ന സുഗന്ധവുമായി.

സമയം രാത്രിയായിരിക്കുന്നു. ആകാശം പ്രശാന്തമാണ്. കുറെ നക്ഷത്രങ്ങൾ അവിടവിടെ ചിതറിക്കിടക്കുന്നു. അതിനിടയിൽ ഒരു കൊച്ചു നക്ഷത്രം കൂടുതൽ ശോഭയോടെ വെട്ടിത്തിളങ്ങുകയാണ്. ഒരുപക്ഷെ അതു തന്റെ മുംതാജായിരിക്കുമോ? മരിച്ചവർ ഒരുപക്ഷെ നക്ഷത്രങ്ങളായേക്കാം. എങ്കിൽ തീർച്ചയായും അതവളായിരിക്കണം. അതിനു ചുററും അനേകമനേകം ചെറിയ നക്ഷത്രങ്ങൾ. അവ അവളുടെ തോഴികളായിരിക്കണം—വനദേവതമാർ. പുതുതായി വന്ന അതിഥിയെക്കണ്ടു് കുശലം ചോദിക്കാൻ പററിക്കൂടിയതാവാം............

ചിന്തകളുടെ കടിഞ്ഞാൺ പൊട്ടിയിരിക്കുന്നു. മധുരിക്കുന്നതും കയ്പുള്ളതുമായ ഓർമ്മകൾ. മോഹനപ്രതീക്ഷകളും യാഥാർത്ഥ്യങ്ങളും!

* * * *

യമുനയുടെ കരയിൽ പ്രതീക്ഷകൾ സാക്ഷാൽക്കരിച്ച ആ അത്ഭുത മന്ദിരത്തിന്റെ നേരെനോക്കി ഷാജഹാൻ ഒരു നെടുവീർപ്പിട്ടു.

നീണ്ട ഇരുപത്തിരണ്ടു വർഷങ്ങൾ! തിരക്കുപിടിച്ച ജീവിതം. അശ്രാന്തമായ പരിശ്രമം. അതിന്റെ ഫലമായി, ഒരു മോഹനസ്വപ്നംപോലെ അതുയർന്നുവന്നു. ഇരുപത്തിരണ്ടു വർഷങ്ങൾക്കു മുമ്പ് അവൾ പറഞ്ഞ അന്ത്യാഭിലാഷം രൂപം പ്രാപിച്ചുകഴിഞ്ഞു.

ഷാജഹാൻ തന്റെ കഴിവിൽ അഭിമാനംകൊണ്ടു. മാർബിളിൽത്തീർത്ത ആ സ്മാരകം അദ്ദേഹത്തിന്റെ കലാചാതുരിയെ ഉയർത്തിക്കാണിച്ചു.

അദ്ദേഹം കൃതാർത്ഥനായി—തന്റെ കർത്തവ്യം നിറവേറ്റിക്കഴിഞ്ഞു.

ഷാജഹാൻ വീണ്ടും ആ അത്ഭുത വിഗ്രഹത്തെനോക്കി, അതിനുമുമ്പൊരിക്കലും കണ്ടിട്ടില്ലാത്തതുപോലെ. എത്ര കണ്ടാലും മതിവരാത്ത കണ്ണുകൾ.

അനേകം ദിവസങ്ങൾ ആലോചിച്ചു കണ്ടുപിടിച്ച ആ പാവന നാമം അദ്ദേഹത്തിൽനിന്നടർന്നുവീണു.

"താജ്മഹൽ"

അതുച്ചരിച്ചപ്പോൾ അദ്ദേഹത്തിന്റെ ചുണ്ടുകൾ ഒരു സ്വർഗ്ഗീയ സുഖം അനുഭവിച്ചു; മധുരമായ ഒരു ചുംബനം കിട്ടിയാലെന്നപോലെ.



ഡോ. ആൽബർട്ട് ഷ്വൈറ്റ്സർ

*By* N. J. Albert, Class ii Physics

# റൂസ്സോയുടെ ബാല്യകാലവും "കുറ്റസമ്മതവും"

(പി. ജി. നായർ. ഇസ്സ് iii)

ചരിത്രപ്രധാനമായ ഫ്രഞ്ചു വിപ്ലവത്തെപ്പറ്റി ഓർക്കുമ്പോൾ അതിനു പ്രചോദനം നൽകിയ രണ്ടു മഹാത്മാക്കളെപ്പറ്റി നാം ഓർക്കാറുണ്ട്. റൂസ്സോയും വോൾട്ടയറുമാണ് ആ മഹാത്മാക്കൾ. റൂസ്സോ ഇല്ലായിരുന്നുവെങ്കിൽ ഫ്രഞ്ചു വിപ്ലവമുണ്ടാകയില്ലായിരുന്നുവെന്നു ആരോ പറഞ്ഞതിന്നർത്ഥത്തിൽ സ്മരണീയമാണ്.

1712-ൽ ജനീവാനഗരത്തിൽ റൂസ്സോ ജനിച്ചു. ഒരു മരണത്തിനു സാക്ഷ്യം വഹിച്ചുകൊണ്ടാണ് റൂസ്സോയുടെ ജനനം തന്നെ. അത് അദ്ദേഹത്തിന്റെ സ്വന്തം മാതാവിന്റെ തന്നെയായിരുന്നു. "എന്റെ ജനനത്തിനു വിലയായി അമ്മയുടെ ജീവൻ കൊടുക്കേണ്ടിവന്നു. തന്മൂലം എന്റെ ജനനംതന്നെ കുടുംബത്തിനു ദുഃഖകാരണമായി." റൂസ്സോ പറയുന്നു. "ഏതാണ്ട് മൃതപ്രായമായമട്ടിലാണ് ഞാൻ ജനിച്ചുവീണത്. എന്നാൽ ബന്ധുക്കളെയും പിതാവിനെത്തന്നെയും അത്ഭുതപ്പെടുത്തിക്കൊണ്ട് ഞാൻ ജീവിക്കുകയും വളരുകയും ചെയ്തു."

ബാല്യദശയിൽത്തന്നെ റൂസ്സോ അറിവു നേടുന്നതിലും, വായനയിലും വലിയ താത്പര്യം പ്രകടിപ്പിച്ചു. റൂസ്സോയുടെ മാതാവും വായനയിൽ വളരെ ശ്രദ്ധ കാണിച്ചിരുന്നു. അവർക്കു സ്വന്തമായി ഒരു ചെറിയ ലൈബ്രറിയുണ്ടായിരുന്നു. അമ്മ മരിച്ചുപോയെങ്കിലും തനിക്ക് ശേഖരിച്ചുവച്ചിരുന്ന സ്വത്താണ് ഈ ഗ്രന്ഥങ്ങളെന്നു കരുതി ആ ഗ്രന്ഥപ്പുരയിൽ റൂസ്സോ ദിവസത്തിന്റെ പകുതിയിലേറെ സമയം ചെലവഴിച്ചു. റൂസ്സോവിന് ഏറ്റവും ഇഷ്ടപ്പെട്ട ഗ്രന്ഥകാരനായിരുന്നു പ്ലൂട്ടാർക്ക്. പുസ്തകപാരായണത്തിൽ ബന്ധുജനങ്ങളെല്ലാം റൂസ്സോയെ പ്രോത്സാഹിപ്പിച്ചു. അങ്ങനെ ചിന്തകനും എഴുത്തുകാരനുമാകാനുള്ള കൈമുതലുകളോടെയാണ് റൂസ്സോ വളർന്നുവന്നത്.

ഒരു കുടുംബകലഹത്തെത്തുടർന്ന് അച്ഛൻ നാടുവിട്ടു. അതോടെ റൂസ്സോയുടെ കഷ്ടകാലവുമാരംഭിച്ചു. കാലമധികം കഴിയേണ്ടിവന്നില്ല, റൂസ്സോയും വീടുവിട്ടു. നാലുകൊല്ലത്തോളം ബോസിയും ജനീവയിലും കഴിച്ചുകൂട്ടിയശേഷം ഒരു വക്കീലാപ്പീസിൽ പരിശീലനത്തിനായിച്ചേർന്നു. ഇതിനിടയിൽ പലദുർവ്വാസനകളും ആ ബാലനിൽക്കടന്നുകൂടി. അതിനാൽ വക്കീലാപ്പീസിൽനിന്നും അധികംനാളുകൾ കഴിയുന്നതിനു മുമ്പ് റൂസ്സോയെ പറഞ്ഞയച്ചു. അനന്തരമൊരു ശില്പിയുടെകൂടെ കുറച്ചുകാലം കഴിച്ചുകൂട്ടി.

ശില്പിയുടെകൂടെയുള്ള ജീവിതം വീണ്ടും പല പല ദുർവ്വാസനകളും ആ ബാലനിൽ വളരുന്നതിനു കാരണമാക്കി. മോഷണം, അസത്യവാസന, ഇവയെല്ലാം പുഷ്ടാധികമായി. ഈ കാലഘട്ടങ്ങളിലെല്ലാം വായനയിലും ചിന്തയിലും റൂസ്സോ അനാസക്തി കാണിച്ചിരുന്നില്ല. 'ലാടിബ്യു' എന്നൊരു സ്ത്രീയുമായി റൂസ്സോ പരിചയപ്പെട്ടു. പുസ്തകങ്ങൾ വാടകയ്ക്ക് ആർക്കും വായിക്കാൻ കൊടുക്കുന്ന ഒരു സ്ത്രീയായിരുന്നു അവർ. "ലാടിബ്യു എനിക്ക് എല്ലാത്തരം ഗ്രന്ഥങ്ങളും തന്നു. നല്ലതോ ചീത്തയോ എന്നു ചിന്തിക്കാതെ കിട്ടിയതെല്ലാം ഞാൻ വായിച്ചു. ജോലിസ്ഥലത്തും കുളിമുറിയിലും എന്നുവേണ്ട സൗകര്യമുള്ള എല്ലാസ്ഥലത്തും വച്ച് ഞാൻ വായിച്ചു. മണിക്കൂറുകളോളം ഞാൻ എന്നെത്തന്നെ മറന്നു കഴിഞ്ഞുകൂടി. വായിച്ചു വായിച്ചു എനിക്കു തലകറങ്ങി. എനിക്കൊന്നും പ്രവർത്തിക്കാൻ കഴിയാതെകൂടിയായി." റൂസ്സോ, ശില്പിയുടെ കൂടെയുള്ള ജീവിതകാലത്തെ വർണ്ണിക്കുകയാണ്. റൂസ്സോയുടെ ഈ പുസ്തകഭ്രാന്തുകണ്ട് ശില്പിക്ക് അരിശം സഹിക്കവയ്യാതായി. ആദ്യം ഭീഷണിപ്പെടുത്തി. പിന്നെ പുസ്തകങ്ങളെല്ലാമെടുത്തു കൊണ്ടുപോയി തുണ്ടുതുണ്ടായി കീറി കാറ്റിൽപ്പറത്തി. ബാക്കിയുള്ളവ എണ്ണയൊഴിച്ചു തീകൊളുത്തി. ഈ കാഴ്ച കണ്ടുനിന്ന റൂസ്സോ വിങ്ങിവിങ്ങിക്കരഞ്ഞു. ലാടിബ്യുവിനോടു പിന്നെയും പുസ്തകങ്ങൾ വാങ്ങി. ലാടിബ്യുവിനു കൊടുക്കാൻ പണ

മില്ലാതായി. കയ്യിലുള്ള സാധനങ്ങളോരോന്ന വിററുപെറുക്കി പണം കൊടുത്തു. ഒടുവിൽ ഷർട്ടുകളും, പാൻറുകളും, ടൈയും എല്ലാംകൊടുത്തു പുസ്തകങ്ങൾ വാങ്ങിച്ചു വായിച്ചു.

ഒരുകൊല്ലത്തിനകം ലാടിന്യുവിൻെറ പക്കലുണ്ടായിരുന്ന പുസ്തകങ്ങളെല്ലാം റൂസ്സോ വായിച്ചു തീർത്തു. അതിനുശേഷം ഒഴിവുസമയം ചിലവഴിക്കേണ്ടതെപ്രകാരമെന്നതൊരു പ്രശ്നമായി. ജീവിതം മുരടിച്ചതായി തോന്നിയപ്പോൾ റൂസ്സോ ശില്പിയുടെ അടുത്തുനിന്നും ഒളിച്ചോടി. ഇനി എങ്ങോട്ടാണ് പോവുക? രാജ്യവും ബന്ധുക്കളും വിട്ടു. ജോലിയാണെങ്കിലൊന്നുമറിഞ്ഞുകൂടാ. ഇത്തരമനുഭവങ്ങളോടെ ചുററിനടന്ന റൂസ്സോ ഒരു കത്തോലിക്കാപാതിരയുടെ കൈയിൽ ചെന്നുപെട്ടു. മതപരിവർത്തനം ചെയ്യിച്ച് അദ്ദേഹം റൂസ്സോയെ, മാഡം ഡിവാറൻസ് എന്ന വനിതയുടെ അടുത്തേക്ക പറഞ്ഞയച്ചു. ടൂർണിയിൽ മതപരിവർത്തനം ചെയ്യുവർക്കുവേണ്ടി നടത്തുന്ന ഒരാശ്രമത്തിലേക്ക് അവർ റൂസ്സോയെ പറഞ്ഞയച്ചു.

അങ്ങനെ റൂസ്സോ ടൂർണിയിലെത്തി. ആശ്രമത്തിൽ ഒരു നവശിഷ്യനായി ജീവിതമാരംഭിച്ചു. റൂസ്സോയുടെ അതിരുകടന്ന സ്വാതന്ത്ര്യബോധം അവിടെയും കുഴപ്പമുണ്ടാക്കി. ഒരു പുണ്യസ്ഥലത്തെ അവഹേളിച്ചു എന്ന കുററം അദ്ദേഹത്തിൽ ആരോപിക്കപ്പെട്ടു. അതിനാൽ ഒരു പിഴകൊടുത്തശേഷം അവിടെനിന്നും റൂസ്സോ പിരിഞ്ഞുപോന്നു.

റൂസ്സോ അക്കാലത്തെ അനുഭവങ്ങൾ വർണ്ണിക്കുകയാണ്. "അങ്ങനെ ഒരു നിമിഷനേരത്തേക്ക് എല്ലാ പ്രതീക്ഷകളും അസ്തമിച്ചതായി എനിക്ക തോന്നി. രാവിലെ രാജകീയ പ്രൌഢിയിൽ കഴിഞ്ഞുകൂടിയിരുന്ന എനിക്ക വൈകുന്നേരം തെരുവുതിണ്ണയിൽ അഭയം തേടേണ്ടിവന്നു. എൻെറ തെററുകളും കുററങ്ങളുമോർത്തു ഞാൻ പശ്ചാത്തപിച്ചു. രണ്ടുമാസക്കാലം അടിമയായി ജീവിതം നയിച്ചശേഷം എനിക്ക മോചനം ലഭിച്ചിരിക്കുന്നു. ഇപ്പോൾ ഞാൻ തന്നെയാണ് എൻെറ യജമാനൻ."

വിശ്വപ്രസിദ്ധമായ ആത്മകഥകളിലൊന്നാണ് റൂസ്സോവിൻെറ "കുററസമ്മതം" (Confessions). ഇതുവെറുമൊരു ഗ്രന്ഥമല്ല. ഇവിടെ ഒരു മനുഷ്യൻെറ യഥാർത്ഥ ജീവിതം—ആത്മാവും ശരീരവുമെല്ലാം—നഗ്നമായി പ്രദർശിപ്പിച്ചിരിക്കുകയാണ്. അനേകം സംഭവ പരമ്പരകൾ കെട്ടിപ്പിണഞ്ഞു കിടക്കുന്ന സംഭ്രമജനകമായൊരുകഥ. റൂസ്സോവിൻെറ അന്തരാത്മാവിലെ പ്രതികരണങ്ങൾ കവിതാമാധുര്യത്തോടുകൂടി ഈ പുസ്തകത്തിൽ പകർത്തിയിരിക്കുകയാണ്.

ബാല്യകാല ജീവിതത്തിലെ സംഭവബഹുലമായ അദ്ധ്യായങ്ങളെ റൂസ്സോ അതേപടി "കുററസമ്മത"ത്തിൽ പകർത്തിയിരിക്കുകയാണ്. താൻ ചെയ്തിട്ടുള്ള എല്ലാകുററങ്ങളെയും തെററുകളെയും റൂസ്സോ സ്വയം സമ്മതിക്കുന്നു. മലീമസമായൊരു ഹൃദയം 'കുററസമ്മത'ത്തിൽകൂടെ ശുദ്ധീകരിക്കപ്പെടുകയാണ്. റൂസ്സോ തൻെറ "കുററസമ്മത"ത്തിൻെറ ആമുഖത്തിൽ പറയുകയാണ്. "ഞാൻ വിചാരിച്ചതും പ്രവർത്തിച്ചതും കണ്ടതുമായ എല്ലാകാര്യങ്ങളും ഇതിലുണ്ട്. നന്മയും തിന്മയും തുല്യ പ്രാധാന്യത്തോടെ—തുറന്ന ഹൃദയത്തോടെ ഞാൻ ഇതിൽ പ്രതിപാദിച്ചിട്ടുണ്ട്. എന്തെങ്കിലും വിട്ടുകളയുകയോ കൂട്ടിച്ചേർക്കുകയോ ചെയ്തിട്ടില്ല. എവിടെയെങ്കിലും ഭംഗിവാക്ക പ്രയോഗിച്ചിട്ടുണ്ടെങ്കിൽ എൻെറ ഓർമ്മപ്പിശക നികത്താൻ മാത്രമാണ്. സത്യമെന്ന എനിക്ക തോന്നിയ വസ്തുതകൾ അതേപടി പറഞ്ഞിട്ടുണ്ട്. ചുരുക്കത്തിൽ ഞാൻ എന്നെത്തന്നെ തുറന്നു കാണിച്ചിരിക്കുകയാണ്."

ഓപ്പറകൾ, നാടകങ്ങൾ, രാഷ്ട്രീയസിദ്ധാന്തങ്ങൾ, നോവലുകൾ, ഉപന്യാസങ്ങൾ എന്നിങ്ങനെ നാല്പതോളം വാല്യങ്ങളിലായി റൂസ്സോവിൻെറ കൃതികൾ പരന്നുകിടക്കുന്നു. ഫ്രഞ്ചുഭാഷാസാഹിത്യ മണ്ഡലത്തിൽ ക്ലാസ്സിസത്തിൻെറ മനോഹരാന്തരീക്ഷത്തിൽ പുതിയ സിദ്ധാന്തപരമ്പരകളെപ്പടുത്തുയർത്തുവാൻ ഈ ബുദ്ധിരാക്ഷസനു കഴിഞ്ഞിട്ടുണ്ട്.

DAY SCHOLARS' ASSOCIATION COMMITTEE : 1959-'60



DAY SCHOLARS' ASSOCIATION COMMITTEE : 1959-'60

Sitting : M/s. P. Ramankutty ; V. Aravindakshan Nair ; P. J. Simon M. A.; O. M. Mathen M. Sc.; K. Govindankutty Menon M. Sc. ; T. B. Thomas M. Sc. (Principal) ; Kuttipuzha Krishna Pillai M. A. ; Miss A. Amminikuttyamma M. A.; Miss A. P. Kamalam.

Standing 1st Row : Mr. P. B. Surendranath ; Miss K. C. Sicily ; Miss Aley T. Thomas ; Miss N. Aisha ; Miss Susy Mathaw ; Miss Padmakumari ; Miss Radha Devi ; Mr. John P. Mathew.

2nd Row : M/s. V. M. Varghese ; P. Parameswaran Nair ; V. Unnikrishnan Nair ; V. R. Samanthabhadran ; P. Gopalan Nair.

-'60)

JUNIOR DAY SCHOLARS' BADMINTON TEAM

Winners of U. C. College Inter-hostel Badminton Tournament (1959-'60)

Sitting (Left to Right) : John P. Mathew (Athletic representative) ; P. Ramankutty (Secretary) ; O. M. Mathen M. Sc. (President) ; Varghese Thomas (Team Captain).

Standing (Left to Right) : Sandy Joseph ; Jose Thomas ; K. S. Tomy ; V. Mukundan Menon ; P. K. Chandrasekharan Nair.



DAY SCHOLARS' ASSOCIATION COMMITTEE : 1959-'60



JUNIOR DAY SCHOLARS' BADMINTON TEAM

Winners of U. C. College Inter-hostel Badminton Tournament (1959-'60)



PLANNING FORUM COMMITTEE (1959-'60)



UNION CHRISTIAN COLLEGE MUSIC CLUB
1959-'60



# നൈലോൺ സാരി

ജോൺ ഫെലിക്സ് വാകയിൽ. I Class Chemistry.

മറൈൻ ഡ്രൈവിലൂടെ മന്ദം ഞാൻ നടന്നു. അന്ന്, പടിഞ്ഞാറേ ആകാശവിരിപ്പിൽ വർണ്ണശബളമായ ഒരു മനോഹര ചിത്രം വരച്ച അന്തിക്കതിരവൻ ആഴിയിൽ മുങ്ങി. കാററിലൂടെ, ...

ന്നതായിക്കണ്ടത്. വെളിച്ചം വളരെ മങ്ങിയിരുന്നതുകൊണ്ട് അവളുടെ മുഖം തെളിഞ്ഞു കാണാൻ സാധിച്ചില്ല. ഞാൻ അവളുടെ സമീപമെത്തി. കഴുത്തോറം വരെ ... അവളുടെ തല ... ചികി

...ി. അവ ...ന്നാ അപേ ...ാന്നി. കട ...ന്നിക്ക മന

...യുവർ ഡെ ...ചോദിച്ചു.

...കൂടിനിന്നു.

...അതുകൊ ...ഇംഗ്ലീഷിൽ ...ഇൻഡ്യൻ ...കണ്ടപ്പോ

...ങ്ങുകൾ വി

## PLANNING FORUM COMMITTEE (1959-'60)

Sitting (Left to Right): Leelamma K. Thachil; C. D. Padmini; Dr. P. M. Mathai (Member of State Planning Executive Committee); T. B. Thomas, (Principal); M. V. Kurian M. A. (President) and Abraham Tharakan P. N. (Secretary).

Standing (Left to Right): Abraham K. Thomas; K. C. George; Jacob Koshy; Harikumar Bhaskar; P. J. Oommen B. Sc. and Varughese K. John.

## UNION CHRISTIAN COLLEGE MUSIC CLUB
## 1959-'60

Sitting (1st Row): Rajan Abraham; M. Chandra Bose (Convener); O. M. Mathan M. Sc. (President); T. B. Thomas M. Sc. (Dunelm) A. Inst. P. (Principal); Pothan Varghese M. Sc. (Director); K. George.

2nd Row: C. Ramachandran Nair; Somasekaran; A. T. Thomas; M. P. John; John Philip.

3rd Row: Sunny Samuel; Kurian Oommen: Myson; Kushal Nair; Johny.

... കട വിടർത്തിപ്പിടിച്ചുകൊണ്ട് ഞാൻ റോഡിലേക്ക് നടന്നു. എന്തായാലും സില്ക്ക് ഷോപ്പിൽ കയറി സാരിയും വാങ്ങി ലോഡ്ജിലേക്ക് പോകാമെന്നു കരുതി. എന്റെ ഷർട്ടിന്റെ മുൻഭാഗത്തെ പോക്കററിൽ കിടന്നിരുന്ന പേഴ്സ് നനയാതിരിക്കാൻ ഞാൻ കൈകൊണ്ടു പോക്കററു് പൊത്തിപ്പിടിച്ചു.

കുറെ ദൂരം നടന്നപ്പോളാണ് റോഡിനരികെ ഒരു വൃക്ഷച്ചുവട്ടിൽ ഒരു യുവതി നില്ക്കു

അവൾ അപ്പനും അമ്മയുമൊത്തു രാവിലെ, മാംഗലൂരിൽനിന്നു വന്നതാണെന്ന് എന്നോട് പറഞ്ഞു. അവളുടെ പിതാവ് ഒരു പഴയരീതിക്കാരനാണ്. അതുകൊണ്ടു അവളെ സ്വതന്ത്രമായി പട്ടണം കാണാൻ അനുവദിക്കില്ലത്രെ. അവളുടെ മൂത്ത സഹോദരൻ ഒരു കാറാക്സിഡന്റു മൂലം ആശുപത്രിയിലാണപോലും.

തന്റെ പേര് മിസ്സ് ഗ്രേസ് ഡിസ്സോസാ

# നൈലോൺ സാരി

ജോൺ ഫെലിക്സ് വാകയിൽ. I Class Chemistry.

മറൈൻ ഡ്രൈവിലൂടെ മന്ദം ഞാൻ നടന്നു. അന്ന്, പടിഞ്ഞാറേ ആകാശവിരിപ്പിൽ വർണ്ണശബളമായ ഒരു മനോഹര ചിത്രം വരച്ച് അന്തിക്കതിരവൻ ആഴിയിൽ മുങ്ങി. കാററിലൂടെ, ചെറുവെള്ളത്തുള്ളികൾ എന്റെ മുഖത്തേക്ക് പറന്നെത്തി. അങ്ങനെ കുറെദൂരം നടന്നു. അപ്പോഴാണ് ലീസായുടെ കത്തിനെപ്പററി ഓർത്തത്.

ലീസായ്ക്ക് ഒരു നീല നൈലോൺ സാരി വേണമത്രെ! എന്റെ കൊച്ചനുജത്തി പഠിക്കുന്ന കോളേജിൽ മിക്കവരും നൈലോൺ ധരിക്കുന്നുണ്ട്. അവൾക്കും മോശ! മഞ്ഞിന്റെ മൃദുലതയുള്ള നൈലോൺസാരി അണിയണമെന്ന്. അവളുടെ കൂട്ടുകാർ എലിയാമ്മയും ബേബിയും മററും ഭംഗിയേറിയ നൈലോൺ സാരി ഉടുത്ത് ക്ലാസ്സിൽ കുണുങ്ങിക്കുണുങ്ങി വരുമ്പോൾ, ലീസാ കൊതിയോടെ വളരെ നേരം അവരെ നോക്കാറുണ്ടത്രെ. അതുകൊണ്ടാണ് അവളുടെ ചേട്ടന് എഴുതിയത്. ഇളംനീലവാനംപോലെ ലോലവും മിനുമിനുത്തതുമായ ഒരു നൈലോൺ സാരി വാങ്ങി അയച്ചുതരാൻ!

ഏതായാലും അവളുടെ വലിയ ആഗ്രഹം നിറവേററുകതന്നെ. ശമ്പളം കിട്ടിയിട്ടുണ്ടുതാനും. ഇപ്രകാരം പല പല ചിന്തകൾ എന്റെ മനസ്സിൽ പൊന്തിവന്നു.

പെട്ടെന്ന് പശ്ചിമ നഭോയവനികയിലെ സുന്ദര കലാശില്പങ്ങൾ മാഞ്ഞുപോയി. ഇരുൾ എങ്ങും പരന്നു. മഴയും പെയ്യാൻ തുടങ്ങി. കുട വിടർത്തിപ്പിടിച്ചുകൊണ്ട് ഞാൻ റോഡിലേക്ക് നടന്നു. ഏതായാലും സില്ക്ക് ഷോപ്പിൽ കയറി സാരിയും വാങ്ങി ലോഡ്ജിലേക്ക് പോകാമെന്നു കരുതി. എന്റെ ഷർട്ടിന്റെ മുൻഭാഗത്തെ പോക്കററിൽ കിടന്നിരുന്ന പേഴ്സ് നനയാതിരിക്കാൻ ഞാൻ കൈകൊണ്ട് പോക്കററ് പൊത്തിപ്പിടിച്ചു.

കുറെ ദൂരം നടന്നപ്പോളാണ് റോഡിനരികെ ഒരു വൃക്ഷച്ചുവട്ടിൽ ഒരു യുവതി നില്ക്കുന്നതായിക്കണ്ടത്. വെളിച്ചം വളരെ മങ്ങിയിരുന്നതുകൊണ്ട് അവളുടെ മുഖം തെളിഞ്ഞു കാണാൻ സാധിച്ചില്ല. ഞാൻ അവളുടെ സമീപമെത്തി. കഴുത്തററം വരെ ക്രോപ്പ് ചെയ്തിരുന്നു അവളുടെ തലമുടി. എങ്കിലും ഭംഗിയായി അതു ചീകി വച്ചിരുന്നു.

അവൾ എന്റെ നേരെ നോക്കി. അവളുടെ കണ്ണുകൾ എന്നോട് എന്തോ അപേക്ഷിക്കുന്നതുപോലെ എനിക്ക് തോന്നി. കുടയില്ലാത്തതുതന്നെ കാര്യമെന്ന് എനിക്ക് മനസ്സിലായി.

“മേ, ഐ ഹെൽപ് യു ടു യുവർ ഡെസ്റ്റിനേഷൻ”. ഞാൻ സവിനയം ചോദിച്ചു.

“ഓ! പ്ലീസ് ഡു.”

അവൾ എന്റെ കുടയിലേക്ക് കൂടിനിന്നു. ഞങ്ങൾ നടന്നുതുടങ്ങി.

“മഴ വരുമെന്നു കരുതിയില്ല. അതുകൊണ്ട് കുട എടുത്തുമില്ല.” അവൾ ഇംഗ്ലീഷിൽ പറഞ്ഞു. (അവൾ ഒരു ആംഗ്ലോ ഇൻഡ്യൻ ലേഡിയാണെന്നു ഞാൻ അവളെ കണ്ടപ്പോഴേ കരുതി.)

“ഓ. സാരമില്ല” എന്റെ ചുണ്ടുകൾ വിറയ്ക്കുവാൻ തുടങ്ങി.

“എവിടം വരെ പോകണം ?”

“ഹോട്ടൽ ഡി ഗ്രീൻ വരെ.”

“അവിടെയാണോ താമസം.”

“അതെ.”

അവൾ അപ്പനും അമ്മയുമൊത്തു രാവിലെ, മാംഗ്ലൂരിൽനിന്നു വന്നതാണെന്ന് എന്നോട് പറഞ്ഞു. അവളുടെ പിതാവ് ഒരു പഴയരീതിക്കാരനാണ്. അതുകൊണ്ട് അവളെ സ്വതന്ത്രമായി പട്ടണം കാണാൻ അനുവദിക്കില്ലത്രെ. അവളുടെ മൂത്ത സഹോദരൻ ഒരു കാറാക്സിഡന്റ് മൂലം ആശുപത്രിയിലാണുപോലും.

തന്റെ പേര് മിസ്സ് ഗ്രേസ് ഡിസ്സൂസാ

എന്നു പറഞ്ഞു സ്വയം പരിചയപ്പെടുത്താൻ അവൾ മറന്നില്ല.

നടക്കുന്നതിനിടയിൽ അവളുടെ ശരീരം പല പ്രാവശ്യം എന്നെ സ്പർശിക്കാതിരുന്നില്ല. ഇതിനുമുമ്പ് അനുഭവപ്പെടാത്ത എന്തോ ഒരു വികാരം എനിക്കുണ്ടായി. അവളുടെ കാർകൂന്തലിന്റെ സുഗന്ധം എന്നെ മത്തുപിടിപ്പിക്കുവാൻ തുടങ്ങി.

ഞങ്ങൾ കുറെ ദൂരം നടന്നുകഴിഞ്ഞു. പക്ഷേ മഴ പിന്നെയും ശക്തിയായി പെയ്യുവാനാണ് തുടങ്ങിയതു്. ഞങ്ങളുടെ വസ്ത്രങ്ങൾ കാററടിയാൽ വല്ലാതെ നനയുവാൻ തുടങ്ങി. ഞാൻ അവളുടെ തോളിലൂടെ കൈയിട്ടുകൊണ്ടു നടന്നു. ഓ! സിരകളിലൂടെ വല്ലാത്തൊരു വൈദ്യുതിപ്രവാഹം!

എന്റെ പേരും ജോലിയും മററും അവളോടു പറഞ്ഞു. അവളതൊക്കെ വളരെ ശ്രദ്ധയോടെ ശ്രവിച്ചു. അടുത്ത ദിവസം എന്റെകൂടെ പട്ടണം കാണാൻ വരാമെന്നും അവൾ പറഞ്ഞു.

പിന്നീട് കുറെ നേരത്തേക്ക് ഞങ്ങളൊന്നും ശബ്ദിച്ചില്ല. ഞാൻ വിചാരസാഗരത്തിൽ മുഴുകുവാൻ തുടങ്ങി.

ഗ്രേസ് എത്ര ഓമനത്തം തുളുമ്പുന്ന യുവതി! എന്നോട് ഇത്ര മധുരമായി ആരും ഇതുവരെ സംസാരിച്ചിട്ടില്ല. മുന്തിരിച്ചാറിന്റെ മാധുര്യം ചൊരിയുന്ന വാക്കുകൾ! എന്നെ ആരും സ്നേഹിച്ചിട്ടില്ല. കോളേജിൽ പഠിക്കുന്ന കാലത്ത് ഞാൻ വളരെ ആശിച്ചിരുന്നു, ആരാലെങ്കിലും പ്രേമിക്കപ്പെടാൻ! പക്ഷെ രാഗം കലർന്ന ഒരു നോട്ടമെങ്കിലുമേകാൻ ആരുമുണ്ടായിരുന്നില്ല.

"മി. തോമസ്, ഓ, ഹോട്ടലായി."

അവൾ അതു പറഞ്ഞപ്പോളാണ് ഞാൻ മനോരാജ്യത്തിൽനിന്നുണർന്നതു്.

"താങ്ക് യൂ സോ വെരി മച്ച്."

അവൾ കുണുങ്ങിക്കുണുങ്ങി ഹോട്ടലിലേക്ക് കയറി. എന്നിട്ട്, തിരിഞ്ഞുനിന്നുകൊണ്ട് എന്റെ നേരെ, പിരിയുന്നതിൽ അത്യധികം സങ്കടമുണ്ടെന്നപോലെ നോക്കി.

"അകത്തേക്കു ക്ഷണിക്കാൻ വയ്യാത്തതിൽ ഖേദമുണ്ട്. മി. തോമസിനോടു ഞാൻ പറഞ്ഞല്ലോ, എന്റെ അപ്പന്റെ സ്വഭാവം."

"ഓ. അക്കാര്യം പോട്ടെ."

"നിങ്ങൾ പോകയല്ലേ. ദെൻ ഗുഡ് നൈററ്."

"ഓക്കെ! നാളെ രാവിലെ പത്തു മണിക്ക്, ഞാൻ ലിവെട്ടക്കം." ഞാൻ പറഞ്ഞതിനെ അവൾ തലകുലുക്കി സമ്മതിച്ചു. ഞാൻ തിരിച്ചു നടന്നു. മധുരം കൂടിയ മിട്ടായി മുഴുവൻ സ്വാദു് നോക്കാതെ വിഴുങ്ങിയാലുണ്ടാകാവുന്ന വ്യഥയാണ് എനിക്ക് അനുഭവപ്പെട്ടതു്.

ഏതായാലും സാരി വാങ്ങാമെന്നു കരുതി സില്ക്കു ഷോപ്പിലേക്ക് ഞാൻ കയറി. നാല്പത്തിയഞ്ചു ഉറുപ്പിക വിലയുള്ള ഒരു നീല നൈലോൺ സാരി വാങ്ങി.

പണമെടുക്കുവാനായി പോക്കററിലേക്ക് കൈയിട്ടു. പെട്ടെന്ന് എന്റെ ഹൃദയം സ്തംഭിച്ചുപോയി! പേഴ്സ് കീശയിലില്ല. മൂന്നു നൂറുരൂപാ നോട്ടുകളാണ് അതിലുണ്ടായിരുന്നതു്. ഇതരകീശകളിലും തപ്പിനോക്കി. താഴെയെല്ലായിടത്തും നോക്കി. പക്ഷേ പേഴ്സ് കണ്ടില്ല.

നീല നൈലോൺ സാരി അവിടെത്തന്നെ വച്ചുകൊണ്ട് ഞാൻ വ്രണിതചിത്തനായി ലോഡ്ജിലേക്ക് നടന്നു. പണം എവിടെപ്പോയി? ആവോ? ഗ്രേസ് എടുത്തുകാണുമോ? ഛീ! എന്തബദ്ധമാണീത്തോന്നുന്നതു്! എന്റെ മനസ്സിൽ വല്ലാത്ത വിഷമം അനുഭവപ്പെട്ടു.

പിറേറദിവസം രാവിലെ കൃത്യം പത്തു മണിക്ക് ഞാൻ ഹോട്ടൽ ഡി ഗ്രീനിൽ എത്തി. മിസ്സ് ഗ്രേസ് ഡിസ്സൂസായെ തിരക്കി. പക്ഷേ അങ്ങനെയൊരുത്തി അവിടെ താമസിച്ചിട്ടില്ലത്രേ!

---

# സമ്മാനം

P. Gopalan Nair, Class I Econs.

ഞാൻ തേർഡ്ഫോറത്തിൽ പഠിക്കുമ്പോഴാണ് അവളെ—ലീലയെ—ആദ്യമായികണ്ടതു്. പറമ്പിലുള്ള കട്ടമാവിൻ ചുവട്ടിൽ വച്ചു്. സ്കൂൾ വിട്ടാൽ ഉടൻ ഞാൻ മാവിൻ ചുവട്ടിൽ ഹാജരാകുമായിരുന്നു. "ഗോപിച്ചേട്ടാ" എന്നു് വിളിച്ചു് ഒരു അരയന്നപ്പിടപോലെ അവളും അവിടെ എത്തിയിരുന്നു. ആദ്യമെല്ലാം ഞങ്ങൾ അപരിചിതരായിരുന്നു. പക്ഷേ, കാററിൽ താണ്ഡവം വയ്ക്കുന്ന ആ മാവിൻ ശിഖരങ്ങളിൽ നിന്നും ഉതിർന്നു വീണിരുന്ന മാമ്പഴങ്ങൾ ഞങ്ങളെ പരസ്പരം പരിചയപ്പെടുത്തി.

അവൾക്കന്നു് ഒൻപതു വയസ്സു് പ്രായം കാണും. എന്നിലും 3 വയസ്സിനിളപ്പം. അന്നവൾ ഫസ്റ്റ്ഫോം വിദ്യാർത്ഥിനിയായിരുന്നു. 'കൊള്ളാവുന്ന കുസൃതിക്കുട്ടി' എന്നവളെപ്പററി എനിക്കു തോന്നി. ഞങ്ങൾ തമ്മിലുള്ള കൂട്ടുകെട്ടു് വർദ്ധിച്ചുകൊണ്ടേയിരുന്നു. ചുള്ളിക്കമ്പുകൾകൊണ്ടു് വീടുകെട്ടി 'അച്ഛനമ്മയു'മായിക്കളിച്ചതു മുതൽ പല സംഭവങ്ങൾക്കു സാക്ഷ്യം വഹിക്കേണ്ടിവന്നു ആ കട്ടമാവിൻ ചുവടിന്നു്. ഒരു കാര്യത്തിലും രണ്ടഭിപ്രായമുണ്ടായിരുന്നില്ല ഞങ്ങൾക്കു്. ഞങ്ങളൊരുമിച്ചു് സ്നേഹത്തിൻെറ പാട്ടുകൾ പാടി. മററാരെക്കാളും ഞങ്ങൾ തമ്മിലുള്ള കൂട്ടുകെട്ടു് പ്രശോഭിച്ചു. ഞങ്ങളിൽ ആർക്കെങ്കിലും വിഷാദത്തിൻെറ കണിക പതിച്ചാൽ ഇരുഹൃദയങ്ങളെയും അതു ചലിപ്പിച്ചിരുന്നു. അത്യുഗാഢമായിരുന്നു ഞങ്ങളുടെ കൂട്ടുകെട്ടു്.

ഇന്നു് ഞാനൊരു കോളേജ് വിദ്യാർത്ഥിയാണു്. ലീല ഹൈസ്കൂൾ വിദ്യാർത്ഥിനിയും. പഠിത്തത്തിലും ബുദ്ധിശക്തിയിലും അവളൊരു 'കൊച്ചുമിടുക്കി' തന്നെയായിരുന്നു. ഞങ്ങൾ അറിയാതെ തന്നെ പ്രകൃതി ചില മിനുക്കുപണികൾ ഞങ്ങളിൽ നടത്തി. മാവിൻ ചുവട്ടിലും പറമ്പിലും നിർലജ്ജം ഓടിനടന്ന ആ വാനമ്പാടിയല്ല, ലീല ഇന്നു്. യുവത്വം തഴച്ചുവളർന്നു പുഷ്പിക്കാറായ ഒരു സ്ത്രീരത്നമാണവളിന്നു്. താരും തളിരും അണിയിച്ചു് പ്രകൃതി അവളെ സുസ്മേരവദനയാക്കി. അതിൽ ഞാനെങ്ങനെ അസൂയാലുവാകാതിരിക്കും? പക്ഷേ, ഇതൊന്നും ഞങ്ങൾ തമ്മിലുള്ള സ്നേഹബന്ധത്തിനു് തടസ്സമായിരുന്നില്ല. കോളേജ് വിട്ടുവന്നാൽ ഞാനും ലീലയും ഒന്നിച്ചു കൂട്ടമായിരുന്നു. ഞങ്ങൾ തമ്മിൽ പല 'വിററു'കളും 'പോച്ചു'കളും അടിച്ചു് പല ദിനങ്ങളും മാസങ്ങളും—അല്ല, കൊല്ലങ്ങൾ തന്നെ കഴിച്ചുകൂട്ടി.

ലീല എസ്. എസ്. എൽ. സി. പാസ്സായി ഗൃഹജീവിതവുമായി കഴിച്ചുകൂട്ടുകയാണ്. ഞാൻ ബി. എസ്. സി. പാസ്സായി. "റിസൾട്ട്" എന്നേക്കാൾ ആദ്യം അറിഞ്ഞതു് ലീലയാണ്. ഞാൻ പാസ്സായതിൽ കൂടുതൽ സന്തോഷം അവൾക്കായിരുന്നു. ഇതെല്ലാം കണ്ടാൽ ഞാൻ പഠിക്കുന്നതും ജീവിക്കുന്നതും എല്ലാം ലീലയ്ക്കുവേണ്ടി എന്നേ ആർക്കും തോന്നൂ.

എൻെറ ഭാവിപരിപാടിയെപ്പററി വീട്ടിലുള്ളവർ തീരുമാനമെടുക്കുന്ന ഒരു അവസരമായിരുന്നു അതു്. വീടുവിട്ടു് ദൂരെ എവിടെയെങ്കിലും പോകേണ്ടിവരുമോ എന്നു് ഞാൻ ശങ്കിച്ചു. ഒടുവിൽ അതുതന്നെ സംഭവിക്കുകയും ചെയ്തു. കല്ക്കട്ടായിലെ എഞ്ചിനീയറിംഗ് കോളേജിൽ ഉപരിപഠനാർത്ഥം എന്നെ അയയ്ക്കുവാൻ അവർ നിശ്ചയിച്ചു. പിറേറദിവസം കാലത്തു് 9 മണിക്കുള്ള എക്സ്പ്രസ് വണ്ടിയിൽ യാത്ര അയയ്ക്കുവാനും.

ലീലയിൽനിന്നും അകന്നു ജീവിക്കുക എന്നതു് എനിക്കു് ചിന്തിക്കുവാൻപോലും പ്രയാസമായിരുന്നു. അന്നു രാത്രി പല ചിന്തകളും എന്നെ അലട്ടിക്കൊണ്ടിരുന്നു. നിദ്രാദേവി തീരെ കടാക്ഷിച്ചില്ല. എൻെറ ഭാവിപരിപാടികൾ ലീലയെ അറിയിക്കുവാൻ കഴിയാഞ്ഞതിൽ ഞാൻ ഖേദിച്ചു. തമ്മിൽ കണ്ടുമുട്ടുന്നതിനുള്ള സമയമോ സന്ദർഭമോ വിളവും. ജീവിതം എന്തെന്നറിഞ്ഞിട്ടില്ലാത്ത ലീലയുണ്ടോ ഇതെല്ലാം അറിയുന്നു.

അന്നു രാത്രിതന്നെ കാര്യങ്ങൾ പറഞ്ഞറിയിയ്ക്കാൻ ഞാൻ ഉറച്ചു. കിടക്കയിൽ നിന്നെഴുന്നേററു് ഞാൻ മുററത്തിറങ്ങി. പക്ഷികൾ അവരുടെ കൂടുകളിൽ നിശ്ചലരായിരുന്നു. കിഴക്കേ ചക്രവാളത്തിൽ പൂർണ്ണചന്ദ്രൻ തലപൊക്കിനോക്കുന്നുണ്ടായിരുന്നു. പടിഞ്ഞാറൻ സമുദ്രത്തിലെ ചെറു തിരമാലകൾ കരകളെ ചുംബിച്ചുല്ലസിച്ചുകൊണ്ടേയിരുന്നു. ഞാൻ ലിലയുടെ വീട്ടിൻ മുററത്തു് പ്രവേശിച്ചു. ഏതോ ഒരു മൂകത എന്നെ വന്നു ബാധിച്ചു. കൈകാലുകൾ നിർജ്ജീവങ്ങളായിത്തോന്നി. 'ഈ രാത്രിയിൽ.........ഇവിടെ......' ഞാനെന്നോടു തന്നെ മന്ത്രിച്ചു.

ലിലയുടെ മുറിയിലെ വിളക്കണച്ചിരുന്നില്ല. അവൾ ഏതോ പുസ്തകം വായിക്കുകയായിരുന്നു. ഞാൻ ജനാലയ്ക്കൽചെന്നു വിളിച്ചു—" ലിലേ. "

അവൾ തിരിഞ്ഞുനോക്കി. "അല്ല ഗോപിച്ചേട്ടനോ, എന്തു പററി" —അവൾ ചോദിച്ചു.

ഞങ്ങൾ ആ പഴയ മാവിൻ ചുവട്ടിൽ എത്തിച്ചേർന്നു. മഞ്ഞുതുള്ളികളിൽ പൂനിലാവു വഴിഞ്ഞൊഴുകി 'സ്വപ്നക്കമ്മല്ല്' കൾ നിർമ്മിച്ചുകൊണ്ടിരുന്നു. ആ മാവു് പൂത്തിരുന്നതേയുള്ളു. അവിടത്തെ ഓരോ തരിമണലും ഞങ്ങൾക്കു് പരിചിതങ്ങളായിരുന്നു.

എൻെറ ഭാവിപരിപാടികൾ അവളെ ധരിപ്പിച്ചു. വിരഹവേദനയോടെ ഞാൻ അവളോടു യാത്ര ചോദിച്ചു. ആ കൺകോണുകളിലെ മഴവിൽ മൂനയും ഭാവവുമാണതിനു് ഉത്തരം നൽകിയതു്. പൂനിലാവിൽ വികസിയ്ക്കാൻ കാത്തുനില്ക്കുന്ന ആ ആമ്പൽപ്പൂവു് കടുത്ത ദിനകരരശ്മികളെങ്ങനെ സഹിക്കും. ഹാ! ലിലയുടെ ആ നിപ്പ് ഇന്നും എൻെറ ദൃഷ്ടിപഥത്തിൽനിന്നും മാഞ്ഞുപോയിട്ടില്ല. അതിൽ എനിക്കു് സത്യത്തെ ദർശിയ്ക്കാൻ കഴിഞ്ഞു.

" വരുമ്പോൾ ലിലയ്ക്കൊരു സമ്മാനം തരാം " ഞാൻ പറഞ്ഞു. അവൾ ഒന്നു മന്ദഹസിയ്ക്കുമാത്രം ചെയ്തു. അതിൻെറ അർത്ഥം ഇന്നും എനിയ്ക്കജ്ഞാതമാണു്.

പിറേറ ദിവസം തന്നെ കൽക്കട്ടായ്ക്കു തിരിച്ചു. അവിടെ ഒരു ഹോസ്റ്റലിൽ താമസമാക്കി. ലിലയ്ക്കു് എഴുതയയ്ക്കുന്ന കാര്യത്തിൽ ഞാൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. എൻെറ വരവുകാത്തു് ആയിരക്കണക്കിനു് മൈലുകൾക്കകലെ ഒരു കൊച്ചു ഹൃദയം ഉണ്ടെന്നോർത്തപ്പോൾ എനിക്കു് രോമാഞ്ചം ഉണ്ടായി. 'മനമങ്ങും മിഴിയിങ്ങും' എന്ന പോലെ ഞാൻ കഴിച്ചുകൂട്ടി. പച്ചിലക്കാടുകൾ നിറഞ്ഞ എൻെറ ഹൃദയത്തിൽ അവൾ ഒരു കാട്ടുകിളിയേപ്പോലെ വിഹരിച്ചു.

പരീക്ഷ കഴിഞ്ഞു. എല്ലാവരും വീട്ടിൽപ്പോകുന്ന കാര്യത്തിൽ ബദ്ധശ്രദ്ധരായിരുന്നു. ഞാനോ ? ലിലയ്ക്കു് എന്തുതരം സമ്മാനം വാങ്ങണം എന്ന ചിന്തയിലും. ഒരു 'വാച്ചു്' സമ്മാനിയ്ക്കാൻ തന്നെ ഉറച്ചു. വളരെ ബുദ്ധിമുട്ടിയിട്ടാണെങ്കിലും 130 രൂപാ കൊടുത്തു ഒരു വാച്ചു വാങ്ങിച്ചു.

ഞാൻ നാട്ടിലേയ്ക്കു—അല്ല, ലിലയുടെ അടുത്തേക്കു്—യാത്രതിരിച്ചു. എന്തോ നഷ്ടപ്പെട്ടതു കരസ്ഥമാക്കാനെന്നതുപോലെ കുളിർകാററു് പായുകയായിരുന്നു; തീവണ്ടി 'കട് കട' ശബ്ദത്തോടെയും. എന്നാൽ ഇതൊന്നുമല്ലായിരുന്നു എൻെറ ചിന്ത. കുന്നുകൾക്കും മലകൾക്കും അപ്പുറത്തുള്ള ഒരോമന ഹൃദയത്തിൽ—ഒരു നിഷ്കളങ്കതയിൽ.

നാട്ടിലെല്ലാം കോളറാ പിടിപെട്ടിരിക്കുന്നതായി ഞാൻ പത്രത്തിൽ വായിച്ചു. അതു് എന്നെ കൂടുതൽ വേദനിപ്പിച്ചു. ദിനംപ്രതി മരണസംഖ്യ വർദ്ധിച്ചുകൊണ്ടിരുന്നു.

ഞാൻ നാട്ടിലെത്തിച്ചേർന്നു. വീട്ടുകാരിൽ നിന്നും ലിലയുടെ വിവരങ്ങൾ ഉടനെ അറിഞ്ഞു. ലിലയും രോഗബാധിതയാണെന്ന വിവരം എന്നെ ഞെട്ടിച്ചു. ഞാൻ നിശ്ചലനായി. നാഡിയിടിപ്പു് നിന്നുപോലെ തോന്നി. ചായകഴിക്കാൻ അമ്മ ആവശ്യപ്പെട്ട ശേഷമാണു് ഞാൻ അവിടുന്നു അനങ്ങിയതുതന്നെ. ഉടനെ ലിലയുടെ വീട്ടിൽ എത്തി.

ലില രോഗത്തിൻെറ മൂർദ്ധന്യാവസ്ഥയിലായിരുന്നു. ബോധംപോലും നശിച്ചിരുന്നു. ദേഹം തീരെ ക്ഷീണിച്ചു. എങ്കിലു

ലീലയുടെ [illegible] ചുണ്ടുകളിൽക്കാണാമായിരുന്നു. ബോധം വീഴുമ്പോൾ എന്നെ അന്വേഷിച്ചിരുന്നു എന്ന് അമ്മയിൽനിന്നും ഞാൻ അറിഞ്ഞു.

ഡാക്ടർ വന്ന് പരിശോധന നടത്തി. അദ്ദേഹം ആരോടും ഒന്നും മിണ്ടുന്നില്ല. രോഗസ്ഥിതിയെപ്പററി ഞാൻ ഡാക്ടരോടു ചോദിച്ചു. "മരിച്ചുകഴിഞ്ഞു." ഡാക്ടർ ഉത്തരം നല്കി. എൻെറ ഹൃദയത്തിൽ നിന്നും ആയിരമായിരം തീപ്പൊരികൾ പാറിപ്പോന്ന പോലെ എനിക്ക് തോന്നി. ഡാക്ടരുടെ വാക്കുകൾ മണിനാദംപോലെ എൻെറ ചെവികളിൽ തറച്ചുകൊണ്ടേയിരുന്നു. ഇല പോയ ആലിൻ കൊമ്പത്ത് ഒരു മൂങ്ങായിരുന്നു മൂളുന്നുണ്ടായിരുന്നു.

'എൻെറ ലീലേ' നീ ഇത്രവേഗം എന്നെ പാഴ്ച്ചേററിൽ തള്ളിയിട്ടു കടന്നുകളഞ്ഞോ? ഞാൻ ഇനി എന്തിനു ജീവിക്കുന്നു? ലീലയില്ലാത്ത ജീവിതം എനിക്ക് സാദ്ധ്യമല്ല. ഇങ്ങനെ കരളുരുകുമാറ് ഞാൻ വിലപിച്ചു. നിമീലിതങ്ങളായ ആ കണ്ണുകളിൽ ഞാൻ വീണ്ടും നോക്കി. ലോകം മുഴുവൻ കാർമേഘംകൊണ്ട് നിറഞ്ഞപോലെ എനിക്കു തോന്നി.

എൻെറ ലീലയേയും കാത്ത് ആ സമ്മാനം ഇന്നും മേശയിൽക്കിടക്കുകയാണ്. സ്വർഗ്ഗത്തിൻെറ പടിവാതില്ക്കൽ നിന്നുകൊണ്ട് അവൾ ആ സമ്മാനം ചോദിക്കുന്നില്ല എന്നാരറിഞ്ഞു?



# കണ്ണീരിൽക്കുതിർന്ന ഒരു കത്ത്

ജോയി മാത്യു.

എന്റെ ദേവി,

ഭവതി പരിഭവിക്കല്ലേ, കണ്ണീരിൽ തൂലിക മുക്കിയാണ് ഞാനിതെഴുതുന്നത്. ആ കണ്ണീർക്കണങ്ങൾ ഭവതിയുടെ സ്നേഹത്തെ ഒന്നു മാർദ്ദവപ്പെടുത്തിയെങ്കിൽ !

എന്നെ ഈ കലാലയത്തിലേക്ക് പറഞ്ഞയച്ചപ്പോൾ എന്റെ മാതാപിതാക്കൾക്ക് എന്തെല്ലാം സുന്ദര പ്രതീക്ഷകളുണ്ടായിരുന്നു എന്ന് ഭവതിക്കറിയാമോ? മകൻ പഠിച്ചു മിടുക്കനായി വരുന്നതു കാണാൻ അവരുടെ കണ്ണുകൾ ദാഹിച്ചിരിക്കുകയാണ്. ചെഞ്ചോരത്തുള്ളികൾ ഉപ്പുവെള്ളമാക്കി മാററിയാണ് അവർ എന്റെ വർദ്ധിച്ച ചെലവുകൾ വഹിക്കുന്നത്. ഓ, എന്റെ കണ്ണു നിറയുന്നു. എനിക്കൊന്നും എഴുതുവാൻ സാധിക്കുന്നില്ല.

ഭവതി വിചാരിക്കുന്നുണ്ടാകാം, ഞാനെന്തിനാണ് ഇതെല്ലാം എഴുതുന്നത് എന്ന്. പറയാം; ആവേശത്തിൻതള്ളലിൽ ഇതു വലിച്ചുകീറി കാററിൽ പറത്താതെ മുഴുവനൊന്നു വായിക്കണേ ! ദേവിയുടെ 'ഒരാരാധകൻ' അനുഭവിച്ച കഷ്ടപ്പാടുകൾ ഭവതി കൂടി ഒന്നറിയൂ. ഭവതിയെ പശ്ചാത്താപത്തിന്റെ അലയാഴിയിലേക്ക് തള്ളിയിടുവാനല്ല ഞാനുദ്ദേശിക്കുന്നത്; എന്നോടും എന്നെപ്പോലെയുള്ള, ഭവതിയുടെ, അനേകം ആരാധകരോടും അല്പംകൂടി കനിവു കാണിക്കണമെന്നപേക്ഷിക്കാനാണ്.

ഞാനീ കലാലയത്തിൽ ചേർന്നപ്പോൾ എന്തെല്ലാം പ്രതിജ്ഞകളെടുത്തിരുന്നു എന്ന് ഭവതിക്കറിയാമോ! എല്ലാ വിഷയത്തിനും ഒന്നാമനായി പാസ്സാകും. അദ്ധ്യാപകരുടെയും സഹപാഠികളുടെയും സ്നേഹബഹുമാനാദികൾക്ക് പാത്രമാകും......അങ്ങനെ, അങ്ങനെ...എത്ര ഓമൽക്കിനാവുകൾ എനിക്കുണ്ടായിരുന്നു. എല്ലാം തകർന്ന് തരിപ്പണമായി! അതിനുകാരണം ഭവതിയാണ്. ഒരു പക്ഷേ, ഭവതിക്കതറിഞ്ഞുകൂടായിരിക്കാം. പക്ഷേ, ഞാൻ പറഞ്ഞതു പരമാർത്ഥമാണ്. പകൽ പോലെയുള്ള നഗ്നയാഥാർത്ഥ്യം. ഭവതി ഞെട്ടല്ലേ!

ഓ! അല്ലെങ്കിൽ എന്തിനു ഭവതിയെ കുററം പറയുന്നു. ഭവതിയുടെ സൌന്ദര്യത്തിൽ ലയിച്ച ഞാനാണു തെററുകാരൻ. ദേവിയുടെ, മത്തുപിടിപ്പിക്കുന്ന സൌന്ദര്യം!

ആയിരം തങ്കമുല്ലപ്പൂക്കൾ തുന്നിപ്പിടിപ്പിച്ച നീലപ്പട്ടുസാരി ആകാശത്തിൽ വിരിച്ച് വെണ്മേഘമാലാഖമാർ ഓടിക്കളിക്കുമ്പോൾ, ദേവി, ഭവതിയെന്റെ സവിധത്തിലേക്ക് ഓടിയണയും.

തലേദിവസം തകർന്ന പ്രതിജ്ഞകൾ കല്ലിട്ടുറപ്പിച്ചുകൊണ്ട് ഞാൻ പഠിക്കാനിരിക്കുകയായിരിക്കും. അപ്പോഴാണ് ദേവി വെണ്ണിലാവിൽ നൃത്തമാടിവരുന്ന വനദേവതമാരെപ്പോലെ, വികാരങ്ങൾ ഉണർത്തിവിട്ടുകൊണ്ട് എന്റെ ഹൃദയത്തിലേക്ക് ഒളിഞ്ഞുകയറുന്നത്. ഓ! അപ്പോഴത്തെ എന്റെ അവസ്ഥ ഞാനെങ്ങനെ വിവരിക്കും!

ഞാൻ ദേവിക്കു കീഴടങ്ങും. ദേവിയുടെ സൌന്ദര്യം എന്നെ കീഴടക്കും. ഭവതിയുടെ ഓർമ്മ ഉണ്ടായാൽ പിന്നെ എനിക്കൊന്നും മനസ്സിലാകുകയില്ല. "ലൈററി"ന്റെ വിവിധഗുണങ്ങളെപ്പററി അന്ന് മാസ്റ്റർ പഠിപ്പിച്ചതു വായിക്കുമ്പോൾ വെറും 'പുക' പോലെയാണെനിക്കു തോന്നുക! കെമിസ്ട്രി പഠിക്കുമ്പോൾ സൾഫ്യൂരിക്കാസിഡും നൈട്രിക് ആസിഡും പിന്നെ എന്തെല്ലാം ആസിഡുണ്ടോ അതെല്ലാംകൂടി തലയ്ക്കുള്ളിൽക്കയറി പൊട്ടിത്തെറിക്കാൻ പോകുന്ന ഒരു പ്രതീതിയാണുണ്ടാവുക. ഞാൻ കിടക്ക വിരിച്ചു നീണ്ടു നിവർന്നു കിടക്കും. ഭവതിയുടെ ഓർമ്മകൾ അയവിറക്കിക്കൊണ്ട്.

"മടിയാ ഉണരൂ, ഉണരൂ." രാത്രി ഒമ്പതു മണിയാകുമ്പോൾ കോളേജിലെ മണിയടിക്കുന്നതു കേൾക്കാം. ഞാനുണ്ടോ ഉണരുന്നു ! എനിക്ക് ദേവിയുടെ ഓർമ്മകളെ വിട്ട

പിരിയാൻ വയ്യാ. എന്റെ സ്നേഹിതൻ കയ്യാക്കോസ്സ് അടുത്ത മുറിയിൽനിന്നും വന്നു് എന്നെ കുലുക്കിവിളിക്കും. "പ്രാർത്ഥിക്കാൻ വാടേ." അവനെ ശപിച്ചുകൊണ്ടു് ഞാൻ പ്രാർത്ഥിക്കുവാൻ പോകും. പ്രാർത്ഥിക്കുമ്പോൾ ഓർക്കും ഞാൻ അതുവരെ ചെയ്തതു് തെററാണെന്നു്! എന്റെ പ്രതിജ്ഞകൾ വീണ്ടും പുതുക്കും. "പതിനൊന്നു മണിവരെ ഇരുന്നു പഠിച്ചിട്ടേ, ഇനിയത്തെ കാര്യമുള്ളൂ."

കസേരയിൽ വന്നിരുന്നു് ബുക്ക് നിവർക്കുമ്പോൾ ദേവി എന്നെ മാടിവിളിക്കുന്നതായിത്തോന്നും. എന്റെ മനസ്സു പതറും. ഏകാഗ്രനായി ഇരുന്നു പഠിക്കാൻ സാധിക്കുകയില്ല.

ദേവിക്കു് ഞാൻ ബോറടിക്കുകയാണെന്നു തോന്നുന്നോ? മുഴുവൻ വായിക്കൂ!

പലപ്പോഴും മനഃപൂർവ്വം ഞാൻ ദേവിയെ മറക്കാൻ ശ്രമിച്ചിട്ടുണ്ടു്. പരിഭവിക്കല്ലേ! മിക്കപ്പോഴും ദേവിയാണു് ജയിക്കുക. ഞാനെത്ര വാശിപിടിച്ചാലും അതു വെറുതെയാവും. ഞാൻ വിധിയെ ശപിച്ചുകൊണ്ടു് പുതപ്പിനടിയിൽ ചുരുണ്ടുകൂടും.

ചുവന്ന സൂര്യൻ കിഴക്കൻ മലകൾക്കിടയിൽക്കൂടി എത്തിനോക്കി പുച്ഛരസത്തിൽ പുഞ്ചിരി പൊഴിക്കുമ്പോഴാണു്, ഞാൻ പുതപ്പിനുള്ളിൽനിന്നും തലയെടുക്കുക. "വൈകിപ്പോയി, വൈകിപ്പോയി" എന്നു് കോളേജിലെ മണി വിളിച്ചുകൂവും. "സ്റ്റഡി റൈററ്"മായി. പശ്ചാത്താപത്താൽ തൂങ്ങിയ തലയും ആട്ടി ഞാൻ ബാത്തു റൂമിലേക്കു് നടക്കും. സ്റ്റഡി റൈററും കഴിയുമ്പോഴേക്കും പല്ലുതേപ്പും കുളിയും എല്ലാം കഴിയും. തണുത്ത വെള്ളം തലയിൽ വീഴുമ്പോൾ വീണ്ടും ബുദ്ധിയുണ്ടാകും. പഠിക്കണമെന്നാഗ്രഹം തോന്നും. പുതിയ നിശ്ചയങ്ങളുമായാണു് ബാത്തു റൂമിൽനിന്നും വരുന്നതു്.

മെസ്സിന്റെ വാതിൽക്കൽ എത്തുമ്പോൾ വയറു് വിളിക്കും. ദേവിയുടെ വിളിപോലെ ഉപേക്ഷിക്കാൻ പാടില്ലാത്തതാണതു്. ഞാൻ തമാശ പറയുകയാണെന്നു് ദേവി വിചാരിക്കല്ലേ; ദേവി സ്നേഹം കൊണ്ടാണു് വിളിക്കുക. വയറു് വാത്സല്യം കൊണ്ടും!

മെസ്സിൽനിന്നും ഇറങ്ങിക്കഴിയുമ്പോഴാണു് പത്രം വായിക്കണമെന്നു തോന്നുക. ഒരു മാതിരി "ദാഹ"മാണതു്! പത്രം വായനയും രാഷ്ട്രീയ ചർച്ചകളും കഴിയുമ്പോഴേക്കും മണി ഒമ്പതര! കോളേജിൽ പോയേ പറ്റൂ. അല്ലെങ്കിൽ പാവപ്പെട്ട മാതാപിതാക്കന്മാർക്കു് ഒരു ഭാരംകൂടി വരുത്തിവയ്ക്കുകയായിരിക്കും—ഫൈൻ കൊടുക്കേണ്ട ഭാരം. തെററു ചെയ്യുന്നതു് ഒരാൾ. ഫലം അനുഭവിക്കുന്നതു് മറെറാരാൾ. എന്തൊരു വ്യവസ്ഥിതി!

തേച്ചു മിനുക്കിയ ഡ്രസ്സും ധരിച്ചു് മുടിയെല്ലാം 'ഫോമി'ൽ ചീകി 'ടിപ്പ്ടോ'യി വരുമ്പോഴേയ്ക്കും മണി പത്തടിക്കും. ദയ അശേഷം ഇല്ലാത്ത കുട്ടികളുടെ കൂവലും 'ആപ്പ്' വിളിയും സഹിച്ചു് പതറി ഓടി ഒരു മൂലയിൽച്ചെന്നിരിക്കും.

സാറു്, മനസ്സിലാകാത്ത ഭാഷയിൽ എന്തൊക്കെയോ പറഞ്ഞു് ബോറടിച്ചു കൊല്ലുമ്പോൾ ദേവി വീണ്ടും എന്റെ ഹൃദയത്തെ മഥിക്കുകയായിരിക്കും. ദേവിയുടെ ഓർമ്മ ഹൃദയത്തിൽ കടന്നാൽ പിന്നെ തല നിറയെ ഇരുട്ടാണു്; കട്ടത്ത ഇരുട്ടു്.

"ജോയി സ്റ്റാൻഡ് അപ്പ്" ദയയില്ലാത്ത സാറു് കല്പിക്കും. എല്ലാക്കണ്ണുകളും—പെൺകുട്ടികളുടേതും; അതാണു് കൂടുതൽ അപമാനകരം—എന്റെ നേരെ തിരിയും. "ഒരു സ്വപ്നസാമ്രാജ്യം പിടിച്ചടക്കുകയാണല്ലേ?" സാറു് ചോദിക്കും. "നോ, സർ" ഞാൻ ശമ വിടുകയില്ല. ഓ! ഉടനെ വരും കുറെ ചോദ്യങ്ങൾ. എനിക്കു തോന്നിയ ഉത്തരമെല്ലാം പറയും. അപ്പോൾ കുറെ ഏറെ 'ഹാ'യും 'ഹി'യും കേൾക്കാം. ആമ്പിള്ളേരും പെമ്പിള്ളേരും എല്ലാം തകൃതി ചിരിയാണു്! ആ സമയത്തു് അവരെയൊക്കെ അരച്ചു് കലക്കി തന്നിരുന്നെങ്കിൽ! ഞാൻ ഒററ വലിക്കു കടിച്ചു തീർത്തേനെ!

ദിവസവും ഞാൻ പ്രതിജ്ഞ ചെയ്യും, ദേവി ഇനി വിളിച്ചാൽ വരികയില്ലെന്നു്. ദിവസവും ദേവി വിളിക്കും. ദിവസവും കീഴടങ്ങും. പ്രതിജ്ഞകൾ അടുത്ത ദിവസത്തേക്കു മാററിവയ്ക്കും.

എല്ലാ ദിവസവും അങ്ങനെതന്നെ.

ഒടുവിൽ പരീക്ഷ വന്നു. ഒരു ഭയങ്കര പേടിസ്വപ്നം! എനിക്കൊന്നും അറിഞ്ഞുകൂടായിരുന്നു. ഞാനെന്തെല്ലാമോ എഴുതി. എന്താണെഴുതിയതെന്നു് എനിക്കുതന്നെയറിഞ്ഞുകൂടാ.

റിസൽട്ടറിഞ്ഞു. ഞാൻ തോററു. നശിച്ച തോൽവി! എല്ലാവരും എന്നെ കുററപ്പെടുത്തി. വീട്ടുകാരും, കൂട്ടുകാരും. ഞാനെന്തു ചെയ്യട്ടെ? ദേവിയാണിതിനെല്ലാം കാരണം.

ഒന്നുകൂടി പരിശ്രമിക്കുകതന്നെ. അടുത്ത പരീക്ഷയുണ്ടാകട്ടെ. അടുത്ത പരീക്ഷയ്ക്കെങ്കിലും ജയിക്കണം. അതിനൊരു മാർഗ്ഗമേയുള്ളു. ഒരേയൊരു മാർഗ്ഗം. ദേവിയിൽനിന്നും അകന്നു് പഠിത്തത്തിൽ ശ്രദ്ധിക്കുക! ദേവി എനിക്കു് മാപ്പു തരുമല്ലൊ.

ദേവിയിൽനിന്നും ഞാൻ അകലുകയാണു്, മനഃപൂർവ്വം. ഇനി ഞാൻ പഠിക്കാൻ തുടങ്ങുമ്പോൾ ദേവി വിളിച്ചാൽ വരില്ല. ദേവിയുടെ സാമീപ്യം എനിക്കിഷ്ടമാണു്. പക്ഷെ, നിവൃത്തിയില്ല. ഞാൻ വിദ്യാർത്ഥിയാണു്. ദേവി ഇനിയെന്നെ അനാവശ്യമായി വിളിക്കല്ലെ; എന്റെ നിസ്സഹായതയിൽ നിന്നും ഉയരുന്ന ഒരു അപേക്ഷയാണിതു്. എന്റെ ദേവി, എന്റെ അഭ്യുന്നതിയെ ഓർത്തു ദേവി ഈ അപേക്ഷ സ്വീകരിക്കണേ!

എന്നു്

നിദ്രാദേവിക്കു് ഭവതിയുടെ

ഒരു പഴയ ആരാധകൻ.



“ എനിക്കു് ഒരൊററ ആശ്വാസമേയുള്ളു. എന്റെ കൂട്ടുകാർ ആരും ഇതു കാണുന്നില്ലല്ലോ.”

*By* Alexander Kurien,
Class ii, Phy.

# മൌലാനാ ആസാദ്

(T. K. MAMMAD, Pre-Professional Class)

വരാൻപോകുന്ന ഏതോ ഒരു വലിയ അത്യാഹിതത്തെ സൂചിപ്പിക്കുമാറ് 1958 ഫെബ്രുവരി 22-ാംനു പ്രകൃതിയുടെ മുഖം വളരെ മ്ലാനമായിരുന്നു. അതേ, അന്നാണ് ലോകത്തിലെ അത്യുന്നതനായ ഒരു മഹാൻ മൌലാനാ അബ്ദുൽകലാം ആസാദ്—ഈ ലോകത്തോട് എന്നെന്നേക്കുമായി യാത്ര പറഞ്ഞതു്. ഏതാനും മണിക്കൂറുകൾക്കകം ചരിത്രപ്രസിദ്ധമായ ഡൽഹിയുടെ അതിർവരമ്പുകളെ അതിലംഘിച്ചുകൊണ്ട് ആ വാർത്ത ആസേതുഹിമാചലം കാട്ടുതീ പോലെ പരന്നു. ഇൻഡ്യയിലങ്ങോളമിങ്ങോളം കുടിൽതൊട്ടു കൊട്ടാരം വരെ ഒരു ശോകമൂകത പരന്നു.

ഇൻഡ്യൻ രാഷ്ട്രീയ നഭോമണ്ഡലത്തിലെ ഒരു വെള്ളിമേഘത്തിന്റെ തിരോധാനമായിരുന്നു, സംഭവബഹുലമായ ആ ജീവിതത്തിന്റെ അന്ത്യം കുറിച്ചതു്. അടിമത്തത്തിന്റെ കരാള വക്ത്രത്തിൽകിടന്നു നട്ടം തിരിഞ്ഞിരുന്ന ഇൻഡ്യൻ ജനതയെ സ്വാതന്ത്ര്യത്തിന്റെ പൊൻപുലരിയിലേക്ക് അടിപതറാതെ നയിച്ച ഒരു ധീര ദേശാഭിമാനിയുടെ അമൂല്യമായ ജീവിതത്തിന്റെ അന്ത്യം! ഇൻഡ്യയുടെ രാഷ്ട്രീയ-സാമൂഹ്യ സാംസ്കാരിക രംഗങ്ങളെ നാമ്പെടുത്തിരുന്ന സാമൂഹ്യവിരുദ്ധപ്രവണതകൾക്കെതിരെ ഇരമ്പിയടിച്ചിരുന്ന ഒരു കൊടുങ്കാറ്റിന്റെ അന്ത്യം! നാടിന്റെ വിധിനിർണ്ണായകമായ പല തീരുമാനങ്ങളുടെയും അണിയറയിൽ അടിപതറാതെ പ്രവർത്തിച്ചുകൊണ്ടിരുന്ന ഒരു ധിഷണാശാലിയുടെ അന്ത്യം!

മൌലാനാ ആസാദിന്റെ ശബ്ദത്തിൽ ബ്രിട്ടീഷ് സാമ്രാജ്യത്തിലെ സിംഹം ഞെട്ടിവിറച്ചിരുന്നു; ഇൻഡ്യൻ ദേശാഭിമാനികൾ ആവേശം കൊണ്ടിരുന്നു. "പരിപക്വമായ ഉപദേശവും തേടി നാം ആരുടെ അടുക്കൽപ്പോകും?" എന്നു ഡൽഹിയിൽ ചേർന്ന അനുശോചന യോഗത്തിൽ പ്രധാനമന്ത്രി നെഹ്റു ചോദിച്ച ചോദ്യം ഇൻഡ്യയിലെ കോടിക്കണക്കിനുള്ള ജനഹൃദയങ്ങളിൽ ഉപാകൊണ്ട ഒരു ചോദ്യത്തിന്റെ പ്രതിഫലനമായിരുന്നു.

അക്ബർ ചക്രവർത്തിയുടെ കുടുംബവുമായി ബന്ധപ്പെട്ടിരുന്ന, 1857-ലെ സ്വാതന്ത്ര്യസമരത്തിന്റെ ഫലമായി നാടുവിടേണ്ടിവന്ന, ഒരു കുടുംബത്തിലാണ് മൌലാനാ ജനിച്ചതു്. 1888 സെപ്തംബറിൽ വിശുദ്ധമെക്കായിലാണ് മൌലാനാ ആസാദ് ഭൂജാതനായതു്. അദ്ദേഹത്തിന്റെ കുടുംബം വിഖ്യാതരായ പുരോഹിതന്മാരുടെയും മതപണ്ഡിതന്മാരുടെയും പാരമ്പര്യമുള്ളതായിരുന്നു. മൌലാനായുടെ പിതാവായ ഖൈറുദ്ദീൻ പ്രസിദ്ധനായ ഒരു മതപണ്ഡിതനും ചിന്തകനുമായിരുന്നു.

1898-ൽ ഇൻഡ്യയിലേക്ക് വരുന്നതുവരെ അറേബ്യയിലാണദ്ദേഹം വിദ്യാഭ്യാസം കഴിച്ചതു്. ഉർദു, പേർഷ്യൻ എന്നീ ഭാഷകളിൽ അദ്ദേഹം നല്ല ജ്ഞാനം സമ്പാദിച്ചിരുന്നു. ഉപരിപഠനം നിർവ്വഹിച്ചതു് കെയ്റോവിലെ വിശ്വവിഖ്യാതമായ "അൽഹസർ" സർവ്വകലാശാലയിലായിരുന്നു. തിയോളജിയിൽ അദ്ദേഹം അസാമാന്യമായ ജ്ഞാനം നേടി. പഠിത്തത്തിൽ ആസാദ് ബഹുസമർത്ഥനായിരുന്നു. 15-മത്തെ വയസ്സിൽ തന്നെ പരിശുദ്ധ ഖുർആനിൽ അഗാധജ്ഞാനം നേടുന്നതിന് അദ്ദേഹത്തിനു കഴിഞ്ഞു. ആ കാലത്തു് തന്നെ പ്രസംഗത്തിൽ അനിതരസാധാരണമായ വൈഭവം അദ്ദേഹത്തിനുണ്ടായിരുന്നു. 1909-ൽ പിതാവിന്റെ മരണശേഷം ഇംഗ്ലീഷ് പഠിക്കാൻ തുടങ്ങുകയും ആ ഭാഷ എളുപ്പത്തിൽ സ്വാധീനമാക്കുകയും ചെയ്തു.

1912 ജൂൺ 1-ാംനു മുതലാണ് "ആസാദ്" എന്ന ആ പാവന നാമധേയം ഇൻഡ്യൻ രാഷ്ട്രീയരംഗത്തിൽ ആദ്യമായി രംഗപ്രവേശം ചെയ്തതു്. അന്നുമുതലുള്ള അദ്ദേഹത്തിന്റെ ജീവിതം ത്യാഗത്തിന്റെയും സേവനത്തിന്റെയും ഉജ്ജ്വലമായ ഒരു ചരിത്രമാണ്. ആയിടയ്ക്കാണ് അദ്ദേഹത്തിന്റെ "അൽഹിലാൽ"

എന്ന ഉർദ്ദു വാരിക പ്രസിദ്ധീകരണമാരംഭിച്ചതു്. അൽഹിലാലിലെ ലേഖനങ്ങൾ ഇൻഡ്യാക്കാരെ പൊതുവെയും മുസ്‌ലിം സമുദായത്തെ പ്രത്യേകിച്ചും ഉദ്ബുദ്ധരാക്കി. വിപ്ലവാത്മകമായ ഒരു പരിവർത്തനം തന്നെ മുസ്‌ലിങ്ങളിൽ അൽഹിലാലിന്നു് വരുത്തുവാൻ കഴിഞ്ഞുവെന്നു് പറഞ്ഞാൽ അതൊരു പച്ചപ്പരമാർത്ഥം മാത്രമാണു്. 1914ൽ യുദ്ധം തുടങ്ങിയപ്പോൾ ബ്രിട്ടിഷ് നയത്തെ രൂക്ഷമായി വിമർശിച്ചതു കൊണ്ടു് അൽഹിലാലിന്റെ ജാമ്യത്തുക കണ്ടുകെട്ടി. അതിനു ശേഷമാണു് "അൽബലാഗ്" തുടങ്ങിയതു്. പിന്നീടാണു് അദ്ദേഹത്തിന്റെ പത്രങ്ങൾക്കു് നിരോധനാജ്ഞ പുറപ്പെടുവിച്ചതു്. ഈ സമരങ്ങളുടെ ഫലമായി മൌലാനായ്ക്കു് നാലു കൊല്ലം തടവു ശിക്ഷ അനുഭവിക്കേണ്ടി വന്നു. ഈ അവസരത്തിൽ ജയിലിൽ വച്ചാണു് മൌലാനാ സുപ്രസിദ്ധ ഖുർആൻ വ്യാഖ്യാനത്തിന്റെ ഒരു ഭാഗമെഴുതിയതു്.

ഇൻഡ്യൻ മുസ്‌ലിങ്ങളുടെ ഇടയിൽ കൊടുങ്കാററു സൃഷ്ടിച്ച ഖിലാഫത്തു് പ്രസ്ഥാനത്തിന്റെ ജീവനാഡി ആസാദായിരുന്നു. അലീസഹോദരന്മാർ, ഡോ. ആൻസാരി എന്നിവരോടൊപ്പം അത്യുന്നതമായ ഒരു സ്ഥാനമാണു് അദ്ദേഹത്തിനുണ്ടായിരുന്നതു്. 1920-ൽ കൽക്കത്തയിൽവെച്ചു് കൂടിയ ബങ്കാൾ ഖിലാഫത്തു് സമ്മേളനത്തിൽ നിസ്സഹകരണപ്രസ്ഥാന പ്രമേയമവതരിപ്പിച്ചതു് ഗാന്ധിജിയാണെങ്കിലും ആസാദാണു് അതിന്നു് രൂപം കൊടുത്തതു.

1920 സെപ്തംബറിൽ കോൺഗ്രസ്സിന്റെ പ്രത്യേകസമ്മേളനം കൽക്കത്തയിൽവെച്ചു് ചേർന്നപ്പോൾ അവിടെ വെച്ചാണു് മൌലാനായും ഗാന്ധിജിയും തമ്മിലുള്ള അടുപ്പം ആരംഭിച്ചതു്. ആ സ്നേഹബന്ധം ഗാന്ധിജിയുടെ മരണംവരെ നിലനിന്നിരുന്നു. ഖിലാഫത്തു് സമിതിയുടെ അദ്ധ്യക്ഷനായി മൌലാനായാണു് തിരഞ്ഞെടുക്കപ്പെട്ടതു്. 1921-ൽ ലാഹോറിൽവെച്ചു ചേർന്ന ജമാഅത്തുൽ-ഉലേ-മാ-ഹിന്ദിന്റെ അദ്ധ്യക്ഷൻ മൌലാനായല്ലാതെ മററാരുമായിരുന്നില്ല. 1921 ലെ വെയിത്സ് രാജകുമാരന്റെ സന്ദർശനാവസരത്തിൽ ബങ്കാളിൽ ഹർത്താൽ ഏററവുമധികം വിജയിച്ചിരുന്നു. മൌലാനാ, സി. ആർ. ദാസ്, ബോസ് മുതലായ ധീരകേസരികളാണു് അതിന്റെ സൂത്രധാരത്വം വഹിച്ചിരുന്നതു്. 1921 മാർച്ചുമാസത്തിൽ മൌലാനായും ഗാന്ധിജിയും പഞ്ചാബിൽ പര്യടനം നടത്തിക്കൊണ്ടിരിക്കുമ്പോൾ നിരോധനാജ്ഞകൾ ഉണ്ടായിരുന്നിട്ടും അദ്ദേഹം തന്റെ പ്രഭാഷണം മുറയ്ക്കു നടത്തിക്കൊണ്ടിരുന്നു. പക്ഷെ അറസ്റ്റു് ചെയ്യുവാൻ ബ്രിട്ടിഷ് സാമ്രാജ്യത്വത്തിന്റെ നാടൻ പ്രതിനിധികൾക്കു് ധൈര്യമുണ്ടായില്ല. ഡിസംബറിൽ ബ്രിട്ടിഷ് സാമ്രാജ്യത്തിന്റെ കിങ്കരന്മാർ മൌലാനായെ അറസ്റ്റു ചെയ്തു് ഒരു കൊല്ലത്തെ കഠിന തടവിനു വിധിച്ചു. മൌലാനാ കോടതിയിൽ ശ്രദ്ധേയമായ ഒരു പ്രസ്താവന വായിക്കുകയുണ്ടായി. ആ പ്രസ്താവനയെക്കുറിച്ചു് ഗാന്ധിജി ഇപ്രകാരം പറഞ്ഞു, "അതിലെ ഓരോ വാക്കും പഠിക്കേണ്ടതാണു്. ദേശീയത്വം, ഖിലാഫത്തു് എന്നീ കാര്യങ്ങളെപ്പററി മൌലാനായ്ക്കുള്ള അഭിപ്രായങ്ങളെ സമർത്ഥമായി വിശദീകരിക്കുന്ന ഒരു പ്രബന്ധമാണിതു. ആജീവനാന്തം അടിമത്തം ശിക്ഷയായി നല്കത്തക്കവിധത്തിലുള്ള ഒരു പ്രഭാഷണം!"

ഗയാ കോൺഗ്രസ്സിന്നു് 14 ദിവസം മുമ്പു് ആസാദ് ജയിൽ വിമുക്തനായി. 1923 ൽ മൌലാനായുടെ 35-ാമത്തെ വയസ്സിൽ രാഷ്ട്രപതിയായി മൌലാനാ തിരഞ്ഞെടുക്കപ്പെട്ടു. ഇത്ര ചെറുപ്പത്തിൽ ഏററവും വലിയ ഈ ബഹുമതി ഇതിനു് മുമ്പു് ഇൻഡ്യയിലാർക്കും ലഭിക്കുകയുണ്ടായിട്ടില്ല. മൌലാനായുടെ വ്യക്തി മഹാത്മ്യത്തിനും കർമ്മകുശലതയ്ക്കും ഒരുത്തമ നിദർശനമാണിതു്. കോൺഗ്രസ്സിലെ ഭിന്നിച്ചു നിന്നിരുന്ന ശക്തികളെ യോജിപ്പിക്കുവാൻ മൌലാനായുടെ അനുരഞ്ജനശ്രമത്തിനു് നിഷ്പ്രയാസം കഴിഞ്ഞു. വർഗ്ഗീയ ലഹളകൾ പൊട്ടിപ്പുറപ്പെട്ടപ്പോൾ അതിനെ അമർച്ച ചെയ്യുവാൻ മൌലാനാ ആസാദ് വഹിച്ച പങ്കു് അവിസ്മരണീയമാണു്. ഡൽഹിയിലെ ഐക്യ മഹാസമ്മേളനത്തിന്റെ അദ്ധ്യക്ഷൻ ആസാദു് തന്നെയായിരുന്നു. നിയമ ലംഘനത്തിന്റെ മൂർദ്ധന്യ ദശയിലെത്തിയപ്പോൾ മൌലാനാ കോൺഗ്രസ്സിന്റെ ആക്ടിങ്ങ് പ്രസിഡണ്ടാ

യി. 1931 ആഗസ്ററു 30-ാനം അദ്ദേഹം അറസ്ററു ചെയ്യപ്പെട്ടു.

1932-ൽ മൗലാനാ വീണ്ടും കോൺഗ്രസ്സിന്റെ നായകനായി. നിയമലംഘനമാരംഭിച്ചു. മാർച്ച് 21-ാം തിയ്യതി ജയിലിനുള്ളിലായി. 1933-ൽ രൂപവൽക്കരിച്ച പാർലമെന്ററി ബോർഡിൽ മൗലാനാ ആസാദ് അംഗമായിരുന്നു. 1935-ൽ സംസ്ഥാനങ്ങളിൽ കോൺഗ്രസ്സ് മന്ത്രിസഭകൾ രൂപീകരിച്ചപ്പോൾ അവയെ നയിക്കാനും നിയന്ത്രിക്കാനും തെരഞ്ഞെടുക്കപ്പെട്ട സമിതി അംഗങ്ങൾ മൗലാനാ, പ്രസാദ്, പട്ടേൽ മുതലായവരായിരുന്നു.

വടക്കു പടിഞ്ഞാറൻ അതിർത്തിസംസ്ഥാനത്തിൽ മന്ത്രിസഭ രൂപീകരിക്കുവാൻ കോൺഗ്രസ്സിനു് 4 അംഗങ്ങളുടെ കുറവുണ്ടായിരുന്നു. പല അംഗങ്ങളെയും കണ്ടു് പ്രതിജ്ഞാപത്രത്തിൽ ഒപ്പ് വാങ്ങിക്കാനും ഖാൻ സാഹിബ് മന്ത്രിസഭാ രൂപവൽക്കരണത്തിനു് വഴി തെളിക്കുവാനും മൗലാനായ്ക്കു് കഴിഞ്ഞു. ബിഹാറിലെ സുപ്രസിദ്ധമായ കുടിയായ്മ നിയമം പാസ്സാക്കുന്നതിൽ ആസാദ് വഹിച്ച പങ്കു് അവിസ്മരണീയമാണ്.

1938-ൽ മൗലാനായുടെ പേരു് കോൺഗ്രസ്സിന്റെ അദ്ധ്യക്ഷസ്ഥാനത്തേക്കു് നിർദ്ദേശിക്കുകയുണ്ടായെങ്കിലും നെഹ്റു, ഗാന്ധിജി എന്നിവരോടൊപ്പം സുഭാഷിനു വേണ്ടി അദ്ദേഹവും പിൻമാറുകയാണുണ്ടായതു്. 1939-ലും മൗലാനായുടെ പേരു് ആ സ്ഥാനത്തേക്കു് നിർദ്ദേശിച്ചുവെങ്കിലും, പട്ടാഭിക്കു വേണ്ടി അദ്ദേഹം പിൻമാറി.

കോൺഗ്രസ്സ് മന്ത്രിസഭകൾ രാജിവച്ചതിനു ശേഷം, യുദ്ധപരിതഃസ്ഥിതിയിൽ, കോൺഗ്രസ്സിന്റെ നയങ്ങൾ രൂപവൽക്കരിക്കാനും നയിക്കാനും വേണ്ടി ഉണ്ടാക്കിയ ഉപസമിതി അംഗങ്ങൾ മൗലാനായും, നെഹ്റുവും, പട്ടേലുമായിരുന്നു.

പിന്നീട് ആറു കൊല്ലക്കാലം കോൺഗ്രസ്സിന്റെ പ്രസിഡണ്ടായിക്കൊണ്ട്, കോൺഗ്രസ്സിനെ നയിച്ചതു് ആ വിദഗ്ദ്ധനായിരുന്നു. ക്രിപ്സ് ദൗത്യകാലത്തു് കോൺഗ്രസ്സിനെ പ്രതിനിധീകരിച്ചതു് ആസാദും നെഹ്റുവുമായിരുന്നു. ഇന്ത്യയിലങ്ങോളമിങ്ങോളം കോളിളക്കം സൃഷ്ടിച്ച "ക്വിററ് ഇന്ത്യാ" സമരകാലത്തു് മൗലാനാ വീണ്ടും അറസ്റ്റ് ചെയ്യപ്പെടുകയുണ്ടായി. ഭാര്യയെ ഒരു നോക്കു് കാണാൻപോലും മൗലാനായെ ബ്രിട്ടീഷധികൃതന്മാർ അനുവദിക്കുകയുണ്ടായില്ല.

യുദ്ധാനന്തരം ബ്രിട്ടനിൽ ആററ്ലിയുടെ നേതൃത്വത്തിൽ ലേബർ ഗവൺമെന്റധികാരത്തിൽ വന്നു. ഇന്ത്യക്കു് സ്വാതന്ത്ര്യം നല്കാൻ അവർ തീർച്ചയാക്കി. ഇന്ത്യൻ നേതാക്കന്മാരുമായി കൂടിയാലോചിക്കുന്നതിനുവേണ്ടി ഒരു ബ്രിട്ടീഷ് മന്ത്രിസംഘം ഇന്ത്യയിലേക്കു് വരികയുണ്ടായി. കോൺഗ്രസ്സിന്റെ പ്രതിനിധി എന്ന നിലയിൽ ആ കൂടിയാലോചനയിൽ പങ്കെടുത്തതു് "കോൺഗ്രസ്സിന്റെ തലച്ചോറാ"യ മൗലാനാ ആസാദായിരുന്നു. ഇന്ത്യൻ ഭരണഘടനാനിർമ്മാണ സമിതിയിൽ മൗലാനാ അംഗമായിരുന്നു.

സ്വാതന്ത്ര്യത്തിനു ശേഷം ജവഹർലാലിന്റെ മന്ത്രിസഭയിലെ വിദ്യാഭ്യാസമന്ത്രിപദം അലങ്കരിച്ചിരുന്നതു് അദ്ദേഹമാണ്. വിദ്യാഭ്യാസ സമ്പ്രദായത്തിൽ സമൂലമായ ഒരു പരിവർത്തനം വരുത്തണമെന്നദ്ദേഹം ആഗ്രഹിച്ചിരുന്നു. പക്ഷെ, ആ അഭിലാഷം പൂർണ്ണമായി സഫലീകരിച്ചു കാണാൻ അദ്ദേഹത്തിനു് വിധിയുണ്ടായില്ല. മൗലാനാ ഐക്യരാഷ്ട്രസഭയുടെ ഒരു വിഭാഗമായ യുനെസ്കോവിന്റെ അദ്ധ്യക്ഷനായിട്ടുണ്ട്.

കോൺഗ്രസ്സ് ഹൈക്കമാണ്ടിലും മൗലാനാ അംഗമായിരുന്നു. കോൺഗ്രസ്സിൽ അഭിപ്രായ വ്യത്യാസങ്ങൾ മൂലം വിഭാഗങ്ങളുണ്ടാകുമ്പോൾ അനുരഞ്ജനശ്രമത്തിനു് മൗലാനായെയാണ് എല്ലാവരും സമീപിക്കുക. ഇതു് ആസാദിനുള്ള ഒരു പ്രത്യേക ഗുണമാണ്.

"ഇന്ത്യ സ്വാതന്ത്ര്യം നേടുന്നു" എന്ന അദ്ദേഹത്തിന്റെ ഒടുവിലത്തെ പുസ്തകം ഇരുളടഞ്ഞ ഇന്ത്യൻ സ്വാതന്ത്ര്യസമര ചരിത്രത്തിലെ പല സംഭവങ്ങളിലേയ്ക്കും വെളിച്ചം വീശുന്നുണ്ട്. ഇന്ത്യൻ വിദേശനയത്തിന്റെ ശില്പികളിൽ ഒരാളായിരുന്നു മൗലാനാ ആസാദ്. ഇന്ത്യയും അറബി ലോകിൽ

പ്പെട്ട പല രാജ്യങ്ങളും തമ്മിൽ അടുത്ത ബന്ധം സ്ഥാപിക്കുന്നതിൽ അദ്ദേഹം ഗണ്യമായ പങ്ക് വഹിച്ചിട്ടുണ്ട്.

മൌലാനാ ആസാദ് ഗാന്ധിജിയെ അന്ധമായി ആരാധിച്ചിരുന്നില്ല. പ്രത്യുത, പല കാര്യങ്ങളിലും അവർ തമ്മിലഭിപ്രായ വ്യത്യാസമുണ്ടായിരുന്നു. ഗാന്ധിജിയുടെ അഹിംസാനയം ഇതിനൊരു ദൃഷ്ടാന്തമാണ്.

ആസാദിന്റെ ചരമത്തിൽ ഏറ്റവുമധികം ദുഃഖിക്കുന്നത് ഒരു പക്ഷേ ജവഹർലാലായിരിക്കും. കാരണം ജവഹർലാലിന്റെ വലംകയ്യായിട്ടാണ് മൌലാനാ പ്രവർത്തിച്ചിരുന്നത്.

സ്വാതന്ത്ര്യസമരത്തിലെ ഒരു മുന്നണിയോദ്ധാവും, ഇന്ത്യൻ ദേശീയത്വത്തിന്റെ ആചാര്യന്മാരിലൊരാളും, കുശാഗ്രബുദ്ധിയായ ഒരു രാജ്യതന്ത്രജ്ഞനും, പ്രകാശമതിയായ ഒരു ചിന്തകനും, മുസ്ലിം ലോകത്തിന്റെ അനിഷേധ്യനേതാക്കന്മാരിലൊരാളുമാണ് മൌലാനാ അബ്ദുൽകലാം ആസാദിന്റെ നിര്യാണംമൂലം നമുക്കു നഷ്ടപ്പെട്ടിട്ടുള്ളത്. മൌലാനാ ആസാദ് നമ്മെ വിട്ടുപിരിഞ്ഞെങ്കിലും അദ്ദേഹത്തിന്റെ പാവനസ്മരണ തലമുറകൾക്കാവേശം നല്കിക്കൊണ്ട് എന്നും ജീവിക്കും.




"അയ്യയ്യോ! നീയെന്താ ഇങ്ങനെ രണ്ടു കോട്ടുകൾ ഇട്ടുകൊണ്ടു പഠിക്കുന്നതു?"

"അതോ! അതൊരു രഹസ്യമാ! ഇന്നലെ ആ പെയിന്റർ പപ്പു പറയുന്നതു കേട്ടു രണ്ടു കോട്ടിട്ടാൽ റിസൽട്ട് വളരെ കേമമായിരിക്കുമെന്ന്."

*By* A. T. Thomas

# ഓടിമറഞ്ഞ കത്തിക്കിളി

K. J. MATHEW, U. P. Batch A.

മഴ കോരിച്ചൊരിഞ്ഞുകൊണ്ടിരുന്നു. ഇരുണ്ട അന്തരീക്ഷം.

നാലുമണിയടിച്ചു. സ്കൂൾവിട്ടു. വീട്ടിലെത്താൻ കൊതിയേറുന്ന കുസൃതിക്കുട്ടന്മാരുടെ ആർപ്പുവിളികൾ മുഴങ്ങി. ചിലർ കൊച്ചുകുടകളുമെടുത്തു് യാത്രതുടങ്ങി.

പാവം സണ്ണി! കുടകൊണ്ടുവന്നിരുന്നില്ല.

മഴയുടെ ശക്തി കുറഞ്ഞുവരുന്നു.
ഒരിടിവാൾ മിന്നിമറഞ്ഞു.
ഒരു ചെറിയ ഇടിമുഴങ്ങി.
മഴയുടെ ശക്തി വീണ്ടും കുറഞ്ഞു.

എന്തു ചെയ്യണമെന്നറിയാതെ സണ്ണി അല്പം പതുങ്ങിനിന്നു. ഇപ്പോൾ ഒരു ചെറിയ ചാറൽമഴ മാത്രം. സണ്ണി പുസ്തകവുമെടുത്തു് മുററത്തു ചാടിയിറങ്ങി ത്വരിതഗതിയിൽ നടന്നു തുടങ്ങി.

“സണ്ണി.”

പുറകിൽനിന്നാരോ വിളിച്ചു. സണ്ണി അപ്പോഴേക്കും സ്കൂൾഗേററിൽ എത്തിയിരുന്നു. അവൻ തിരിഞ്ഞുനോക്കി. ലിസി ഓടിവരുന്നു.

“സണ്ണി എൻെറ കുടയിൽ കേറിക്കോ; മഴനനയണ്ട; പനിപിടിക്കും” കുറച്ചുനേരം സണ്ണി പകച്ചുനിന്നു. ഒരു ചെറിയ കാററു വീശി. അടുത്തുനിന്ന പുളിമരം കുണുങ്ങി കുണുങ്ങി തൻെറ വീണമീട്ടി.

“എന്നോടുവഴക്കാണോ ?” ലിസി വേദനയോടെ ചോദിച്ചു.

“ഓ എന്തിനു്.”

സണ്ണി ലിസിയുടെ കുടയിൽക്കയറി. അവർ ഗേററു കടന്നു റോഡിൽഎത്തി. അങ്ങകലെ തീവണ്ടിയുടെ ചൂളംവിളി കേൾക്കാം. അവർ സാവധാനം നടക്കുകയാണു്.

“ഞാനോർത്തു സണ്ണി വഴക്കുകൂടിയിരിക്കുവാണെന്നു്.”

ലിസിയുടെ കണ്ണുകൾ ചുവന്നു. ആ ഇരുണ്ടമുഖം ചുവന്നുതുടിച്ചു. കത്തിക്കിളികളുടേതി പാറിക്കിടക്കുന്ന തലമുടി കോതിയൊതുക്കിക്കൊണ്ടു് അവൾ ‘സണ്ണി’യുടെ മുഖത്തേയ്ക്കുനോക്കി. അവൻ പുസ്തകം മാറോടണച്ചുകൊണ്ടു് മുഖം കുനിച്ചു നടക്കുകയാണു്.

നെററിയിൽ ഒരു ചെറിയ മുറിവു്! അതു കണ്ടു് ലിസി വിങ്ങി വിങ്ങിക്കരഞ്ഞു.

“എന്തിനാ ലിസി കരേന്നതു്.”

“ഞാനറിയാതെ എറിഞ്ഞതാ”

ഇന്നലെയാണതുണ്ടായതു്. സണ്ണി ബാബുവുമൊത്തു് കുളത്തിൽ കുളിച്ചുകൊണ്ടിരിക്കുകയായിരുന്നു. അപ്പോഴാണു് ലിസിയും അമ്മയും പള്ളിയിൽനിന്നും മടങ്ങി വരുന്നതു്. അവൾ മോടിയിൽ വസ്ത്രം ധരിച്ചിരുന്നു. കുളത്തിൻറടുത്തായപ്പോൾ അവളുടെ അമ്മ അടുത്തുള്ള കല്യാണിയമ്മയുടെ വീട്ടിലേയ്ക്കുപോയി. ലിസി ഓടി കുളക്കടവിലെത്തി.

“സണ്ണിയെന്താ പള്ളീവരാഞ്ഞതു്”

“എനിക്കു മനസ്സില്ലായിരുന്നു”

സണ്ണി ചിരിച്ചുകൊണ്ടു് വെള്ളത്തിൽ മുങ്ങി. ഇതുകണ്ടു് ലിസിക്കു കലികയറി. മുഖം വീർപ്പിച്ചുകൊണ്ടു് അവൾ കൊഞ്ഞനം കാണിച്ചു.

“ചെറുക്കൻ പിശാചാ”

“ആയിക്കോട്ടെ”

സണ്ണി ഓടി കുളക്കരയിൽക്കയറി. ഉടൻ തന്നെ കരയിൽനിന്നും വെള്ളത്തിലേയ്ക്കു കുതിച്ചു. കുറച്ചുവെള്ളം ലിസിയുടെ ഉടുപ്പിൽ തെറിച്ചുവീണു.

“എൻറുടുപ്പേൽ വെള്ളം തെറിപ്പിച്ചാലൊണ്ടല്ലോ. ങാ”

“തെറിപ്പിച്ചാലെന്നായെടുക്കും?”

"കല്ലുപെറുക്കിയെറിയും"

"ആണോ. തെണ്ടീ, സണ്ണിച്ചെറുക്കനും ലിസിപ്പെണ്ണുംകൂടെ വഴക്കൊണ്ടാക്കണേ." ബാബു വിളിച്ചുകൂവി.

"പോടാ തെണ്ടീ"

സണ്ണിയും ബാബുവും തമ്മിലൊരു വാക്കേററം നടന്നു. വാക്കേററം പരസ്പരം വെള്ളം തെറിപ്പിക്കലായി. അതുകണ്ടു ലിസി കൈകൊട്ടിച്ചിരിച്ചു.

"പെണ്ണേ, ഓടിക്കോ?" സണ്ണിക്കു് ലിസിയുടെ ചിരി ഇഷ്ടപ്പെട്ടില്ല.

"ഓടിയില്ലെങ്കിലെന്തായെടുക്കും."

"ഓടിക്കും"

സണ്ണി ലിസിയുടെ ഉടുപ്പേൽ വെള്ളം തെറിപ്പിച്ചു. ലിസിക്കു ദേഷ്യം വന്നു. "പട്ടിച്ചണ്ണി" എന്നു വിളിച്ചുകൊണ്ടവൾ കല്ലെടുത്തു് ഒരേറുകൊടുത്തു.

"അയ്യോ!" ഒരു ദീനസ്വരം ഉയർന്നു. ലിസി നാലുപാടും നോക്കി. ഒററയോട്ടത്തിനു വീട്ടിലെത്തി.

ബാബു സണ്ണിയെ വെള്ളത്തിൽനിന്നും കരയ്ക്കു കയററി. സണ്ണിയുടെ നെററിയിൽനിന്നും ചോരയൊഴുകുന്നു.

"എന്തു പററി" എന്നു ചോദിച്ചുകൊണ്ടു് ലിസിയുടെ അമ്മ അവിടെ ഓടിയെത്തി. അവർ അവന്റെ തലതുവർത്തി നിക്കറിടീച്ചു. അപ്പോഴും അവന്റെ നെററിയിൽനിന്നും ചോര കുറേശ്ശെയായി ഒലിക്കുന്നുണ്ടായിരുന്നു.

"നമുക്കു വീട്ടിലേയ്ക്കുപോകാം" എന്നു പറഞ്ഞുകൊണ്ടു് അവർ അവനെ വീട്ടിലേയ്ക്കു കൊണ്ടുപോയി. നെററിയധികം മുറിഞ്ഞിരുന്നില്ല. ഒരു ചെറിയ മുറിവു്. മരുന്നുവച്ചു. തുണികൊണ്ടു് ഒരു ചെറിയ കെട്ടും. സണ്ണി ആ പരിസരങ്ങളിലെല്ലാം കണ്ണോടിച്ചു. ഇല്ല. ലിസിയെക്കാണാനില്ല. കള്ളിപ്പെണ്ണു്, ഒളിച്ചുകളഞ്ഞു. "ലിസി എറിഞ്ഞതാണെന്നു പറഞ്ഞാലോ" അവൻ ആലോചിച്ചു. "വേണ്ട" എന്നു് അവൻ നിശ്ചയിച്ചു. കല്ലിൽ മുട്ടിയതാണെന്നു് അവൻ ലിസിയുടെ അച്ചനോടു പറഞ്ഞു. ലിസി അതു് ഒളിഞ്ഞിരുന്നുകേട്ടു. അവൾ നിശ്ശബ്ദമായിക്കരഞ്ഞുപോയി.

പിറേറദിവസം രണ്ടുപേരും ഒരുമിച്ചാണു് സ്കൂളിൽ പോയതു്. പരസ്പരം മിണ്ടിയില്ല. ക്ലാസ്സിൽ ഇരുന്നു് ഗൗരവത്തിൽ നോക്കി. എന്നാൽ നാലുമണിക്കു് മഴ നനഞ്ഞു പൊള്ളുണ്ടിരുന്ന സണ്ണിയെ തന്റെ കുടയിൽ കയറാതിരിക്കുവാൻ ലിസിക്കു സാധിച്ചില്ല. അങ്ങനെ അവർ വീണ്ടും രമ്യതയിലായി.

മഴമാറി. കാർമൂടൽ പോയി. അകലെ കുന്നിൻ മുകളിൽ ഇളം വെയിൽ പരന്നു.

സണ്ണിയും ലിസിയും റെയിൽവേ പാളത്തിനടുത്തെത്തി. പാളം കടന്നു് അവർ പാടത്തിറങ്ങി വരമ്പത്തുകൂടി നടക്കുകയാണു്.

സണ്ണിയും ലിസിയും!!

എട്ടുവയസ്സു വീതം പ്രായമുള്ള രണ്ടു കുട്ടികൾ. രണ്ടുപേരും ഒരേ ക്ലാസ്സിലാണു പഠിക്കുന്നതു്. നാലാം ക്ലാസ്സിൽ. സണ്ണി പഠനത്തിൽ സമർത്ഥനാണു്. പ്രത്യേകിച്ചു് കണക്കിനു്. ലിസിക്കു് കണക്കിനു് സണ്ണി ഒരു സഹായമാണു്.

ഇണപിരിയാത്ത കൂട്ടുകാർ!!

അമ്മയില്ലാത്ത കുട്ടിയാണു് സണ്ണി. അമ്മയെ സണ്ണിക്കു് നല്ല ഓർമ്മയില്ല. നാലുവർഷങ്ങൾക്കപ്പുറം—ഒരു ചെറിയ ഓർമ്മമാത്രം.

അച്ചാച്ചനു് (സണ്ണി അങ്ങനെയാണു് അവന്റെ പിതാവിനെ വിളിക്കുക.) അങ്ങു് ബോംബെയിലാണു് ജോലി. രണ്ടാം കെട്ടിനു് അദ്ദേഹത്തിനു് ഇഷ്ടമില്ലായിരുന്നു. പക്ഷേ കെട്ടി. "ഒരു നല്ല സ്ത്രീ." നാട്ടുകാർ സണ്ണിയുടെ രണ്ടാനമ്മയെപ്പററി പറയാറുണ്ടു്. സണ്ണിക്കൊരു തുണയാണവൾ. വലിയ സ്നേഹവുമാണു്.

അച്ചാച്ചൻ ബോംബെയിലായിരിക്കുമ്പോൾ സണ്ണിയും കൊച്ചമ്മയും (അങ്ങനെയാണു് സണ്ണി അവന്റെ രണ്ടാനമ്മയെ വിളിക്കാറുള്ളതു്) അദ്ദേഹത്തിന്റെ അനുജനായ ജോസഫുമൊന്നിച്ചാണു് താമസം.

ജോസഫിനെ സണ്ണി കൊച്ചപ്പനെന്നാണു് വിളിക്കുക. അയാളൊരു ക്ലാർക്കാണു്. അഞ്ചു മൈലകലെയുള്ള ഒരു ആഫീസിലാണു് ജോലി. "ഒരു നല്ല മനുഷ്യൻ" പൊതുജന സംസാരം ഇതാണു്.

സണ്ണിയുടെ അച്ചാച്ചൻ ആണ്ടിലൊരിക്കൽ വരും. സണ്ണിയെയും കൊച്ചമ്മയെയും ബോംബേയ്ക്കു കൊണ്ടുപോകണമെന്ന് ആഗ്രഹമുണ്ട്. എന്നാൽ അതു സണ്ണിയുടെ പഠനത്തിന് ഒരു വിഘാതമായിത്തീരുവാൻ ഇടയുള്ളതിനാൽ അദ്ദേഹത്തിന്റെ ആഗ്രഹം നിറവേറാതെ കിടന്നുപോയി.

ബോംബെയിൽനിന്നു വന്നാൽ അദ്ദേഹം രണ്ടുമാസം കഴിഞ്ഞേ പോകാറുള്ളു. വരുമ്പോൾ സണ്ണിയുടെ പേയ്ക്ക് എന്തെല്ലാം കൊണ്ടുവരുമെന്നോ! അതിനൊരു കൈയും കണക്കുമില്ല.

അച്ചാച്ചൻ വന്നാൽ സണ്ണിക്ക് ഒരു പ്രത്യേക ഉണർവ്വുണ്ടാകാറുണ്ട്. പിന്നെ ബോംബേയിലെ സംഗതികളെപ്പറ്റിയാണ് സണ്ണിയുടെ സംസാരം. പിന്നെ കളിപ്പാട്ടങ്ങളെപ്പറ്റി. അങ്ങനെ സംസാരം നീണ്ടു നീണ്ടുപോകും.

അച്ചാച്ചനിപ്പോൾ വന്നിട്ടുണ്ട്. വന്നപ്പോൾ സണ്ണിക്കുവേണ്ടി വളരെയേറെ സാധനങ്ങൾ കൊണ്ടുവന്നു. കളിപ്പാട്ടങ്ങൾ, ഉടുപ്പുകൾ, അങ്ങനെ പോകുന്നു അതിന്റെ പട്ടിക. സണ്ണി അവയിൽ ഒരു നർത്തകിയുടെ പ്രതിമ ലിസിക്കു സമ്മാനിച്ചു. ലിസി തുള്ളിച്ചാടി. തന്റെ സന്തോഷം രേഖപ്പെടുത്തി.

പക്ഷേ ആ സന്തോഷം നീണ്ടുനിന്നില്ല. കഴിഞ്ഞ ശനിയാഴ്ച രാവിലെ മുതൽ അച്ചാച്ചന് എന്തോ ഒരസുഖം. പത്തു മണിയായപ്പോൾ രണ്ടു പ്രാവശ്യം ഛർദ്ദിച്ചു. ജോലിക്കാരി പറഞ്ഞു ഛർദ്ദിലിൽ ചോരമയമുണ്ടെന്ന്. ഡോക്ടർ വന്നു. മരുന്നുകൊടുത്തു.

ഛർദ്ദിൽ കുറഞ്ഞുവെന്നു മട്ടായി. പക്ഷേ ഞായറാഴ്ച വീണ്ടും ഛർദ്ദിച്ചു. കൂടുതൽ ചോരമയം. കൂടുതൽ ദുർഗ്ഗന്ധം. ഡോക്ടർ വീണ്ടും വന്നു. രണ്ടു പ്രാവശ്യം ഇൻജക്ഷനെടുത്തു. പത്തുമണി കഴിഞ്ഞപ്പോൾ ഡോക്ടർ പോയി. അച്ചാച്ചന്റെ മുഖം ഇപ്പോൾ കൂടുതൽ പ്രസന്നമാണ്.

തിങ്കളാഴ്ച അല്പം പനിയുണ്ടായിരുന്നു. സണ്ണി സ്കൂളിൽ പോകേണ്ടെന്ന് തീരുമാനിച്ചു. പക്ഷേ അച്ചാച്ചൻ അതനുവദിച്ചില്ല. അദ്ദേഹം തന്നെ അവനെ സ്കൂളിലേയ്ക്കു യാത്രയാക്കി. സ്കൂളിലായിരുന്നപ്പോൾ അച്ചാച്ചന്റെ രോഗകാര്യങ്ങളെപ്പറ്റിയായിരുന്നു—അവന്റെ ചിന്ത.

സണ്ണിയും ലിസിയും നിശ്ശബ്ദരായി നടക്കുകയാണ്. ആ കൂട്ടുകാർ വളഞ്ഞുതിരിഞ്ഞു കിടക്കുന്ന ചെറുവരമ്പുകളെ പിന്നിടുകയാണ്. ലിസി തന്റെ സാഹസപ്രവൃത്തിയിൽ കൂടുതൽ വേദനിച്ചു. അവൾ തന്റെ കൂട്ടുകാരന്റെ മുഖത്തേയ്ക്കു തുറിച്ചു നോക്കിക്കൊണ്ട് പതുക്കെ ചോദിച്ചു. "സണ്ണിക്കു വല്ലാതെ വേദനിച്ചോ."

"പോയ്! തൊലിപ്പുറം മുറിഞ്ഞതേയുള്ളു."

ലിസിയെ സന്തോഷിപ്പിക്കുവാൻ സണ്ണി നിസ്സാരമട്ടിൽ പറഞ്ഞു. ആ കൊച്ചു മുഖത്തൊരു പുഞ്ചിരി പരന്നു. പക്ഷേ അതു പെട്ടെന്നു മാറി. "സണ്ണിയുടെ അച്ചാച്ചന്റെ അസുഖം മാറിയോ ?" ലിസി അന്വേഷിച്ചു.

"മാറി."

ഇളംവെയിലും നെൽവയലും ഇളക്കിക്കൊണ്ട് മദിരാശി മെയിൽ അതിലേ കടന്നുപോയി.

ഇടവപ്പാതി പെയ്തു കഴുകിത്തെളിഞ്ഞ പ്രകൃതി. കാർമേഘങ്ങൾ കൂടെക്കൂടെ മുങ്ങാംകുളി ഇട്ടു കളിക്കുന്ന സായാഹ്നം.

"സണ്ണിയുടെ അച്ചാച്ചൻ എന്നാണു പോകുന്നതു?" തീവണ്ടിയുടെ കടകടാ ശബ്ദം അങ്ങകലത്തായപ്പോൾ ലിസി ചോദിച്ചു.

"ബുധനാഴ്ച." സണ്ണിയുടെ ശബ്ദത്തിൽ വേദന കലർന്നിരുന്നു. അച്ചാച്ചനെ വിട്ടു പിരിയാനുള്ള പ്രയാസം.

അവർ കുളക്കരയിലെത്തി. ഒരു പുലക്കിടാത്തൻ പുഴയിൽ ചൂണ്ടലിട്ടുകൊണ്ടിരിക്കുന്നു. അന്തിവെയിലിൽ കുളത്തിലെ ജലം മിന്നിത്തിളങ്ങി. കുറച്ചു കഴിഞ്ഞപ്പോൾ അന്തിവെയിലിൽ മിന്നിത്തിളങ്ങുന്ന ജലപ്പരപ്പിലേക്കു കണ്ണുകളയച്ചുകൊണ്ട് ആ എട്ടു വയസ്സുകാരി ചോദിച്ചു.

"പോയാലെന്നു വരും."

"അടുത്ത കൊല്ലം."

സണ്ണിയുടെ കണ്ണിൽ വെള്ളം നിറഞ്ഞു. അതു കണ്ട് ലിസിക്കും വിഷമമുണ്ടായി.

മാനം മങ്ങിത്തുടങ്ങി. പടിഞ്ഞാറു കാറു വീശുന്നു. ഇടിമുഴക്കം കേട്ടുതുടങ്ങി. നെൽപ്പാടത്തു നിറഞ്ഞുകിടക്കുന്ന വെള്ളത്തെ ചുംബിച്ചുകൊണ്ടു മാരുതൻ സഞ്ചാരം ആരംഭിച്ചു. ആ കൂട്ടുകാർ വേഗം നടന്നു. അതാ! ഒരാൾ ഓടിവരുന്നു. സണ്ണിയുടെ വീട്ടിൽ വേലയ്ക്കു നില്ക്കുന്ന മത്തായിച്ചേട്ടൻ.

"സണ്ണി വേഗം വാ."

"എന്താ മത്തായിച്ചേട്ടാ?"

"ഒന്നുമില്ല വേഗം വാ."

അവരോടി. ലിസിയുടെ വീടിന്റെ ഗേററും കഴിഞ്ഞു. സണ്ണി തിരിഞ്ഞുനോക്കി. ലിസി പടിവാതുക്കൽ അവർ പോകുന്നതും നോക്കി നില്ക്കുന്നു.

വീട്ടിലെത്തി.

ഒരാൾക്കൂട്ടം!

ലിസിയുടെ അമ്മയും മററും അവിടെയുണ്ട്. അച്ചാച്ചന്റെ മുറിയിൽനിന്നും ഡോക്ടർ പുറത്തേയ്ക്കു വന്നു. സണ്ണി പൊട്ടിക്കരഞ്ഞു. ചന്ദനത്തിരിയുടെ മണം അവിടെയെങ്ങും വ്യാപിച്ചു.

പിറേറദിവസം ആ റെയിൽപ്പാളത്തിനടുത്തുള്ള പള്ളിയിലേക്ക് ഒരാൾക്കൂട്ടം നീങ്ങി.

മണി മൂന്നു പ്രാവശ്യം ശബ്ദിച്ചു.

"സണ്ണി ഒരു ഭാഗ്യം കെട്ടവനാണ്." എന്ന അഭിപ്രായം നാട്ടുകാരുടെ ഇടയിൽപ്പൊങ്ങിവന്നു.

മാസങ്ങൾ പലതു കഴിഞ്ഞു. സണ്ണി സ്കൂളിൽ പോയിത്തുടങ്ങി. ആ മുഖത്തെ പ്രകാശത്തിനെന്തു മങ്ങൽ. എപ്പോഴും നിശ്ശബ്ദത. ഒരു ദിവസം രാത്രി സണ്ണി ഒരു സ്വപ്നം കണ്ടു. കൂരിരുട്ടിൽ ഒരു വെളിച്ചം! ആ വെളിച്ചത്തിന്റെ സാന്നിദ്ധ്യത്തിൽ സണ്ണിയുടെ അച്ചാച്ചൻ അടുത്തു വരുന്നു. അദ്ദേഹം മകനെ നോക്കി പൊട്ടിക്കരഞ്ഞു. രോമാവൃതമായ കൈകൾ സണ്ണിയുടെ നേരെ നീട്ടി.

"വാ"

അച്ചാച്ചൻ വിളിച്ചു. സണ്ണി ചാടിച്ചെന്നു. അച്ചാച്ചൻ അകന്നു മാറിക്കളഞ്ഞു. അല്ല. ആരോ പിറകോട്ടു പിടിച്ചു മാററിക്കളഞ്ഞു. അതാ ഒരിരുമ്പുവടിയോങ്ങി ഒരാൾ അടുക്കുന്നു.

"അയ്യോ"

അച്ചാച്ചൻ നിലത്തു കിടന്നു പിടയ്ക്കുന്നു. വായിൽനിന്നും മൂക്കിൽനിന്നും ചോരയൊഴുകുന്നു. തറയിലുവരെ ചോര. കട്ടച്ചോര. എല്ലാം ചോരമയം. ഒരു കഠാര സണ്ണിയുടെ നേരെ വരുന്നു. ആളില്ല. കഠാര മാത്രം.

സണ്ണി ഉറക്കം ഞെട്ടിയുണർന്നു. കയ്യും കാലും അനക്കാൻ സാധിക്കുന്നില്ല. എല്ലാം മരവിച്ചുപോയി. ഒരുവിധത്തിലെണീററു. ലൈററിട്ടു. മുറിയിലാകെ നോക്കി. ഒന്നും സംഭവിച്ചിട്ടില്ല. മേശപ്പുറത്തിരുന്ന അച്ചാച്ചന്റെ ഫോട്ടോ താഴെ കാററു പറത്തിയിട്ടിരുന്നു. ഭിത്തിയിൽ തൂക്കിയിരുന്ന അമ്മയുടെ ഫോട്ടോ സണ്ണിയെ നോക്കിച്ചിരിക്കുന്നു. അവൻ അച്ചാച്ചന്റെ ഫോട്ടോയെടുത്ത് മേശപ്പുറത്തു വച്ചു. ലൈററണച്ചു. കട്ടിലിൽ പോയിക്കിടന്നു. അടുത്ത മുറിയിൽനിന്ന് ആരോ അടക്കം പറയുന്നു. സണ്ണി അതു ശ്രദ്ധിച്ചു.

"നീയെന്റെ ജീവനാണ്."

"നിങ്ങളും."

"നീയെങ്കിലും എനിയ്ക്കുവേണ്ടി അങ്ങേരെ വക വരുത്തിയല്ലോ."

"നിങ്ങളല്ലേ അങ്ങേരെ വക വരുത്തിയതു്?"

"പോടി കള്ളി!"

ഒരു വളകിലുക്കം! പൊട്ടിച്ചിരി!

"ഈ രൂപംകൊള്ളുന്ന കുഞ്ഞു്!! അതു് അങ്ങേരുടേതല്ല!!"

വീണ്ടും ചിരി! വളകിലുക്കം!

സണ്ണിയറിയാതെ കിടക്കയിൽനിന്നെണീററു. ശബ്ദമുണ്ടാക്കാതെ വാതിൽ തുറന്നു പുറത്തിറങ്ങി. അടുത്തമുറിയിൽ ലൈററുണ്ട്. അവൻ ജനലിനിടയ്ക്കുകൂടെ മുറിയിലേക്കു നോക്കി.

കൊച്ചമ്മയും ജോസഫും!!

സണ്ണി സ്തംഭിച്ചുപോയി. അവനു് തല പൊട്ടിപ്പോകുംപോലെ തോന്നി.

## COLLEGE CHAMPIONS OF THE YEAR



Sosakutty Oommen



K. P. Kuriakose

## CAPTAINS OF COLLEGE TEAMS



Front Row: I. Ravindran (Volley ball); Alexander Kurian (Foot-ball); Mani Jacob (Hockey); P. Sasidharan (Cricket); A. G. Joseph (Badminton).
Back Row: K. J. John (Tennis); Thampy John (Basket ball); K. P. Kuriakose (Athletics).



P. Parameswaran Nair
Only Three-Star Winner in the National Physical Efficiency Test held in Alwaye.



Thampy John
(Member, Ernakulam District Basket ball Team which won the State Championship, & the Kerala University Basket ball Team.



G. Radha Krishnan
Member, Kerala State Boys' Basket ball Team.



N. C. C. Under Officer
V. T. Thomas.

പുറത്തിടിമുഴക്കമുണ്ട്. മിന്നലുണ്ട്. ഭയങ്കര മഴ. കൊടുങ്കാററ്. മരങ്ങൾ വല്ലാതെ ആടിയുലയുന്നു. വലിയ ശബ്ദകോലാഹലം. സണ്ണി നിശ്ചലനായിരിക്കുകയാണ്.

"കൊച്ചമ്മ ചിത്ത."

സണ്ണി വിമ്മിവിമ്മിക്കരഞ്ഞു. അവന്റെ അമ്മയും അച്ചാച്ചനും മാടിവിളിക്കുന്നതു പോലെ അവനു തോന്നി.

സണ്ണി എണീററു നടന്നുതുടങ്ങി. മഴ അവനെ ആകെ നനച്ചു.

മുററത്തിനരികിൽ നിന്ന തെങ്ങിൽനിന്നും ഒരു മടൽ കാററത്തു് നിലംപതിച്ചു. ഇതു കണ്ടു പേടിച്ച് ഒരു വവ്വാൽ ചിറകടിച്ചു പറന്നകന്നു.

അവൻ നടന്നകലുകയാണ്. പടിഞ്ഞാറേ ഇടവഴിയിലെത്തി. വീണ്ടും നടന്നു.

"കൊച്ചമ്മ ചിത്ത."

അവർ വീണ്ടും ഉറക്കെപ്പറഞ്ഞു. സണ്ണി ഓടിത്തുടങ്ങി. പാടവും റെയിൽപ്പാളവും കടന്ന് അവൻ പുഴക്കരയെത്തി. പുഴ കുതിച്ചു പായുകയാണ്. സണ്ണി തിരിഞ്ഞു നോക്കി. അങ്ങകലെ പള്ളിമേട കാണാം. കൊള്ളിയാൻ മിന്നി മറയുന്നു.

ഒരു ശബ്ദം അന്തരീക്ഷത്തിൽ ലയിച്ചു!! കുറച്ചു വെള്ളത്തുള്ളികൾ മുകളിലേക്കു തെറിച്ചു ചാടി. ആകാശത്തിലിടിമുഴക്കം.

അങ്ങകലെ കുന്നിൻ ചെരിവിലുള്ള വീട്ടിൽ ലിസി ഉറങ്ങുകയാണ്. സുഖമായി. അവൾ ഒന്നു തിരിഞ്ഞുകിടന്നു. മഴ തോരാതെ പെയ്തുകൊണ്ടിരുന്നു.



"ഇതൊക്കെ എന്നാ കളിയാ, ഞാൻ കളിച്ചിരുന്നപ്പോൾ H. M. C. മൂന്നുപ്രാവശ്യം കൊച്ചിൻ ഇലവൻസിനെ തോൽപ്പിക്കാൻ സഹായിച്ചു."

"ശരി! അന്നു താങ്കൾ ഏതു side-ലാണ് കളിച്ചതു്?"

*By* Alexander Kurien, Class iii Phy.

# പരീക്ഷ അനിവാര്യമോ?

*By* A. P. KURIAKOSE, Class I Chemistry

നാം പലപ്പോഴും (പ്രത്യേകിച്ച് പരീക്ഷാസമയങ്ങളിൽ) നമ്മോടു തന്നെയോ മറ്റുള്ളവരോടോ ചോദിച്ചു പോകാറുള്ള ഒരു ചോദ്യമാണിതു്. വിദ്യാർത്ഥി ലോകത്തിൽ ഭൂരിഭാഗത്തിനും പ്രത്യേകിച്ചൊരു പര്യാലോചന കൂടാതെ ഇതിനുത്തരം നൽകാൻ സാധിക്കും. "അല്ല"; പക്ഷേ വിദ്യാഭ്യാസരംഗത്തു് സജീവമായി പ്രവർത്തിക്കുന്നവരായ വിദ്യാഭ്യാസവിചക്ഷണന്മാരുടെ മസ്തിഷ്കത്തിന് ചൂടു പിടിപ്പിക്കുന്ന പ്രശ്നപരമ്പരകളിൽ ഒന്നുതന്നെയാണിതു്. പരീക്ഷാസമ്പ്രദായം പരിപൂർണ്ണമായി നിർമ്മാർജ്ജനം ചെയ്യണമെന്നുള്ള ചിന്താഗതിയോടു് യോജിക്കുന്നവരായി,—വേണ്ടിവന്നാൽ ഒരു വിമോചന സമരം തന്നെ നടത്തത്തക്കവിധം—ഭൂരിഭാഗം വിദ്യാർത്ഥികളും രംഗത്തുണ്ടായിരിക്കുമെന്നുള്ളതിനും രണ്ടുപക്ഷമില്ല. ഇപ്രകാരമൊരു പ്രശ്നത്തിന്റെ പ്രായോഗികവശങ്ങളെപ്പറ്റി ചിന്തിക്കുമ്പോഴാണു് അതിന്റെ ഗൗരവം നമുക്കു ബോദ്ധ്യപ്പെടുന്നതു്.

പരീക്ഷാസമ്പ്രദായം ഒന്നല്ലെങ്കിൽ മറ്റൊരു രൂപത്തിൽ മനുഷ്യൻ സാമൂഹ്യജീവിയായി പ്രത്യക്ഷപ്പെട്ടതു മുതൽ നിലനിന്നു പോന്നിരുന്നവത്രെ. ഡിവാൻചന്ദ് ശർമ്മ തന്റെ റിപ്പോർട്ടിൽ സൂചിപ്പിച്ചിരിക്കുന്നതുപോലെ 'നിലനില്പിനുള്ള മത്സരം" (Struggle for existence)" ഏറ്റവും അർഹതയുള്ളതിന്റെ നിലനില്പ്" (Survival of the fittest) എന്നീ ഡാർവിനിയൻ സിദ്ധാന്തങ്ങൾ സാമൂഹ്യ രംഗത്തു് പ്രത്യക്ഷപ്പെടുന്നതു് പരീക്ഷകൾ മൂലമാണു്. ഒരു വിധത്തിലല്ലെങ്കിൽ മറ്റൊരു വിധത്തിൽ അറിഞ്ഞോ അറിയാതെയോ ഒരുവനിൽ സഹജമായ മത്സര ചിന്താഗതി പ്രത്യക്ഷപ്പെടുന്നു. ഒരുവനെ കർമ്മനിരതനാക്കുന്നതിനും അവന്റെ പ്രവർത്തന രംഗത്തെ വിപുലമാക്കുന്നതിനും പരീക്ഷകളിൽക്കൂടി പ്രകടമാകുന്ന മത്സര ചിന്താഗതി സഹായകമാണു്. എല്ലാ രംഗങ്ങളിലും മറ്റുള്ളവരെക്കാൾ ഉയർന്നിരിക്കണമെന്നു് ഒരുവൻ ആഗ്രഹിക്കുമെന്നുള്ളതു് സുവിദിതമായ ഒരു സത്യം മാത്രമാണു്. ഈ അടിസ്ഥാന തത്വം തന്നെയാണു് നമ്മുടെ പ്രസംഗവേദികളിലും കളിസ്ഥലങ്ങളിലുമെല്ലാം പ്രത്യക്ഷപ്പെടുന്ന പ്രകടനപ്രവണതയുടെ കാരണമായി കണക്കാക്കപ്പെടേണ്ടതു്.

സാമൂഹ്യമായും രാഷ്ട്രീയമായും മത്സര ചിന്താഗതിക്കുള്ള സ്ഥാനം അദ്വിതീയമാണു്. സങ്കുചിതമായോ വിഭാഗീയമായോ ഉള്ള ചിന്താഗതിയുമായി ഇതു് ബന്ധിക്കപ്പെടുന്നതെന്നു മാത്രം. വിവിധ പ്രവർത്തന മണ്ഡലങ്ങളെ ആശ്രയിച്ചു ജീവിക്കുന്നവരിൽ ഈ ചിന്താഗതി വിവിധരൂപത്തിൽ ആവിഷ്കരിക്കുന്നതിനുള്ള സന്ദർഭം കൂടിയോ കുറഞ്ഞോ ഇരിക്കും, വിജയകരമായ ജീവിതം നയിക്കുന്ന ഒരു നാവികനു് ഇതിനുള്ള സൗകര്യ സന്ദർഭങ്ങൾ മറ്റു ചില ജീവിത മാർഗ്ഗങ്ങളെ ആശ്രയിക്കുന്നവരെക്കാൾ കൂടിയിരിക്കുമല്ലോ. വിവിധ സമുദായങ്ങളെയോ രാഷ്ട്രങ്ങളെയോ വ്യക്തികളെയോ കണക്കിലെടുക്കുന്നതായാൽ ഈ പ്രവണത വ്യക്തമായും സ്പഷ്ടമായും പ്രത്യക്ഷപ്പെടുന്നതാണു്. പ്രത്യേക സമുദായത്തിലോ രാഷ്ട്രത്തിലോ വ്യക്തിയിലോ മാത്രമല്ല, പ്രത്യുത സാർവ്വലൗകികാടിസ്ഥാനത്തിൽ തന്നെ, രാഷ്ട്രങ്ങൾ തമ്മിലോ സമൂഹങ്ങൾ തമ്മിലോ ഉണ്ടാകുന്ന കലാപങ്ങൾക്കു് മത്സര ചിന്തയാണു് നിദാനമെന്നിതിനർത്ഥമില്ല. മറ്റുള്ളവരെക്കാൾ സാമൂഹ്യമായോ വ്യക്തിഗതമായോ പ്രത്യേകതകളോടെ ഉയർന്നിരിക്കണമെന്നല്ലാതെ ഇതരരെ ആക്രമിച്ചു് കീഴടക്കണമെന്നോ അവർ തങ്ങളുടെ അധീശത്വം സ്വീകരിക്കണമെന്നോ അഭിലഷിക്കുന്നതായാൽ അതു് സങ്കുചിതവും നിന്ദ്യവുമായ ഒരു ചിന്താഗതിയാണു്.

പരീക്ഷയെന്ന വാക്കിനു് ദിവാൻ ചന്ദ് ശർമ്മ കൊടുക്കുന്ന നിർവ്വചനമിതാണു് "കലാശാലകളിൽ മത്സര ചിന്താഗതിക്കു് നേർവഴിയും പ്രോത്സാഹനവും കൊടുക്കുന്ന മാർഗ്ഗമാ

ണ് പരീക്ഷ" അദ്ധ്യാപകാദ്ധ്യേതാക്കളുടെ അക്ഷീണ പരിശ്രമത്തിന് ഒരു ഉദ്ദേശമുണ്ടാക്കിക്കൊടുക്കുന്നതു് പരീക്ഷയാണത്രെ. അദ്ധ്യയനത്തിൽ അളവുകോലെന്നതു കൂടാതെ വിദ്യാർത്ഥികളുടെ പുരോഗമന മാർഗ്ഗത്തിൽ നാഴികക്കല്ലുകൾ നാട്ടുന്നതും പരീക്ഷയാണ്. സ്വപരിശ്രമശീലത്തെ ത്വരിതപ്പെടുത്തുന്നതിനും ആത്മവിശ്വാസം വളർത്തുന്നതിനുമുള്ള ഉപകരണമായിട്ടാണ് പരീക്ഷ കണക്കാക്കപ്പെടുന്നതു്. അദ്ധ്യയന നിലവാരം ഉയർത്തുന്നതിനും ജ്ഞാനസമ്പാദനതൃഷ്ണയെ പ്രോത്സാഹിപ്പിക്കുന്നതിനും എഴുത്തു പരീക്ഷകളും പ്രായോഗിക പരീക്ഷകളും പ്രയോജനപ്പെടുന്നവയെന്നതിന് രണ്ടഭിപ്രായമില്ല.

പരീക്ഷാസമ്പ്രദായത്തിന്റെ പരിപൂർണ്ണ നിർമ്മാർജ്ജനം പലരും ആവശ്യപ്പെടാറില്ലെങ്കിലും ഇന്നത്തെ പരീക്ഷാസമ്പ്രദായത്തെ പലരും ഇഷ്ടപ്പെടുന്നില്ല. സന്ദർഭസമത്വം മിക്കവാറും സാർവ്വലൗകിക തത്വമായി അംഗീകരിക്കപ്പെട്ടു കഴിഞ്ഞിട്ടുള്ള ഈ കാലഘട്ടത്തിൽ ആവിഷ്കരണ സമത്വം (Equality of performance) പരീക്ഷകൾമൂലം ധ്വംസിക്കപ്പെടുന്നുവത്രെ. പുസ്തകപ്പുഴുക്കളുടെ വളർച്ചയ്ക്കനുകൂലമായ സാഹചര്യം സൃഷ്ടിക്കപ്പെടുന്നുവെന്നതും ഇന്നത്തെ പരീക്ഷാസമ്പ്രദായത്തിന്റെ ന്യൂനതയായി ചൂണ്ടിക്കാണിക്കപ്പെടുന്നു. ആധുനിക പരീക്ഷാസമ്പ്രദായത്തിന്റെ ഉദ്ധാരണം അനിവാര്യമായിരിക്കുന്ന ഈ ഘട്ടത്തിൽ നമ്മുടെ കേന്ദ്രവിദ്യാഭ്യാസ വകുപ്പിന്റെയും ആൾ ഇൻഡ്യാ എഡ്യൂക്കേഷനൽ കോൺഫറൻസുകളുടെയും സത്വരശ്രദ്ധ പ്രസ്തുത വിഷയത്തിൽ പതിഞ്ഞു കാണുന്നതു് സ്വാഗതാർഹം തന്നെ.

---

# ഓർമ്മകൾ

ഏബ്രഹാം മാത്യു

മുത്തംചവിട്ടുന്ന ഓർമ്മകൾ-വിചാരിച്ചു വിചാരിച്ചു വി
[ഓർമ്മകൾ-- ഏഴയ തുടിപ്പുകളോടൊപ്പം സ്പന്ദിക്കും- പണ്ഡിതന്മാർ പഞ്ചപുച്ഛമടക്കി നിൽക്കും-
ണ്ണുറ്റരായാലും വിട്ടുമാറാത്ത ഓർമ്മകൾ--അതിനുമുമ്പിൽ സമസ്തലോകവും തലകുനിക്കും-]
പാമരന്മാർ നിസ്സഹായരായി കണ്ണീരൊലിപ്പിക്കും-

അച്ഛനനുവദിച്ചില്ലല്ലോ നമ്മൾത—
ന്നിഷ്ടയ്ക്കയഞ്ഞു തരുവാൻ മനോഹരി!
വിശ്വാസ മല്പവു മില്ലാതെയാകയാ
ലാശ്വാസ മില്ലെനിയ്ക്കാകമ്ര രൂപിണി!
അന്നു ഞാനാഴ്ന്ന പോയാശയിലെങ്കിലും
ഇന്നെൻ ഹൃദയമുണ്ടോരുന്നു വാസ്തവം
വഴ്ന്നാ ഭംഗിയോടോതിയ വാക്കുകൾ
കർണ്ണത്തിലേകുന്നലച്ചിലെന്നോമനേ!
അന്നത്തെയെന്മന സ്വപ്നത്തിലൊക്കെയും
ചിന്നിച്ചിതറിനിറഞ്ഞുള്ള മുള്ളുകൾ
ഭാസുര മല്ലാത്ത ഭാവനയാണെന്റെ
ഭാഗധേയത്തിങ്കലുള്ളതെന്മോഹിനി

രാഗ മുണർത്തിയ നിൻ ഗീതകങ്ങളിൽ
രാഗത്തിലോതുവാൻ വയ്യാതെ വന്നമേ.
നിൻ ചാരു രൂപത്തെയെന്നും വർണ്ണിക്ക—
വാൻ
ഇന്നിലശക്കാവില്ലെനിക്കെൻ മനോഹരി.
എൻ ഹൃത്തിൽ തിങ്ങി ഞെരുങ്ങും—
വികാരങ്ങൾ
കണ്ടുനിൽക്കാതെ നീ പോകുവിലാസിനി.
ആദരവോടപേക്ഷിയ്ക്കട്ടെ ഞാനെന്റെ
സോദരി പോകുകെന്നോർമ്മയിൽനിന്നുനീ.
ആശകളറ്റു ഞാനാകാശ വീഥിയി—
ലാകൃഷ്ടനായിക്കഴിയാം സഹോദരി.

---

# സർവ്വോദയം വിപ്ലവത്തിലൂടെ

Dn. K. V. Poulose. Class II Econ.

‘വിപ്ലവം’ എന്ന വാക്കുകേൾക്കുമ്പോൾ, വിപ്ലവാചാര്യനായ കാറൽ മാർക്സിനെയാണ് ആദ്യമായി നാം ഓർക്കുന്നത്. ശരിയായ വിധത്തിലുള്ള ഒരു വിപ്ലവത്തിന് നേതൃത്വം കൊടുക്കുവാൻ മാർക്സിനു കഴിഞ്ഞില്ലെങ്കിലും, ഒരു വിപ്ലവത്തിന്റെ അവശ്യലക്ഷണങ്ങൾ എന്തെല്ലാമായിരിക്കണമെന്ന് ആദ്യമായി പ്രവചിച്ചത് മാർക്സ് ആയിരുന്നു. താൻ പ്രവചിച്ചവിധത്തിൽ വിപ്ലവത്തിന്റെ ലക്ഷണങ്ങൾ ഏറെക്കുറെ കാണുവാൻ സാധിക്കുന്ന ‘സർവ്വോദയ വിപ്ലവ’ത്തോട് മാർക്സിന്റെ അനുയായികളെന്നഭിമാനിക്കുന്ന കമ്മ്യൂണിസ്റ്റുകാർ നിസ്സഹകരിക്കുന്നത് വിരോധാഭാസം മാത്രമാണ്.

മാർക്സിന്റെ വിവക്ഷപ്രകാരം, ‘വിപ്ലവ’ത്തിന് അന്താരാഷ്ട്രീയ സ്വഭാവം ഉണ്ടായിരിക്കണം. അന്താരാഷ്ട്രീയ സ്വഭാവമുള്ള ‘വിപ്ലവ’ത്തിൽ മൂന്നു പ്രധാനതത്വങ്ങൾ അടങ്ങിയിരിക്കുന്നു. ഒന്ന്, വിപ്ലവം ശാസ്ത്രീയമായിരിക്കണം. രണ്ട്, വിപ്ലവം സമൂലപരിവർത്തനത്തിനു വേണ്ടിയായിരിക്കണം. അതായത് വിപ്ലവംകൊണ്ട്, രാഷ്ട്രീയ, സാമ്പത്തിക, സാമൂഹ്യ, സമത്വങ്ങൾ ഇല്ലാതാകണം. മൂന്ന്, ഏതൊരു അദ്ധ്വാനിക്കുന്ന വിഭാഗത്തിന്റെ പ്രയത്നംകൊണ്ടാണോ വിപ്ലവം ഉണ്ടാകുവാൻ പോകുന്നത്, അവരുടെ വർഗ്ഗത്തെ സംഘടിപ്പിക്കണം. മുൻപറഞ്ഞ ലക്ഷണങ്ങൾ പരിപൂർണ്ണമായിക്കാണാവുന്ന ഒരു വിപ്ലവം എവിടെയെങ്കിലും ആരംഭിച്ചതായിക്കാണുവാൻ സാധിക്കുകയില്ല. എന്നാൽ അവ ഏറെക്കുറെ പ്രായോഗികമാക്കിത്തീർക്കുവാൻ ‘സർവ്വോദ’യത്തിനു സാധിച്ചിട്ടുണ്ട്.

സാമ്പത്തികാസമത്വങ്ങളുടെ ഫലമായി, സാമ്പത്തികവർഗ്ഗങ്ങൾ തമ്മിലുള്ള സംഘർഷം ഇല്ലാതാകുന്നതിന്, ഏറ്റവും എളുപ്പവും ഋജുവുമായ മാർഗ്ഗം കണ്ടുപിടിച്ച്, ആ മാർഗ്ഗത്തിലൂടെ മുന്നോട്ടുപോകുക എന്നതാണ് ‘ശാസ്ത്രീയ വിപ്ലവം’കൊണ്ട് അർത്ഥമാക്കുന്നത്. ജന്തുശാസ്ത്രത്തിൽ ഡാർവ്വിൻ ആവിഷ്കരിച്ച പരിണാമസിദ്ധാന്തത്തെ, സാമ്പത്തികരംഗത്തിൽ വ്യാപരിപ്പിക്കുന്നതിനു മാർക്സ് ശ്രമിച്ചിട്ടുണ്ട്. “ജീവിതത്തിനുവേണ്ടി നിരന്തരം പ്രകൃതിയിൽ നടന്നുകൊണ്ടിരിക്കുന്ന സംഘർഷങ്ങളുടെ ഫലമായി ഏറ്റവും ശക്തിയുള്ളവ ജീവിച്ചുവരുന്നു (Survival of the fittest) അഥവാ അധികയോഗ്യതയുള്ളവയെ പ്രകൃതി സംരക്ഷിക്കുന്നു,” എന്നാണ് ഡാർവ്വിൻ സിദ്ധാന്തിക്കുന്നത്. ഡാർവ്വിന്റെ സിദ്ധാന്തപ്രകാരം നോക്കിയാലും സകലത്തിനെയും അതിജീവിക്കുന്ന മനുഷ്യന്റെ ശക്തി ശാരീരികമല്ല എന്നു നമുക്കു കാണുവാൻ സാധിക്കും. ശാരീരികശക്തിയിൽ മനുഷ്യനെ കീഴ്പ്പെടുത്തുന്ന അനേക ജന്തുക്കൾ ലോകത്തിലുണ്ട്. അപ്പോൾ ശരീരശക്തിക്കും അതീതമായ ഒരു ശക്തിവിശേഷം മനുഷ്യനിൽ ഉണ്ട് എന്ന് നമുക്കു കാണാം. ഈ ശക്തിയെ ‘വിശേഷബുദ്ധി’ എന്നു വിളിക്കാം.

വിശേഷബുദ്ധിയുള്ള മനുഷ്യൻ നടത്തുന്ന വിപ്ലവം ശാസ്ത്രീയമായിരിക്കണമെങ്കിൽ ആ വിപ്ലവം വിശേഷബുദ്ധിയുടെ വ്യാപാരമായിരിക്കണം. ശാരീരികശക്തിയാണ് ശാസ്ത്രീയ വിപ്ലവത്തിന് നിദാനം എന്നു നാം വാദിക്കുകയാണെങ്കിൽ, വന്യമൃഗങ്ങൾ തമ്മിൽ നടക്കുന്ന സംഘട്ടനങ്ങളും ശാസ്ത്രീയമാണ് എന്നു സമ്മതിക്കേണ്ടിവരുന്നു. അതുകൊണ്ട് ബുദ്ധിയാണ് ‘ശാസ്ത്രീയ വിപ്ലവ’ത്തെ നയിക്കുന്നതെങ്കിൽ, അവിടെ ബലപ്രയോഗങ്ങൾക്കു സ്ഥാനമില്ല. പ്രത്യുത, മാനസിക പരിവർത്തനത്തിനാണ് പ്രാധാന്യം. അങ്ങിനെയുള്ള ശാസ്ത്രീയ വിപ്ലവം വിജയമായിരിക്കുമെന്ന് ആദ്യമായി ലോകത്തിനു ബോദ്ധ്യമാക്കിയത് ഭാരതമാണ്. നാം നടത്തിയ അഹിംസാവിപ്ലവംകൊണ്ട്, ബ്രിട്ടീഷുകാരെ ഭാരതത്തിൽനിന്നും ‘കെട്ടുകെട്ടിക്കുവാൻ’ സാധിച്ചു എന്നുള്ളതല്ല നമ്മുടെ വിജയം, പ്രത്യുത, അവർ സ്വമനസ്സാലെ ഭാരതത്തിന്റെ ഭരണം നമ്മെ ഏല്പിച്ചു തന്നു എന്നതാണ്.

ഭാരതത്തിന്റെ സാമ്പത്തികസ്വാതന്ത്ര്യ
ത്തിനുവേണ്ടി മഹാത്മാഗാന്ധിതന്നെ ആ
വിഷ്കരിച്ചു വച്ചിരുന്നതായിരുന്നു 'സർവ്വോദ
യപ്രസ്ഥാനം'. അതുകൊണ്ടാണ് തന്റെ
വിശ്വസ്തമിത്രമായിരുന്ന പൂജ്യവിനോബാ
യിൽക്കൂടെ ലോകം ഗാന്ധിജിയുടെ ശബ്ദം ശ്രു
വിക്കുന്നതു്. സർവ്വോദയം, ശാരീരികശക്തി
കൊണ്ടുള്ള വിപ്ലവത്തിൽ വിശ്വസിക്കുന്നി
ല്ല. മനഃപരിവർത്തനംകൊണ്ടുള്ള വിപ്ലവത്തി
ലാണ് അതു വിശ്വസിക്കുന്നതു്. മനഃപരിവ
ർത്തനമാണ്, സാമ്പത്തിക സാമൂഹ്യാസമ
ത്വങ്ങൾ നീക്കുന്നതിനുള്ള ഏററവും ഋജുവും
എളുപ്പവുമായ മാർഗ്ഗമെന്ന് സർവ്വോദയം പ
റിപ്പിക്കുന്നു. അങ്ങനെ, ഡാർവ്വിൻ പ്രതി
പാദിക്കുന്നവിധത്തിൽ വിശേഷബുദ്ധിക്കു
പ്രാധാന്യംകൊടുക്കുന്ന, മാർക്സിന്റെ വിവ
ക്ഷപ്രകാരമുള്ള ശാസ്ത്രീയ വിപ്ലവമാണ്
'സർവ്വോദയം'.

കാറൽമാർക്സ് രണ്ടാമതായി വാദിക്കുന്ന
തു്, വിപ്ലവംകൊണ്ടു് സമുദായത്തിൽ ഒരു
സമൂലപരിവർത്തനം ഉണ്ടാകണം എന്നാണ്.
അതിനുവേണ്ടി രാഷ്ട്രീയ,സാമ്പത്തിക,സാ
മൂഹ്യാസമത്വങ്ങൾ ഇല്ലാതാക്കണം. ചുരു
ക്കിപ്പറഞ്ഞാൽ പഴയ മൂല്യങ്ങൾ എല്ലാം ഉ
ടച്ചുമാററി തൽസ്ഥാനത്തു് പുതിയ മൂല്യ
ങ്ങൾ പ്രതിഷ്ഠിക്കണം. അധികാരാവകാശ
ങ്ങൾ നിഷേധിക്കപ്പെട്ടിട്ടുള്ള ഒററ വ്യക്തി
പോലും ആ സമുദായത്തിൽ ഉണ്ടായിരിക്കു
തു്. 'വിപ്ലവ'ത്തിനു് മകുടോദാഹരണ
മായി എടുത്തുകാണിക്കാറുള്ള 'റഷ്യൻ വി
പ്ലവത്തെത്തന്നെ എടുത്തുനോക്കാം. 'അ
ദ്ധ്വാനിക്കുന്ന ജനവിഭാ'ഗത്തിനെ രക്ഷിക്കു
വാൻവേണ്ടി നടത്തിയ വിപ്ലവത്തിന്റെ
മറപിടിച്ചു് റഷ്യയിൽ സർവ്വാധിപത്യം ക
യറിക്കൂടി. ന്യൂനപക്ഷമായ ആ ഒററക്കക്ഷി
ഭരണം മററുള്ളവരുടെ അധികാരാവകാശ
ങ്ങൾ നിഷേധിച്ചു. ഈ പരിതഃസ്ഥിതി
യിൽ, റഷ്യയിൽ നടന്നതു് ഒരു സമൂലപരി
വർത്തനമാണ് എന്നു പറയുക സാദ്ധ്യമല്ല.

'സമൂലപരിവർത്തനം' എന്നതത്വം, സ
ർവ്വോദയം എത്രമാത്രം നടപ്പിൽ വരുത്തുന്നു
ണ്ട് എന്നു നോക്കാം. പലവിധത്തിലുള്ള
അസമത്വങ്ങൾ ഇല്ലാതാക്കി ഒരു ഗവ
ൺമെൻറില്ലാത്ത സാമൂഹ്യ (Stateless So-
ciety) വ്യവസ്ഥിതി കെട്ടിപ്പടുക്കുകയാണ്
സർവ്വോദയത്തിന്റെ ലക്ഷ്യം. ഇന്നു നില
വിലുള്ള ഭൂരിപക്ഷകക്ഷിഭരണത്തോടുപോ
ലും സർവ്വോദയം യോജിക്കുന്നില്ല. വോട്ടുക
ളുടെ എണ്ണംനോക്കി കാര്യങ്ങൾ തീരുമാനിക്കു
ന്ന രീതിയെ സർവ്വോദയം അപലപിക്കുന്നു.
ചുരുക്കിപ്പറഞ്ഞാൽ കക്ഷിരഹിതമായ ജനാ
ധിപത്യത്തിനുവേണ്ടി സർവ്വോദയം നില
കൊള്ളുന്നു. ഭരണം വികേന്ദ്രീകൃതമായിരി
ക്കണമെന്ന് വിനോബാജി നിഷ്കർഷിക്കുന്നു.
ഇവ നടപ്പിൽ വരുത്തണമെങ്കിൽ വിപ്ലവം
ഗ്രാമങ്ങളിൽ ആരംഭിക്കേണ്ടിയിരിക്കുന്നു.
ഗ്രാമങ്ങൾ സ്വയം പര്യാപ്തവും സ്വയം ഭര
ണം നിർവ്വഹിക്കുന്നവയുമായിരിക്കണം. 'ഗ്രാ
മകുടുംബ'ത്തിൽ ഭൂമിയും ഉല്പന്നങ്ങളും ഗ്രാമ
ത്തിന്റേതായിരിക്കും, വ്യക്തികളുടെതായി
രിക്കുകയില്ല. മുൻപറഞ്ഞവ പ്രായോഗിക
മാകുമ്പോൾ സാമ്പത്തികസാമൂഹ്യ സമത്വ
ങ്ങൾ ഇല്ലാതായിത്തീരും. അങ്ങിനെ 'സ
ർവ്വോദയ വിപ്ലവം' ഒരു സമൂലപരിവർത്ത
നത്തിനു കാരണമായിത്തീരും.

ഏതൊരു അദ്ധ്വാനിക്കുന്ന വിഭാഗ
ത്തിന്റെ പ്രയത്നംകൊണ്ടാണോ വിപ്ലവം
ഉണ്ടാകേണ്ടതു്, അവരുടെ വർഗ്ഗത്തെ സംഘ
ടിപ്പിക്കുക എന്നതാണ് മാർക്സിന്റെ വാദ
പ്രകാരം വിപ്ലവത്തിന്റെ മൂന്നാമത്തെ ലക്ഷ
ണം. ആ സംഘടിതവർഗ്ഗം, മറെറല്ലാവിഭാ
ഗത്തെയും അടിച്ചമർത്തി അധികാരാവകാശ
ങ്ങൾ കൈയ്യിലാക്കുന്നു. 'സർവ്വോദയ വിപ്
ളവവും' 'മാർക്സിസ്റ്റ് വിപ്ളവവും' തമ്മി
ലുള്ള അന്തരം ഇവിടെയാണ്. അക്രമ
ത്തിൽക്കൂടിയുള്ള വിപ്ളവം ശാസ്ത്രീയ വി
പ്ളവമായിരിക്കയില്ലയെന്നു നാം കണ്ടുകഴി
ഞ്ഞു. അതുമൂലം സമൂലപരിവർത്തനമുണ്ടാ
വുക സാദ്ധ്യമല്ല. അക്രമത്തിൽക്കൂടി നേടി
യവ നിലനിർത്തുവാൻ കൂടുതൽ കൂടുതൽ അ
ക്രമങ്ങൾ നടത്തേണ്ടിവരുന്നു എന്ന് അനുഭ
വങ്ങൾ തെളിയിച്ചിട്ടുണ്ട്. അതുകൊണ്ട്,
ബുദ്ധിയെ അടിസ്ഥാനപ്പെടുത്തിയുള്ള വി
പ്ളവത്തിനു മാത്രമേ, അക്രമരഹിതമായി
രിക്കുവാൻ സാധിക്കയുള്ളൂ.

വർഗ്ഗരഹിതമായൊരു സാമൂഹ്യവ്യവസ്ഥി
തി കെട്ടിപ്പടുക്കുകയാണല്ലോ സർവ്വോദയത്തി

ന്റെ ലക്ഷ്യം. ഒരു സർവ്വോദയ വിപ്ലവകാരിയുടെ ആയുധം വിശ്വസാഹോദര്യമന്ത്രമാണ്. ധനികരെ വെറുക്കുന്നതിനോ, അവരുടെ സ്വത്തുക്കൾ പിടിച്ചുപറ്റുന്നതിനോ സർവ്വോദയം സമ്മതിക്കുന്നില്ല. ഈ വ്യവസ്ഥിതി സംജാതമായാൽ മനുഷ്യരെ രണ്ടു കക്ഷികളായി—തൊഴിലാളികളെന്നും മുതലാളികളെന്നും—കാണുവാൻ സാധിക്കുകയില്ല.

വ്യക്തികളെ സമീപിച്ച് തങ്ങളുടെ സ്വത്തുക്കൾ നിരസിപ്പിക്കുവാൻ ഒരുമ്പെടുന്ന സർവ്വോദയപ്രവർത്തകൻ സ്വന്തം സ്വത്തുക്കൾ നിരസിച്ചവനായിരിക്കും. അവനവൻ പ്രസംഗിക്കുന്ന കാര്യങ്ങൾ അവനവന്റെ ജീവിതത്തിൽ പ്രായോഗികമാക്കിത്തീർത്തിരിക്കും എന്നതാണ് സർവ്വോദയവിപ്ലവത്തിന്റെ മാഹാത്മ്യം. എന്നാൽ സ്വത്ത് 'തെറിച്ച്' രാഷ്ട്രത്തിനു പോകുന്നതുവരെ മാർക്സിസ്റ്റു വിപ്ലവകാരി സ്വകാര്യസ്വത്ത് കൈവശം വച്ചുകൊണ്ടിരിക്കുന്നു. അക്രമങ്ങൾകൊണ്ട് മറ്റുള്ളവരുടെ സ്വത്തുക്കൾ പിടിച്ചുപറ്റുന്നതുകൊണ്ട്, തങ്ങളുടെ നില സുരക്ഷിതമാക്കുന്നതിന്, വിപ്ലവകാരികൾക്ക് കൂടുതൽ കൂടുതൽ അക്രമങ്ങൾ നടത്തേണ്ടിവരുന്നു.

എന്നാൽ സർവ്വോദയവിപ്ലവകാരികൾ അധികാരം പിടിച്ചുപറ്റുന്നില്ല. സമുദായത്തിൽ ഒരു പരിവർത്തനം മാത്രമാണ് വിപ്ലവം വരുത്തുന്നത്. ഒരു 'ഗ്രാമകുടുംബ'ത്തിൽ കക്ഷിവ്യത്യാസമോ വർഗ്ഗവ്യത്യാസമോ ഉണ്ടാകുകയില്ല. അപ്പോൾ കക്ഷിമത്സരം എന്നൊരു പ്രശ്നമേ അവിടെ ഉദിക്കുന്നില്ല. വികേന്ദ്രീകൃതഭരണമായതുകൊണ്ട് ഭരണകർത്താക്കൾ ഉണ്ടാകുകയില്ല. സ്വയംപര്യാപ്തി നേടിയിട്ടുള്ള ഗ്രാമങ്ങൾ മറ്റുള്ളവരെ ചൂഷണം ചെയ്യുവാൻ മുതിരുകയില്ല. ചുരുക്കിപ്പറഞ്ഞാൽ ഒരു കുടുംബം എന്ന നിലയിലേക്ക് സമൂലപരിവർത്തനത്തിനുശേഷം ഗ്രാമം എത്തിച്ചേരുന്നു. മാർക്സിസ്റ്റു വിപ്ലവത്തെ അപേക്ഷിച്ച് സർവ്വോദയവിപ്ലവത്തിനുള്ള മേന്മ, സർവ്വോദയത്തിൽ ലക്ഷ്യത്തെപ്പോലെ തന്നെ മാർഗ്ഗവും പരിശുദ്ധമായിരിക്കും എന്നതാണ്.

'വിപ്ലവം' അന്താരാഷ്ട്രീയ സ്വഭാവമുള്ളതായിരിക്കണമെന്ന് മാർക്സ് വാദിക്കുന്നു. എല്ലാവർക്കും സ്വീകാര്യമായിട്ടുള്ള ഒരു തത്വമാണിത്. നാം ജീവിക്കുന്ന 'അണുയുഗം' ലോകത്തെ വളരെ ചെറുതാക്കിയിട്ടുണ്ട്. ലോകത്തിന്റെ ഒരു കോണിൽ നടക്കുന്ന സംഭവത്തിന്റെ പ്രത്യാഘാതം ലോകമെങ്ങും അതിവേഗം മാറ്റൊലിക്കൊള്ളുന്നു. അപ്പോൾ വിപ്ലവം വിജയപ്രദമായിരിക്കണമെങ്കിൽ അതിന് അന്താരാഷ്ട്രീയ സ്വഭാവമുണ്ടായിരിക്കണം. മഹാത്മാ ഗാന്ധി വിഭാവനം ചെയ്തതും, വിനോബാജി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതുമായ അഹിംസാവിപ്ലവം ലോകം മുഴുവനും ആസന്നഭാവിയിൽത്തന്നെ സ്വീകരിച്ചില്ലെങ്കിൽ വിനാശകരങ്ങളായ അണുവായുധങ്ങളുടെ കരാളവക്ത്രത്തിൽപ്പെട്ടു നാം ദഹിച്ചുപോകും. അതുകൊണ്ടാണ് 1957-ൽ 'പുരി' സർവ്വോദയസമ്മേളനത്തിൽ വിനോബാജി, ലോകം മുഴുവനും സർവ്വോദയവിപ്ലവത്തിൽ പങ്കുകൊള്ളുവാൻ ആഹ്വാനം ചെയ്തത്.

അങ്ങനെ, വിപ്ലവാചാര്യനായ കാറൽ മാർക്സ് 'ലോകമഹാവിപ്ലവത്തിനു' നിർദ്ദേശിച്ചിട്ടുള്ള ലക്ഷണങ്ങൾ ഏറ്റവും കൂടുതലായിക്കാണുന്നത് സർവ്വോദയവിപ്ലവത്തിലാണ്. ചുരുക്കിപ്പറഞ്ഞാൽ മാർക്സിസത്തിന്റെമേൽ മാനുഷികമൂല്യങ്ങൾക്കുണ്ടായ വിജയമാണ് സർവ്വോദയവിപ്ലവം.

ചെറുകഥ

# ടിക്കററില്ലാത്ത യാത്രക്കാരി

(ALEXANDER KURIEN, Class iii Phy.)

അതു് ആൾത്തിരക്കില്ലാത്ത, സാവധാനത്തിൽ സഞ്ചരിച്ചുകൊണ്ടിരുന്ന, ഒരു പാസഞ്ചർ വണ്ടിയായിരുന്നു. ഞങ്ങളെക്കൂടാതെ ആറു് ആളുകൾ മാത്രമേ ആ കമ്പാർട്ടുമെൻറിൽ ഉണ്ടായിരുന്നുള്ളു. ഞങ്ങൾ കുറെ വിദ്യാർത്ഥിനികൾ ഒരു അദ്ധ്യാപികയുടെ കൂടെ പട്ടണത്തിലെ സ്ക്കൂളുകൾ സന്ദർശിക്കുവാൻ പോകുകയായിരുന്നു.

പച്ചവിരിച്ച നെൽപ്പാടങ്ങളുടെ മദ്ധ്യത്തിലൂടെ ആ തീവണ്ടി സഞ്ചരിച്ചുകൊണ്ടിരുന്നു. ആരും സംസാരിച്ചില്ല.

അപ്പോൾ ആയിഷയുടെ മുഖം എന്തോ പുതിയ കണ്ടുപിടിത്തത്തിൻെറ വെളിച്ചത്താൽ പ്രസന്നമായി. വായാടിയായ ആയിഷ എങ്ങനെ അത്രയും നേരം മിണ്ടാതിരുന്നു എന്നതു് ഞങ്ങൾക്കു് ഒരു അത്ഭുതമായിരുന്നു.

“എനിക്കു വല്ലാതെ വിശക്കുന്നു.” ആയിഷ പറഞ്ഞു. “ആരെങ്കിലും തിന്നാനുള്ളതു് വല്ലതും കൊണ്ടുവന്നിട്ടുണ്ടോ ?”

തൻെറ സുഹൃത്തുക്കളോടാണു് ആയിഷ ഇതു പറഞ്ഞതെങ്കിലും അവളുടെ കണ്ണുകൾ സഹയാത്രക്കാരിയായ ഒരു വൃദ്ധയുടെ തകരപ്പാത്രത്തിലായിരുന്നു.

“ഈ ഭരണി ആരുടേതാണു്.” ആയിഷ ചോദിച്ചു.

“അതു് എൻേറതാണു്. അതിൽ ഉപ്പുമാങ്ങായാണു്.” അടുത്തിരുന്ന ഒരു ചെറുപ്പക്കാരി പറഞ്ഞു. അപ്പോഴും ആയിഷയുടെ കണ്ണുകൾ ആ തകരപ്പാത്രത്തിലായിരുന്നു.

അതിൽ എന്തെങ്കിലും തിന്നാൻ കാണുമെന്നായിരുന്നു ആയിഷയുടെ വിചാരം.

ആ തകരപ്പാത്രത്തിന്മേൽ നോക്കി അവൾ ചോദിച്ചു. “ഇതാരുടെയാണു് ”?

“കുട്ടി ഇതെൻെറയാണു്.” വൃദ്ധ പറഞ്ഞു.

അവർക്കു് എഴുപതോളം വയസ്സു പ്രായമുണ്ടു്. അവരുടെ മുഖത്തു് വാർദ്ധക്യത്തിൻെറ അടയാളങ്ങളായ വരകൾ തെളിഞ്ഞുകാണാമായിരുന്നു. ആകപ്പാടെ സങ്കടവും ഗൗരവവും നിറഞ്ഞ മുഖഭാവം !

“ഇതിൽ എന്തെങ്കിലും തിന്നാൻ കാണുമെന്ന കാര്യത്തിൽ എനിക്കു് സംശയമില്ല. എന്നാൽ എന്താണെന്നെങ്ങനെ അറിയാം” ആയിഷ ശാന്തയോടു പറഞ്ഞു.

ശാന്ത പറഞ്ഞു “ പരീക്ഷിച്ചു നോക്കു്”. ആയിഷ ആ തകരപ്പാത്രത്തിനടുത്തേക്കു് നീങ്ങി.

“വേണ്ട, വേണ്ട കുട്ടികളെ” വൃദ്ധ തടഞ്ഞു. “അതു തുറക്കുവാൻ ഞാൻ നിങ്ങളെ അനുവദിക്കുകയില്ല. ഞാൻ പാവപ്പെട്ടവളാണു്. മധുര പലഹാരങ്ങൾ ഉണ്ടാക്കുവാനുള്ള കഴിവു് എനിക്കില്ല.”

വൃദ്ധ ആ തകരപ്പാത്രം അവളുടെ കീറിപ്പറിഞ്ഞ തുണികളുടെ ഇടയിൽ ഒളിച്ചുവച്ചു.

ആ വൃദ്ധ ഞങ്ങളിൽ ചിന്താക്കുഴപ്പം ഉണ്ടാക്കി. ഞങ്ങൾ കുറച്ചു സമയത്തേക്കു് യാതൊന്നും സംസാരിച്ചില്ല. ഈ സമയത്തു് ടിക്കററു് പരിശോധിക്കുവാനായി ചെക്കർ ആ മുറിയിൽ പ്രവേശിച്ചതു് ഞങ്ങളാരും അറിഞ്ഞില്ല.

“നിങ്ങളുടെ ടിക്കററു് കാണിക്കു്.” വൃദ്ധയോടായി അയാൾ പറഞ്ഞു.

“ഞാൻ വളരെ തിടുക്കത്തിലായതിനാൽ ടിക്കററു വാങ്ങിക്കുവാൻ തരപ്പെട്ടില്ല.” വൃദ്ധ പറഞ്ഞു.

“ടിക്കററില്ലാതെ നിങ്ങൾ എന്തിനു് ഈ വണ്ടിയിൽക്കയറി ?” ഒരു ബുക്കു വലിച്ചെടുത്തുകൊണ്ടു് ചെക്കർ ഗൗരവത്തിൽ ചോദിച്ചു.

" നിങ്ങൾ എവിടെ നിന്നു കയറി ?"

" ഇവിടെ അടുത്തു നിന്നു്. " വൃദ്ധ മറുപടി പറഞ്ഞു.

" നിങ്ങൾ എങ്ങോട്ടു പോകുന്നു. "

" ഇവിടെ അടുത്തേക്കു് " വൃദ്ധ.

കുറച്ചു ദേഷ്യത്തോടെ ചെക്കർ :

" നിങ്ങൾക്കു് മനസ്സിലാകുന്നില്ലേ, ഞാൻ എന്താണു് ആവശ്യപ്പെട്ടതെന്നു്. നിങ്ങൾ എവിടെ നിന്നു് കയറി ?"

" തൊട്ടു മുമ്പിലത്തെ സ്റ്റേഷനിൽ നിന്നു്. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ. ഞാൻ ടിക്കറ്റു വാങ്ങാൻ മറന്നുപോയി...ഞാൻ വളരെ തിരക്കത്തിലായിരുന്നു."

"നിങ്ങൾ എങ്ങോട്ടു പോകുന്നു?" തന്റെ പുസ്തകത്തിൽനിന്നും തല എടുക്കാതെ ചെക്കർ ചോദിച്ചു.

" അടുത്ത സ്റ്റേഷനിലേക്കു്" വൃദ്ധ കുറ്റക്കാരിയെപ്പോലെ ചെക്കറെ നോക്കിനിന്നു.

ചെക്കർ പറഞ്ഞു : " നിങ്ങൾ ടിക്കററില്ലാതെ യാത്ര ചെയ്തതിനാൽ ഈ തീവണ്ടി പുറപ്പെട്ട സ്ഥലത്തുനിന്നുള്ള യാത്രക്കൂലിയും പിന്നെ പിഴയുമായി ഒന്നര രൂപ തരണം. ഗവണ്മെൻറു് പാവങ്ങൾക്കു് വിനോദത്തിനുവേണ്ടിയല്ല ഈ തീവണ്ടികൾ ഓടിക്കുന്നതു്. "

വൃദ്ധ യാതൊന്നും സംസാരിക്കാതെ കുറച്ചു സമയം ഇരുന്നു. പിന്നീടു് അവർ പറഞ്ഞു " ഞാൻ അവസാനത്തെ സ്റ്റേഷനിൽനിന്നാണു് കയറിയതു്."

വൃദ്ധ പറയുന്നതു് കള്ളമാണെന്നു് ഞങ്ങൾക്കറിയാമായിരുന്നു.

" എനിക്കു് ഉള്ളതു് മുഴുവൻ വിററാലും, ഒന്നര രൂപാകൂടി കിട്ടുകയില്ല. എന്നെപ്പോലെയുള്ള വൃദ്ധകൾ ഈ നിയമങ്ങൾ എങ്ങനെ അറിയാനാണു്? "

" നിയമം നിയമമാണു്. നിങ്ങൾ ഈ തുക തന്നില്ലെങ്കിൽ ഞാൻ പോലീസിനെ വിളിക്കും. "

പോലീസ് എന്ന ശബ്ദം അവരെ വല്ലാതെ പേടിപ്പിച്ചു. " ഈ രൂപാ എവിടുന്നു കിട്ടാനാണു്. തിന്നാൻ ശകലം കുറച്ചു് വാങ്ങിയ്ക്കാൻകൂടി കയ്യിൽ കാശില്ല. ഈ പ്രാവശ്യത്തേക്കു് ക്ഷമിക്കണം."

"സാദ്ധ്യമല്ല; അടുത്ത സ്റ്റേഷനിലെത്തുമ്പോൾ ഇതിനു സമാധാനം പറയണം." ഇതു പറഞ്ഞിട്ടു് ചെക്കർ അടുത്ത മുറിയിലേയ്ക്കു പോയി

ആയിഷ വൃദ്ധയുടെ അടുത്തേക്കു് നീങ്ങിയിരുന്നു. " യാതൊന്നും വിഷമിക്കാനില്ല. നിങ്ങൾക്കു് ഒന്നും സംഭവിക്കുകയില്ല. "

വൃദ്ധ ഹൃദയം തുറന്നു് ദയനീയ സ്വരത്തിൽ പറഞ്ഞു. " നിങ്ങൾക്കു് നല്ലതു വരും. നിങ്ങൾ വളരെനാൾ ജീവിച്ചിരിക്കും. നിങ്ങളുടെ അമ്മ ഒരു മാന്യയായിരിക്കും."

"സത്യമായിട്ടു് ഞങ്ങളോടു പറയുക. നിങ്ങൾ എവിടെപ്പോകുന്നു.." ആയിഷ.

ഞാൻ എന്തിനു് കള്ളം പറയുന്നു. ഞാൻ എന്റെ മരുമകന്റെ വീട്ടിൽനിന്നു് വരുന്നു. ഇപ്പോൾ കോഴിക്കോട്ടേയ്ക്കു് പോകുന്നു."

കോഴിക്കോട്ടേയ്ക്കു് അപ്പോൾ രണ്ടു സ്റ്റേഷൻകൂടി ഉണ്ടായിരുന്നു. ഞങ്ങളും അങ്ങോട്ടായിരുന്നു. അവിടെ ചെല്ലുമ്പോൾ തന്നെ കാണണമെന്നു് വൃദ്ധ ആവശ്യപ്പെട്ടു.

" എന്റെ നരച്ച തലമുടിയെ ഓർത്തു് ഞാൻ ടിക്കററില്ലാതെയാണു് യാത്ര ചെയ്തതെന്നു് പട്ടണത്തിൽ ആരോടും പറയരുതു്." വൃദ്ധ ഞങ്ങളോടായിപ്പറഞ്ഞു.

അപ്പോഴേക്കും ചെക്കർ ഞങ്ങളുടെ റൂമിൽ എത്തി. ഞങ്ങൾ എല്ലാവരും കൂടി അപേക്ഷിച്ചതിനാൽ അയാൾ സമ്മതിച്ചു. എന്നാൽ ആ സ്ത്രീയെ അടുത്ത സ്റ്റേഷനിൽ തന്നെ ഇറക്കിയേക്കണം എന്നു ഞങ്ങളോടു പറഞ്ഞു.

തീവണ്ടി ഒരു ചൂളം വിളിയോടു കൂടി അടുത്ത സ്റ്റേഷനിൽ നിന്നു. ചില കുട്ടികൾ പ്ളാററുഫോമിൽ ചാടിയിറങ്ങി. വൃദ്ധ ഇറങ്ങാൻ പ്രയാസപ്പെട്ടു.

ആ തകരപ്പാത്രം ഞാൻ പിടിച്ചോളാം. നിങ്ങൾ താഴെയിറങ്ങു്" ആയിഷ വൃദ്ധയോടു പറഞ്ഞു.

"വേണ്ട, മക്കളെ ഞാൻ ഇതുമായി ഇറങ്ങിക്കൊള്ളാം. ഇതിനധികം ഭാരമില്ലല്ലോ"?

"അതു് നിങ്ങളുടെ മകൾക്കു തരിക" എന്നു പറഞ്ഞു ആയിഷ അതു ബലമായി പിടിച്ചുവാങ്ങിച്ചു. വൃദ്ധ താഴെയിറങ്ങി. അദ്ധ്യാപിക ഞങ്ങളുടെ സാധനങ്ങളെല്ലാം ഉണ്ടോ എന്നു പരിശോധിക്കുകയായിരുന്നു. വൃദ്ധ കുറച്ചു് അകലെയായി നിന്നിരുന്നു. ഞങ്ങളെല്ലാം പോകുവാൻ തയാറായപ്പോൾ വൃദ്ധയെ അവിടെ കണ്ടില്ല.

അവർ എവിടെ? ആ പാത്രം എങ്ങനെ മറെറാരാളെ വിശ്വസിച്ചു് അവർ ഏല്പിച്ചു. തീവണ്ടി ആവി പറപ്പിച്ചുകൊണ്ടു് സാവധാനം നീങ്ങിത്തുടങ്ങി.

"നോക്കൂ, അവിടെ" തീവണ്ടിയുടെ അവസാനത്തെ മുറിയിൽ വൃദ്ധ പിടിച്ചു കയറുന്നതു് ആയിഷ ഞങ്ങളെ കാണിച്ചുതന്നു. തീവണ്ടി കണ്ണിൽനിന്നും മറഞ്ഞു.

"ഇതിൽ എന്താണെന്നു നോക്കാം"!

ആയിഷ പറഞ്ഞു. അവൾ ആ പാത്രം തുറന്നു. അതിൽ കീറിപ്പറിഞ്ഞ ഒരു ഷർട്ടും കീറാറായ ഒരു കടലാസു കഷണവും മാത്രമേ ഉണ്ടായിരുന്നുള്ളു. ആയിഷ ആ കടലാസ്സു് നിവർത്തി വായിച്ചു.

"എന്റെ അമ്മയ്ക്കു്, എന്റെ ശിക്ഷ കുറവുചെയ്യണമെന്ന എന്റെ അപേക്ഷ നിരസിച്ചിരിക്കുന്നു........അമ്മയ്ക്കു് മാസത്തിലൊരിക്കൽ എന്നെ കാണുന്നതിനു് അനുവാദം തന്നിട്ടുണ്ടു്. അതിനാൽ തിങ്കളാഴ്ച അമ്മ വരണം. ഞാൻ അമ്മ വരുന്നതും കാത്തിരിക്കും. അങ്ങനെ നമ്മുടെ കാളവണ്ടി രാഘവനു കിട്ടി, അല്ലേ? സാരമില്ല. ഞാൻ പുറത്തുവരട്ടെ. നമുക്കു് മറെറാന്നുണ്ടാക്കാം. അതിനു് ഇനിയും മൂന്നു വർഷങ്ങൾ മാത്രമേ ഉള്ളു. അമ്മ വിഷമിക്കേണ്ട. അമ്മയുടെ മകൻ സുഖമായിരിക്കുന്നു.

എന്നു് വിജയൻ."

സെൻട്രൽ ജയിൽ അധികൃതരുടെ മുദ്ര അതിന്റെ ചുവട്ടിലുണ്ടായിരുന്നു.

(ഒരു പത്രാധിപക്കുറിപ്പോടു് കടപ്പാടു്)




"വളരെ നല്ല മുട്ടയാണ്. ഒരു മാസമായിട്ടു് ഇതുപോലെയൊന്നു് വിററിട്ടില്ല."

"എങ്കിൽ അതു എനിക്കു വേണ്ട, പുതിയതുണ്ടെങ്കിൽ തരിക."

Alexander Kurien, Class iii Phy.

# ജനാധിപത്യം ഏഷ്യയിൽ

(ALEXANDER IDICULA, Neerattupuram U. P. Class A.)

ജനാധിപത്യം ഏഷ്യൻ രാജ്യങ്ങൾക്കു പററിയതാണോ? ലോകത്തിലാകമാനമുള്ള ചിന്തകരുടെയും രാഷ്ട്രമീമാംസകരുടെയും ചിന്താമണ്ഡലത്തിൽ ഉത്തരം കിട്ടാതെ ഇനിയും അവശേഷിക്കുന്ന ഒരു ചോദ്യമാണിതു്. മദ്ധ്യയുഗത്തിലെ ദുഷിച്ചുനാറിയ ഫ്യൂഡൽ വ്യവസ്ഥിതിയുടെയും അധികാരിവർഗ്ഗത്തിന്റെ അധികാരപ്രമത്തതയുടെയും തിക്തഫലങ്ങൾ അനുഭവിച്ച അസംതൃപ്തരായ സാധാരണക്കാർക്കു് കഴിവുള്ള ചിന്തകരും കലാകാരന്മാരും നേതൃത്വം കൊടുത്തതിന്റെ ഫലമായി വളർന്നുവന്ന ജനകീയശക്തി ഏകാധിപത്യത്തെ തട്ടിനീക്കിക്കൊണ്ടു് ജനാധിപത്യം കെട്ടിപ്പടുക്കുവാൻ തുടങ്ങി. ഇക്കഥ പടിഞ്ഞാറൻ ജനാധിപത്യത്തിന്റെ കഥയാണു്.

കിഴക്കിന്റെ കഥ ഇതല്ല. അവരും അടിമത്തത്തിലായിരുന്നു. പക്ഷേ ആ അടിമത്തം വൈദേശികമായിരുന്നുവെന്നുമാത്രം. ഏതായാലും 20-ാം നൂററാണ്ടു് ഏഷ്യയിലുദയം ചെയ്തതു് സ്വാതന്ത്ര്യത്തിന്റെ പൊൻമരീചികൾ വീശിക്കൊണ്ടാണു്. സുപ്രസിദ്ധ തത്വചിന്തകനായ റൂസ്സോ ഒരിക്കൽ പറഞ്ഞിട്ടുണ്ടു് "മനുഷ്യൻ എല്ലായിടത്തും സ്വതന്ത്രനായി ജനിക്കുന്നുവെങ്കിലും അവൻ പിന്നീടു് എല്ലായിടത്തും ശൃംഖലാബദ്ധനായി കാണുന്നു"വെന്നു്. പക്ഷേ, ഏഷ്യയെ സംബന്ധിച്ചിടത്തോളം അടിമത്തത്തിൽ ജനിച്ച മനുഷ്യൻ എല്ലായിടത്തും സ്വതന്ത്രനായി മാറി.

മനുഷ്യൻ പുറകോട്ടു പോകുന്നതിനുള്ള നൈസർഗ്ഗികാസക്തി പ്രകടിപ്പിക്കുന്നതായി നാം പലപ്പോഴും കാണുന്നു. സമത്വം, സാഹോദര്യം മുതലായ തത്വസംഹിതകൾ ലോകത്തിലാദ്യമായി ഉരുവിട്ടുകൊടുത്ത ഫ്രാൻസിന്റെ ഭരണം ഇപ്പോൾ ഏകാധിപതിയായ ഡിഗോളെയുടെ കൈയിലാണു്. ഈജിപ്റ്റിന്റെ ഭരണം നാസ്സർ ഏറെറടുത്തു. അതുപോലെ പാകിസ്ഥാന്റെ ഭരണം ഒരു ആയൂബ്ഖാനും. തായ്‌ലണ്ടു്, ബർമ്മ മുതലായവ പാകിസ്ഥാനെ അനുകരിച്ചു. അതായതു്, ഏഷ്യയിൽ ഇൻഡ്യയൊഴികെയുള്ള മിക്ക രാജ്യങ്ങളും ഏകാധിപത്യത്തിൻകീഴിലമർന്നു കഴിഞ്ഞു. എന്താണീ വ്യതിയാനത്തിനു കാരണം?

ഇന്നു ജീവിച്ചിരിക്കുന്ന ഒരു തത്വചിന്തകനായ റസ്സൽ ഒരിക്കൽ പറഞ്ഞിട്ടുള്ളതുപോലെ "ഒരാളുടെ ഏകാധിപത്യം അഞ്ചോ ആറോ പേരുടെ ഏകാധിപത്യമായി മാറുന്നതാണു് ജനാധിപത്യമെങ്കിൽ" ആ ആറുപേരിൽ ഒരാളാകാനുള്ള മനുഷ്യന്റെ വ്യഗ്രതയുടെ പരിണതഫലമായി നാട്ടിൽ പടർന്നു പിടിക്കുന്ന അരാജകത്വമാണു് വീണ്ടും ഏകാധിപത്യത്തെ മാടിവിളിക്കുന്നതു്. സ്വർണ്ണപഞ്ജരത്തിൽ കിടന്നുകൊണ്ടു് പാലും തേനും കഴിക്കുന്നതിനെക്കാൾ അഭികാമ്യം സ്വാതന്ത്ര്യമാണെന്നു പറഞ്ഞ എബ്രഹാം ലിങ്കന്റെയും മററും കാലം കഴിഞ്ഞു. ഇന്നത്തെ മനുഷ്യൻ പ്രായോഗികതയുമായി ഏററുമുട്ടുകയാണു്. അവന്റെ ദൈനംദിനാവശ്യങ്ങൾ നിറവേററണം. ഇവ നൽകുന്നതിൽ പരാജയപ്പെടുന്ന ഭരണസമ്പ്രദായം പറിച്ചെറിയപ്പെടുക തന്നെ ചെയ്യും.

സാംസ്കാരികമായും വിദ്യാഭ്യാസപരമായും വളർന്ന ഒരു രാഷ്ട്രത്തിനു മാത്രമേ ജനാധിപത്യതത്വസംഹിതകളുമായി മുമ്പോട്ടുപോകുവാൻ സാധിക്കയുള്ളു. വിദ്യാഭ്യാസപരമായി ഏററവും താണ രാഷ്ട്രങ്ങൾ ഏഷ്യയിലാണു്. ഇവിടത്തെ നിരക്ഷരകുക്ഷികളായ ബഹുഭൂരിപക്ഷത്തെയും അടക്കി ഭരിക്കുന്നതു് വിദ്യാസമ്പന്നമായ ഒരു ന്യൂനപക്ഷമാണു്. ഭൂരിപക്ഷത്തെ ന്യൂനപക്ഷം അടക്കി ഭരിക്കുന്നതിനെ എതിർക്കുന്ന ജനാധിപത്യതത്വസംഹിതകൾ ഈ പ്രശ്നത്തിൽ ഒരു വിരോധാഭാസമായിത്തീർന്നിരിക്കയാണു്. ഇതുതന്നെയാണു് ഏഷ്യൻ ജനാധിപത്യത്തിനേററിട്ടുള്ള ഏററവും വലിയ പ്രഹരവും.

സാമ്പത്തിക മണ്ഡലത്തിലും ഏഷ്യൻ രാജ്യങ്ങൾ തുലോം പിന്നോക്കമാണു്. അ

വികസിതങ്ങളായ ഏഷ്യൻ രാഷ്ട്രങ്ങൾ വിദേശാധിപത്യത്തിൽനിന്ന് വിട്ടുവിമുക്തപ്പെട്ടപ്പോഴാണ് പാശ്ചാത്യരും തങ്ങളും തമ്മിലുള്ള സാമ്പത്തികവ്യത്യാസം എന്തെന്ന് സാധാരണക്കാരന് മനസ്സിലായിത്തുടങ്ങിയത്. തൽഫലമായി എങ്ങനെയും പുരോഗമിക്കണമെന്ന ആശയം അവനിൽ കടന്നുകൂടി. അതോടൊപ്പംതന്നെ സാമ്പത്തിക സ്വാതന്ത്ര്യം മിഥ്യയാണെന്നൊരു ബോധവും.

പക്ഷേ, ജനാധിപത്യത്തിന് സാമ്പത്തികസ്വാതന്ത്ര്യം വലുതായി കൈവരുത്തുവാൻ കഴിഞ്ഞില്ല. വിദേശച്ചരക്കുകളുമായി ഏറ്റുമുട്ടുവാൻ നമ്മുടെ ചരക്കുകൾ അശക്തങ്ങളെന്നു തെളിഞ്ഞു. ജനാധിപത്യത്തിന്റെ ദോഷമാണ് "ചുവന്ന നാട" (Red tapism). ഈ കുഴപ്പം മൂലം അന്നന്നുണ്ടാകുന്ന വ്യാപാരവ്യതിയാനങ്ങളനുസരിച്ച് പോകുവാൻ ഏഷ്യൻ വ്യാപാരമണ്ഡലത്തിനു സാധിക്കാതെയായി. അതോടുകൂടി വിദേശവാണിജ്യത്തിൽ നാം പരാജിതരായി. ഇതു നമ്മുടെ സാമ്പത്തിക പരാധീനതയ്ക്കു കാരണമായി.

തങ്ങൾക്കു വീണ്ടും പൊതുതിരഞ്ഞെടുപ്പുകളെ അഭിമുഖീകരിക്കേണ്ടി വരുമെന്നുള്ള ഭയം ഭരണാധികാരികളിൽ രണ്ടു വിധത്തിലുള്ള മനോഭാവം സൃഷ്ടിച്ചു. ഒന്നാമതായി സമുദായത്തിലെ നിലയും വിലയുമുള്ള വ്യക്തികളെ ആശ്രയിച്ച് അവരുടെ പ്രീതി സമ്പാദിക്കുവാനുള്ള വ്യഗ്രത ഭരണാധികാരികളിലുളവായി. ഇത് സാധാരണക്കാരെ അസംതൃപ്തരാക്കി. രണ്ടാമതായി തങ്ങളുടെ സ്ഥാനം സുസ്ഥിരമല്ലെന്നൊരു ബോധം ഭരണകാര്യങ്ങളോട് പരാങ്മുഖരായിരിപ്പാൻ അവരെ പ്രേരിപ്പിച്ചു.

ഇന്ന് ലോകമാസകലം യുദ്ധഭീതി ഒരു ദുസ്സ്വപ്നംപോലെ നടമാടുന്നുണ്ട്. യുദ്ധത്തെ നേരിടുവാൻ ഏഷ്യൻ രാഷ്ട്രങ്ങൾ പട്ടാളശക്തി വർദ്ധിപ്പിച്ചുതുടങ്ങി. ഇങ്ങനെ പട്ടാളം രാഷ്ട്രത്തെക്കാളും ശക്തിമത്തായി മാറിയ അവസ്ഥാവിശേഷം ഏഷ്യൻ രാജ്യങ്ങളിലുളവായി.

ജനങ്ങളിൽ ജനാധിപത്യത്തെക്കുറിച്ച് സംശയവും അതൃപ്തിയുമുണ്ടെന്ന് മനസ്സിലാക്കിയ ചിലർ ചിലേടത്ത് പട്ടാളത്തിന്റെ സഹായത്തോടുകൂടി അധികാരമേറെറടുത്തു. മററു ചിലേടത്ത് പട്ടാളം തന്നെ നേരിട്ട് അധികാരത്തിൽ ആരോഹണം ചെയ്തിട്ടുണ്ട്. ഇതാണ് ഏഷ്യയിൽ വീണ്ടും ഏകാധിപത്യം തലയുയർത്തുവാനുണ്ടായ സാഹചര്യം.

ഏഷ്യൻ ജനാധിപത്യത്തിന്റെ ഭാവി ഇൻഡ്യൻ ജനാധിപത്യത്തിന്റെ ഭാവിയെ ആശ്രയിച്ചിരിക്കുന്നു. കാരണം ഏഷ്യയിലിന്ന് ജനാധിപത്യവ്യവസ്ഥിതിയുള്ളത് ഇൻഡ്യയിൽ മാത്രമാണ്. മേൽ പറഞ്ഞ ദോഷങ്ങളെല്ലാം തന്നെ ഇൻഡ്യൻ ജനാധിപത്യത്തിനുമുണ്ട്. ഇതിലൊക്കെയുപരിയായി പ്രാദേശികവാദവും വർഗ്ഗീയതയും ഇവിടെ ശക്തമായിരിക്കുകയാണ്. രാഷ്ട്രപിതാവിനെ കൊന്നതു "വർഗ്ഗീയ ഭ്രാന്തൻ" ഇന്ന് അദ്ദേഹത്തിന്റെ ആശയാഭിലാഷങ്ങളെ കൊന്നുകൊണ്ടിരിക്കയാണ്. ഇതിനൊക്കെയുപരിയായി പ്രശ്നങ്ങളുടെ നാടായ ഭാരതം പ്രതിവർഷം 300 കോടി രൂപാ സൈനികശക്തിക്കു ചെലവിടുന്നുണ്ട്.

നെഹ്റുവിൽ ഏകാധിപത്യവാസന കാണുന്നുണ്ടെന്നുള്ള വാദഗതിയോട് അധികമാരും യോജിക്കാറില്ല. ഒരുപക്ഷേ രാജാജിയുടെ ഭാഷയിൽ അത് "വിപ്ലവകരമായ നേതൃത്വമോ" എ. ഐ. സി. സി.—യുടെ ഭാഷയിൽ അത് ഒരു സ്വതന്ത്രനേതൃത്വമോ ആയിരിക്കാം. ഏകാധിപത്യവാസന കലർന്നിട്ടുള്ള ഭാരതീയരെ സംതൃപ്തരാക്കിയിരിക്കുന്നുള്ളത് അതൊന്നു മാത്രമാണ്. ഈ നേതൃത്വം എന്നു മാറുന്നുവോ അന്ന് ഇൻഡ്യയ്ക്ക് ഒരു പരീക്ഷണഘട്ടത്തെ അഭിമുഖീകരിക്കേണ്ടിവരും. ഒരുപക്ഷേ അന്നും വിപ്ലവനേതൃത്വം കൊടുക്കുവാൻ കഴിവുള്ള വ്യക്തികൾ മുന്നോട്ടു വന്നേക്കാം. എങ്കിൽ ജനാധിപത്യം ഏഷ്യയിൽനിന്നും പിഴുതെറിയപ്പെടുകയില്ല.

# മലയാളത്തിലെ ഹാസസാഹിത്യം

വിശ്വംഭരൻ, യു. സി. കോളേജ്.

കരളെരിഞ്ഞാലും, തല പുകഞ്ഞാലും
ചിരിക്കണമത്രേ, വിദൂഷകധർമ്മം.

അതേ, കൈരളിയുടെ ഹാസസാഹിത്യത്തിനു് അസ്ഥിവാരമിട്ടതു് വിദൂഷകന്മാരാണു്. മരണത്തിന്റെ മുമ്പിലും മന്ദഹാസം പൊഴിച്ചു്, "ഉയിരിൻ കൊലക്കുടുക്കാക്കാവും കയറിനെ ഊഞ്ഞാലാക്കിത്തീർക്കാൻ" കഴിഞ്ഞിട്ടുള്ള ആ സാഹിതീഭക്തന്മാർ തങ്ങളുടെ ഉപജീവനമാർഗ്ഗത്തിനുവേണ്ടിക്കണ്ടുപിടിച്ച ആ സരണി, ഇന്നു് പ്രഫുല്ലമായ ഒരു സാഹിത്യശാഖയായി മാറിയിരിക്കുകയാണു്. തീവ്രയാതനകൾക്കിടയിലും പുഞ്ചിരിക്കുവാൻ അവർക്കു് സാധിച്ചിട്ടുണ്ടെന്നു്, ഭൂതകാലചരിത്രത്തിന്റെ ഒരു തിരിഞ്ഞുനോട്ടത്തിൽനിന്നും നമുക്കു് മനസ്സിലാകും.

പണ്ഡിതാഗ്രേസരന്മാരായ നമ്പൂതിരിമാർ, ഫലിതപ്രയോഗത്തിൽ അദ്വിതീയന്മാരായിരുന്നു. ഫലിതോക്തിയിൽ സ്വതസ്സിദ്ധമായ അപാരപാണ്ഡിത്യം അവർക്കുണ്ടായിരുന്നു. തോലൻ, മുട്ടസ്സു് എന്നിവർ ഇത്തരത്തിൽ അനുസ്മരണീയരാണു്. ഫലിതകുശലനായ തോലൻ കുലശേഖരന്റെ നർമ്മസചിവനായിരുന്നു. ഭാഷാസംസ്കൃതപദങ്ങളെ ഭംഗിയായി ഇണക്കി, സരളമായി നിർമ്മിച്ചിരിക്കുന്നവയാണു് അദ്ദേഹത്തിന്റെ പദ്യങ്ങൾ. അദ്ദേഹത്തിന്റെ ഫലിതരസപ്രധാനമായ പദ്യങ്ങളാണു് ചാക്യാന്മാർ കൂടിയാട്ടത്തിനും മററും ഉപയോഗിച്ചുവരുന്നതു്. ഭസ്മലേപനകർമ്മത്തെപ്പററി അദ്ദേഹം പറയുന്നു :

"സൂര്യദേവനുദിക്കുമ്പോൾ ജലം കൂട്ടി ധരിക്കണം;
മേപ്പടിയാനസ്തമിക്കുമ്പോൾ, മേപ്പടി കൂടാതെയും മേപ്പടി."

മുട്ടസ്സു് നമ്പൂതിരിയാകട്ടെ തന്റെ സംഭാഷണത്തിലൂടെയാണു് ഏററവും ഉത്തമങ്ങളായ ഫലിതപ്രയോഗങ്ങൾ നടത്തിയിട്ടുള്ളതു്. അദ്ദേഹത്തിന്റെ ഫലിതപ്രയോഗസാമർത്ഥ്യത്തെപ്പററി അനേകം ഐതിഹ്യങ്ങൾ കൈരളിക്കു് സുപരിചിതമാണു്.

തോലകവിയുടെ കാലം കഴിഞ്ഞതിനുശേഷം, ഈ സരണിയിൽ ഏററവും വലിയ സംഭാവന കൈരളിക്കു നൽകിയതു് അതുല്യപ്രഭാവനായ മഹാകവി കുഞ്ചൻ നമ്പ്യാരാണു്. അദ്ദേഹത്തെപ്പററി "സാഗരം സാഗരോപമം" എന്നു പറയുന്നതു് അസംഗതമാണെന്നു് തോന്നുന്നില്ല. അനേകം ശാഖകളിൽ നമ്പ്യാർ കാവ്യങ്ങൾ നിർമ്മിച്ചിട്ടുണ്ടെങ്കിലും തുള്ളൽപ്പാട്ടുകളാണു് അദ്ദേഹത്തിന്റെ വിജയപതാകകൾ. കേരളീയജീവിതത്തിന്റെ സാമുദായികവശങ്ങളെ, അതിസരസമായി പ്രതിപാദിച്ചു്, പണ്ഡിതപാമരഭേദമെന്യേ സകലരുടേയും ഹൃദയം നമ്പ്യാർ ആവർജ്ജിച്ചിരിക്കുന്നു. ഹാസ്യരസനിവേശനത്തിലും, ഫലിതപ്രയോഗത്തിലും അദ്ദേഹത്തിന്റെ പാടവം അദ്വിതീയമെന്നു് സർവ്വജനസമ്മതമാണു്. അല്പം ചില സന്ദർഭങ്ങളിൽ അവ അശ്ലീലവും, നിരങ്കുശവും, ശകാരവർഷവുമായി ഭവിച്ചിട്ടുണ്ടു്. എന്നാൽ ആ വിയത്ഗംഗയുടെ അനുസ്യൂതമായ ഗാനാലാപത്തിൽ അവയൊന്നും ദോഷകരമായിത്തോന്നുന്നില്ല. അദ്ദേഹത്തിന്റെ നിരങ്കുശത്വത്തിനു് ഒരു ചെറിയ ഉദാഹരണം കാണിക്കാം. ദമയന്തിയുടെ രണ്ടാം വിവാഹത്തിനു് ഋതുപർണ്ണരാജാവു് കുണ്ഡിനപുരത്തിൽ ചെന്നു. പക്ഷേ, വിവാഹം നടക്കുന്നില്ല. വിഷണ്ണനായ രാജാവു് ബാഹുകനോടു് പറയുന്നു :

"വെററില പുകയില തിന്മാൻ പോലും
ചക്രം നമ്മുടെ കരമതിലില്ല."

അപ്പോൾ ബാഹുകൻ പറയുന്നു :

"വെററില പുകയില തിന്മാൻ വേണ്ടും
ചക്രം ഞാനിവിടുണ്ടാക്കീടാം."

ഒരു സാധാരണക്കാരനു് പോലും സംഭവിക്കാത്ത രീതിയിലാണു് ഋതുപർണ്ണമഹാരാ

ജാവിനു് വെറ്റിലയും പുകയിലയും വാങ്ങാൻപോലും കാശില്ലാതായിത്തീന്നു്. ഇതും സൂതന്റെ മറുപടിയും അതിരുകവിഞ്ഞ നിരാശതമാണു്.

സാമുദായികാചാരങ്ങളേയും, നമ്പൂതിരി പ്രാമാണ്യത്തെയും, ജനങ്ങളുടെ ദുഷിച്ചുനാറിയ ജീവിതരീതിയേയും, ചിന്താഗതിയേയും കുഞ്ചൻ ശക്തിയുക്തം എതിർത്തു. അവയെല്ലാം എതിരായിട്ടുള്ള ഒരു "റെറാലി" യാണു് അദ്ദേഹത്തിന്റെ ചിരി. ഹാസ്യത്തിലൂടെ ജനങ്ങളുടെ നാനാവിധമായ തെററുകൾ തിരുത്തുന്നതിൽ അദ്ദേഹം പൂർണ്ണവിജയം കൈവരിച്ചിട്ടുണ്ടു്.

ബ്രാഹ്മണരുടെ ജീവിതരീതിയേയും, ദ്രവ്യതൃഷ്ണയേയും അദ്ദേഹം കഠിനമായി വിമർശിച്ചു.

"കാശിക്കുപ്പോമെങ്കിലുമിന്നാ
കാശിനു വകയുണ്ടെന്നാൽ മണ്ടും."

എന്നീ ഭാഗങ്ങളെല്ലാം അന്നുണ്ടായിരുന്ന ചില യാഥാർത്ഥ്യങ്ങളെ വെളിച്ചത്തു കൊണ്ടുവരുകയാണു് ചെയ്യുന്നതു്.

കുഞ്ചന്റെ ഹാസ്യാത്മകമായ നോട്ടത്തിൽ കാമിനിയുടെ വീക്ഷണവും അതിനു് പുരുഷന്റെ പ്രതികരണവും ഇപ്രകാരമാണു്.

"കണ്ണുനീരുകൊണ്ടു കട്ടക വറക്കുന്ന
പെണ്ണിനെക്കണ്ടാലടങ്ങുമോ പുരുഷൻ?"

മഹാകവി കുഞ്ചൻ നമ്പ്യാരുടെ കൃതികളിലേതിൽനിന്നെങ്കിലും രണ്ടു വരിയെങ്കിലും പാടുവാൻ കഴിയാത്ത മലയാളികളെ കാണുവാൻ പ്രയാസമാണു്. അത്രത്തോളം, ജനങ്ങളുടെ ഹൃദയത്തെ വശീകരിക്കുവാൻ സാധിച്ചിട്ടുള്ള ഒരു കവിയാണു് നമ്പ്യാർ. അങ്ങനെ, മലയാള ഹാസ്യസാഹിത്യസാമ്രാജ്യത്തിന്റെ സാമ്രാട്ടായി അദ്ദേഹം ശോഭിക്കുന്നു.

കുഞ്ചന്റെയും മററും കാലം കഴിഞ്ഞശേഷം ഈ ശാഖയെ പോഷിപ്പിക്കുവാൻ, കഷ്ടം കറെക്കാലത്തേക്കു് ആരും തന്നെയുണ്ടായിരുന്നില്ല. ഒന്നു രണ്ടു നൂററാണ്ടുകൾ ഒരു സുപ്താവസ്ഥയിൽക്കഴിഞ്ഞുപോയി. അതിനുശേഷമാണു് സഞ്ജയൻ എന്ന പേരിൽ വിഖ്യാതനായിരിക്കുന്ന, പണ്ഡിതവരേണ്യനായ ശ്രീ എം. ആർ. നായർ ഈ രംഗത്തിൽ പ്രവേശിക്കുന്നതു്. അദ്ദേഹത്തിന്റെ ഹാസ്യപ്രയോഗത്തിന്റെ ഉദ്ദേശ്യം ഇപ്രകാരമായിരുന്നു:

"പരിഹാസപ്പൂപനീർച്ചെടിക്കെടോ,
ചിരിയത്രേ പുഷ്പം, ശകാരം മുള്ളു താൻ;
അതിന്റെ പൂവാണാച്ചെടിക്കലങ്കാര-
മതിന്റെ മുള്ളല്ലെന്നറിഞ്ഞുകൊള്ളുക."

അദ്ദേഹത്തിന്റെ നർമ്മോക്തികൾ ഏററവും ഉൽകൃഷ്ടവും, ഹൃദയസ്പർശിയുമാണു്. അവയെല്ലാററിന്റെയും പിറവി, തീവ്രയാതനകളുടെ അഗാധതയിൽ നിന്നുമാണു്. അതുകൊണ്ടുതന്നെയാണു് അദ്ദേഹം 'വിഷാദാത്മകത'ത്തിനു് നേരെ അതികഠിനമായി പടവെട്ടിയതു്. സഞ്ജയന്റെ ഫലിതം ഭൂരിഭാഗവും—കുഞ്ചന്റേതുപോലെ—സാമൂഹ്യദുരാചാരങ്ങളെ ചെറുത്തുകൊണ്ടുള്ളവയായിരുന്നു. വിഷാദാത്മക കവികളും, പ്രേമഗായകന്മാരുമായിരുന്ന ഇടപ്പള്ളിയേയും, ചങ്ങമ്പുഴയേയും അദ്ദേഹം നിർദ്ദയം വിമർശിച്ചിട്ടുണ്ടു്.

അദ്ദേഹത്തിന്റേതുപോലെ ശോകസങ്കലിതമായ ഒരു ജീവിതം മറെറാരു സാഹിത്യകാരനും (ഒരുപക്ഷെ, ഇംഗ്ലീഷ് സാഹിത്യത്തിലെ Keats ഒഴികെ) ഉണ്ടായിട്ടില്ലെന്നു് തികച്ചും പറയാവുന്നതാണു്. അത്രത്തോളം, തീവ്രയാതനകളുടെ അഗാധതയിൽനിന്നു കൊണ്ടു് ചിരിക്കുവാനും ചിരിപ്പിക്കുവാനും സാധിച്ച ആ സാഹിത്യകാരന്റെ കൃതികളുടെ വൈശിഷ്ട്യവും അതിന്റെ ആകർഷണീയതയും സാധാരണക്കാരുടെ ചിന്താശക്തിയെ അതിശയിക്കുന്നതാണു്. അദ്ദേഹത്തിന്റെ പ്രധാനകൃതികൾ "സഞ്ജയൻ" എന്ന ലേഖനപരമ്പരയും, "ഹാസ്യാഞ്ജലി" എന്ന ഹാസ്യകവിതാസമാഹാരവും, "ഒഥല്ലോ" തർജ്ജമയുമാണു്. ഈ കൃതികളിലെ ഓരോ വാക്കുകളിലും അദ്ദേഹത്തിന്റെ വ്യക്തിമാഹാത്മ്യം ഊറിനില്ക്കുന്നുണ്ടു്.

ശ്രീ എം. ആർ. നായർ മിസ്റ്റിസിസം, വിഷാദാത്മകത, സാഡിസം (Sadism), മിസ്റ്റിസം എന്നിവയ്ക്കു് എതിരായിരുന്നു. അദ്ദേഹത്തിന്റെ വെറുപ്പു് സത്തോട്ടുള്ള

തന്റെ "മിസ്റ്റിക് കൂട്ടാൻ" എന്ന ലഘുക വിതയിൽ തെളിഞ്ഞുകാണുന്നുണ്ട്. അദ്ദേഹം മിസ്റ്റിക് കവിതയെ, ഒരു പുതിയ "കൂട്ടാൻ" ആയി നിരൂപണം ചെയ്തുകൊണ്ട് പറയുന്നു :

വാലിയക്കാരൻ ഗോപാലനെന്നോ-
ടാലോചിക്കാതെയിന്നലെ
പുത്തനായൊരു 'മിസ്റ്റിക' രീതിയിൽ
മത്തൻകൊണ്ടൊരു കൂട്ടവാൻ
നിർമ്മിച്ചു, ഞാനതോർമ്മിച്ചീടാതെ;
കർമ്മവാസന, ഭക്ഷിച്ചു............

എന്നിട്ട് ആ പുത്തൻ കൂട്ടാന്റെ രുചി യെ—ഹൃദ്യതയെപ്പററി അദ്ദേഹത്തിനിത്ര മാത്രമേ പറയുവാനുള്ളു :

ഞാനിനി വീണ്ടുമീട്ടുനിയാവിൽ
നാനൂറുവട്ടം വന്നാലും
ആയതിൻ രുചി പോകുകയില്ലെൻ
വായിൽനിന്നെന്റെ കർത്താവേ !.—

അത്രക്കും അരോചകമായ ആ നിർമ്മാണ ത്തെപ്പററി അദ്ദേഹം ചോദ്യം ചെയ്യപ്പോൾ നിർമ്മാതാവിന്റെ "യുക്തിയുക്ത"മായ മറു പടി ഇതാണ് :

"വൃത്താലങ്കാരജാലങ്ങൾ സാഹി-
ത്യത്തിൽ നിന്നെങ്ങോ പോയില്ലേ;
വാക്കുകൾക്കർത്ഥമിന്നതെന്നുള്ള
മർക്കടമുഷ്ടി വിട്ടില്ലേ ?"

ഒടുക്കം ആ ഉത്തരം അദ്ദേഹത്തെ മൂകനാക്കി മാററുന്നു.

അതുപോലെ തന്നെ അദ്ദേഹം പുതിയ കവിതാരീതിയായ Sadism-ത്തിനും എതിരായിരുന്നു. (കാമുകികാമുകന്മാരുടെ പ്രണയം അതിന്റെ പരമകോടിയിൽ എത്തുമ്പോൾ, അതിനു് കുറവു് വരാതിരിക്കുവാൻവേണ്ടി കാമുകൻ കാമുകിയെ കൊല്ലുന്നു; ഇതാണ് സാഡിസം.) ഈ രീതി, മലയാളത്തിൽ ആദ്യമായിക്കൊണ്ടുവന്നതു് ശ്രീ ചങ്ങമ്പുഴ തന്റെ "മോഹിനി" (1936, മാതൃഭൂമി ഓണം വിശേഷാൽ പ്രതി) എന്ന കവിതയിലാണ്. അതിലെ നായകനായ സോമൻ, തന്റെ പ്രണയിനിയെ കൊല്ലാൻ ഒരുങ്ങമ്പോൾ ഇങ്ങനെ പറയുന്നു :

"അത്യനർഘമാമീ മുഹൂർത്തത്തിലുത്തമേ
നീ മരിക്കണം;
മാമകാശയം ക്രൂരമാണെങ്കിൽ ഓമനേ,
നീ പൊറുക്കണം."

അങ്ങനെ സോമൻ കാമുകിയെ കൊല്ലുന്നു; പ്രേമത്തെ സംരക്ഷിക്കുന്നു. എന്നാൽ, ഈ പ്രയോഗത്തിൽ അല്പം കുപിതനായ സഞ്ജയൻ 'മോഹിനി'ക്കു് ഒരു ഹാസ്യാനുകരണം (Parody) ആയി "മോഹിതനെ" സമ്മാനിക്കുന്നു. "മോഹിത"നിൽ നായകനായ കോമൻ—സോമനെപ്പോലെ തന്റെ ആഗ്രഹ സാദ്ധ്യത്തിനുവേണ്ടി, തന്റെ കാമുകിയെ കൊല്ലാൻ അടുക്കുന്നു. എന്നാൽ, അവളുടെ മറുപടി "ഇപ്പരിപ്പിവിടെ വേവുകയില്ല" എന്നാണ്. കോമൻ ബലാല്ക്കാരത്തിനു് ശ്രമിക്കുമ്പോൾ,

ഒട്ടുടനവൾ ചൂലൊന്നോങ്ങിനാൾ
പെട്ടെന്നു കോമൻ പിന്നോക്കം
പേടി പൂണ്ടേററം ചാടിനാൻ പടി
ഹാ, തടഞ്ഞയ്യോ കഷ്ടമേ !............
(കോവണിപ്പൊക്കമേറിയതെന്നു്
കോമനന്നത്രേ ജ്ഞാതമായ്)

ഇങ്ങനെ സഞ്ജയൻ "കോമനെ" (സാഡിസം എന്ന പദ്യരീതിയെ) പരാജയപ്പെടുത്തി.

വള്ളത്തോൾ, ഉള്ളൂർ മുതലായ മഹാകവികളേയും ശ്രീ സഞ്ജയൻ ഒന്നു് 'പിടിച്ചുവിട്ടി'ട്ടുണ്ട്. ആ പിട്ടത്തങ്ങളുടെയെല്ലാം ഉദ്ദേശം നിഷ്കളങ്കമായ പുഞ്ചിരിമാത്രം.

അധികാരികളുടെ നിരർത്ഥകമായ ചെയ്തികളെ നിർദ്ദയം ചോദ്യം ചെയ്യാനും, അദ്ദേഹം അധൈര്യപ്പെട്ടില്ല. അതിനെല്ലാമുദാഹരണങ്ങൾ അദ്ദേഹത്തിന്റെ കൃതികളിൽ സുലഭമാണ്.

അങ്ങനെ, കൈരളിയെ ചിരിപ്പിക്കുവാൻ ശ്രമിച്ച ആ "ചളിക്കുളത്തിലെ താമരപ്പൂ", തന്റെ മുപ്പത്തിഎട്ടാമത്തെ വയസ്സിൽ, 1943 സെപ്തംബർ 13-ാംനു അന്തരിച്ചു. എങ്കിലും അതിന്റെ പ്രഭാപൂരം അന്തരീക്ഷത്തിൽ ഇന്നും തങ്ങിനില്ക്കുന്നു.

പിന്നീട്, ഈ പ്രസ്ഥാനത്തിൽ ഉദയം ചെയ്യുന്നതു് നമുക്കേവർക്കും സുപരിചിതനാ

യ ശ്രീ ഈ. വി. കൃഷ്ണപിള്ളയാണ്. അദ്ദേഹം തൻെറ എല്ലാ കൃതികളിലും ഫലിതരസത്തിനാണ് പ്രാധാന്യം നല്കിയിരിക്കുന്നത്. ഉദാഹരണത്തിനായി, പ്രണയക്കമ്മീഷൻ, കള്ളപ്രമാണം എന്നീ പ്രഹസനങ്ങളും, 'ചിരിയും ചിന്തയും' എന്ന ലേഖന സമാഹാരവും എടുക്കാം.

'ഈവി' ഫലിതത്തിൻെറ അന്യാദൃശമായ ഹൃദ്യത—അതൊന്നു വേറെതന്നെയാണ്. സമൂഹത്തിൽക്കാണുന്ന നാനാവിധമായ തെററുകളെ ഉടച്ചുനീക്കുവാനാണ്, അദ്ദേഹം തൻെറ 'ചിരിയും ചിന്തയും' വിനിയോഗിച്ചിരിക്കുന്നതു്. അതിലെ 'മര്യാദരാക്ഷസന്മാർ', 'അല്പന്മാർ', പത്രാധിപന്മാർ' എന്നിവയെല്ലാം യാഥാർത്ഥ്യങ്ങളുടെ ചിത്രീകരണങ്ങൾ തന്നെയാണ്. അന്നത്തെ സാമുദായികന്യൂനതകൾ നിർമ്മാർജ്ജനം ചെയ്യുന്നതിൽ അദ്ദേഹത്തിൻെറ കൃതികൾ തികച്ചും വിജയിച്ചിട്ടുണ്ട്.

ഈ. വി. ക്ക് ശേഷം ഈ ശാഖയിൽ കൂടുതൽ സ്ഥാനം കരസ്ഥമാക്കിയതു് ശ്രീ പി. കെ. രാജരാജവർമ്മയാണ്. അദ്ദേഹത്തിൻെറ "പഞ്ചുമേനവനും കുഞ്ചിയമ്മയും" (3 ഭാഗങ്ങൾ) ഏതൊരുത്തനും ചിരിക്കു് വക നല്കുന്നതാണ്. വ്യക്തിപരമല്ലാത്ത, ഇത്തരം ഹാസ്യചിത്രീകരണങ്ങൾ എത്ര ആശാസ്യമാണ്! ആ കൃതികൾ വായിച്ചാൽ ചുണ്ടുകളിൽ പുഞ്ചിരി മാത്രം ഇററിററു നില്ക്കും. അദ്ദേഹത്തിൻെറ "ലഘുഭക്ഷണം" ചിരിക്കാനാഗ്രഹിക്കുന്ന ഒരുത്തനു്, ഒരു ലഘുഭക്ഷണമല്ല; "ബഹുഭക്ഷണം" തന്നെയാണ്.

ഈ. വി. യുടേതുപോലെ ഹാസ്യലേഖനങ്ങൾ എഴുതി, കൈരളിയുടെ സമാദരത്തിനു് പാത്രീഭവിച്ച ഒരു പണ്ഡിതനായിരുന്നു ശ്രീ വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ.

ഈ പണ്ഡിതാഗ്രേസരന്മാരുടെ കാലം കഴിഞ്ഞതശേഷം ഈ ശാഖ വീണ്ടും ഉറങ്ങുവാൻ ഭാവിക്കുകയാണ്. വിക്രമൻ, വേളൂർ കൃഷ്ണൻകുട്ടി എന്നിവർ, ഇതിനെ ഉണർത്താൻ ശ്രമിക്കുമെന്നു് നമുക്കു് ആശിക്കാം.

ചെറുകഥകളിലൂടെയും, നോവലുകളിലൂടെയും ഫലിതോക്തി പ്രയോഗിച്ചിരിക്കുന്നതിൽ ഏററവും വിജയിച്ചിരിക്കുന്നതു് ശ്രീ ബഷീർ ആണ്. ആ ഗുണം തന്നെയാണ് അദ്ദേഹത്തിൻെറ കൃതികൾക്കു് ജീവൻ നല്കുന്നതും.

ഒരു ചുരുങ്ങിയ അവലോകനത്തിൽ, ഇതാണ് കൈരളിയുടെ ഹാസ്യസാഹിത്യം. ഹ്രസ്വമെങ്കിലും മററു ഭാഷകളുമായി താരതമ്യപ്പെടുത്തുമ്പോൾ, നമ്മുടെ വക ഏററവും ഉച്ച് അസൂയാർഹം തന്നെ. അതുകൊണ്ടാണ് ശ്രീ വൈലോപ്പിള്ളി ഇങ്ങനെ പാടുന്നതു് :

ഏതു കണ്ണീരിൻ മീതെ,
യേതിരുൾക്കുന്നിൻ മീതെ,
നീ ദീപ്തമാകുന്നില്ലാ
നിസ്തുല്യഫലിതം തേ ?

അതേ, യാതനകളോടു് നേരിടാനുള്ള കേരളീയരുടെ ആയുധം ചിരിയാണ്. കവി തുടരുന്നു :

വരട്ടേ ദുരിതങ്ങൾ
കേരളത്തിനു മേലും
ചിരിക്കാൻ മറക്കാതെ-
യിരിക്കാൻ സാധിച്ചെങ്കിൽ !

Jones : I woke up last night with the feeling that my watch was gone, and at once looked for it.

Cones : Was it gone?

Jones : No, but it was going.

* * * *

Little boy : Mummy, every time I drink my coffee I have a stabbing pain in my right eye. What shall I do?

Mummy : Take the spoon out of your cup.

* * * *

College beauty to the College wit : Dear friend my hair is coming out pretty fast. Can you give me something to keep it in?

College wit : Sure, Take this empty tin.

* * * *



"There is not much blood in your alchoholic stream."

*By*
Alexander Kurien, Class iii Phy.

# COLLEGE CRICKET TEAM : 1959-'60



Sitting (L. to R.): C. P. Andrews (Physical Director); T. B. Thomas (Principal); Rev. C. J. Bell (President); K. C. Annakutty (Physical Instructress); P. Sasidharan (Captain).
Standing 1st Row: P. Viswanathan; John P. Mathew; K. Sukumaran; P. G. George; K. Rajagopal; Manoharan; Mohammed (Games Boy).
2nd Row: Rajan Abraham; Venugopal; John Varghese; Ittyerah K. Oommen; Samuel K. John; Thampy John; K. George.

# THE COLLEGE TENNIS TEAM



Thomas Chandy (Secretary); T. C. Joseph (President); T. B. Thomas (Principal); K. J. John (Captain); Thomas Roy Ittyerah; C. P. Andrews (Physical Director).

COLLEGE FOOT BALL TEAM 1959-'60



HOCKEY TEAM 1959-60

Runners up in the Kerala University Inter-Collegiate Hockey Tournament



# सु - तुन्ग - पु

## एक चीनी महाकवि

(S. Indira Devi Class I Eco.)

### COLLEGE FOOT BALL TEAM 1959-'60

Sitting: C. P. Andrews (Physical Director); T. B. Thomas (Principal); Motty (Captain); K. C. Annakutty (Physical Instructress); C. T. Benjamin (President).

Standing 1st Row: V. O. Oommen; P. Sasidharan; T. M. Varghese; V. O. Mani; Kuruvilla V. Mathew; Thomas Ninan; Mohammed (Games Boy).

2nd Row: Kurian Abraham; K. P. Kuriakose; George Koshy; C. C. Porinju; C. G. Varghese.

### HOCKEY TEAM 1959-60

Runners up in the Kerala University Inter-Collegiate Hockey Tournament

Sitting (L. to R.): Messrs. C. P. Andrews B. A., D. P. E. (Physical Director); Mani Jacob (Captain); T. B. Thomas M. Sc. (Dunelm) A. Inst. P. (Principal); K. C. Annakutty B. A. (Physical Directress); A. M. Chacko M. Sc. (President); George Koshy.

Standing (L. to R.) 1st Row: Ashal; Richard Vanspall; Abraham Varughese; P. Y. Poulose; Kushal; K. O. Poulose; K. C. George.

2nd Row: K. George; S. A. Shahul Hameed; Ittyerha K. Oommen; John Varughese; Rajen Abraham; Mohammed (Marker).

अगर उनको जीवन में कई कठिनाइयाँ ऐसी कठिनाइयाँ जिनसे बचने के लिये लोग जीवन भी छोड देने को तैयार होते है नहीं सहनी पडी थी तो हम को शक होता है कि वे अपनी अमूल्य कवितायें और लेख लिख सकते थे।

यायाधीश थे
वतायें लिखने
व और दीन
उन के लिये
न और देश
। राज्य के
रे में सम्राट
पहल 'सु' ने
के ध्यान में
हस दिखाया।
था क्यों कि
करी छोडना
सहना था।
गये सम्राट
, निडर थे।
अपने Book
of Poetry
Terrace द्वारा प्रकट
किया है।

सज़ा से मुक्त होने के बाद वे एक किसान बन गये। जीवन काटने का और एक मार्ग उनको नहीं सूझा। दुनियाँ के सभी सुखों को भोगने के बाद गरीबी

# सु - तुन्ग - पु

### एक चीनी महाकवि

(S. Indira Devi Class I Eco.)

चीन राज्य के मियेशान (Meishan) नगर ने दुनियाँ को चीनी साहित्य द्वारा अमूल्य भेंट दी हैं। इस मशहूर नगर के एक बडे घर में सु - तुन्ग - पु ने जन्म लिया। उनके पूर्वीक प्रसिद्ध कवि और चिंतक थे।

सु-तुन्ग-पु १०३६ ई० में भूजात हो गये। सुख और, दुःखों से सम्मिलित थे उनके बाल्य और यौवन काल। उन्हों ने एक छोटी नौकरी में राजसेवा करना शुरू किया और उन्होंने इतनी होशियारी प्रकट की कि वे अंत में ऐक 'गवरणर' बन गये। लेकिन आप लोग ऐसा मत सोचिये कि उनका जीवन शुरू से अंत तक सुखपूर्ण था। ऐसा होता तो आज उन का नाम इतना मशहूर न हो सकता कि दुनियाँ भर के लोग उसे जानते हैं। अगर उनको जीवन में कई कठिनाईयाँ ऐसी कठिनांईयाँ जिनसे बचने के लिये लोग जीवन भी छोड देने को तैयार होते है नहीं सहनी पडी थी तो हम को शक होता है कि वे अपनी अमूल्य कवितायें और लेख लिख सकते थे।

जब वे एक नगर के न्यायाधीश थे तब वे कई कई सुन्दर कवितायें लिखने को उत्सुक थे। वे गरीब और दीन लोगों के परम बंधु थे और उन के लिये ही आप को बंदी गृहवास और देश निकाले की सजा सहनी पडी। राज्य के लोगों की कठिनाईयाँ के बारे में सम्राट कुछ नहीं जानते थे। पहले पहल 'सु' ने ही उस बात को सम्राट के ध्यान में लेने का परिश्रम करने का साहस दिखाया। वह सचमुच साहस ही था क्यों कि उसके फ़लस्वरूप अपनी नौकरी छोडना और कारागृह वास सहना था। न्यायाधीश अब राजद्रोही बन गये सम्राट की आँखों में। लेकिन 'सु' निडर थे। उन्होंने अपने आदर्शों को अपने Book of History और The Cast of Poetry at the Black Terrace द्वारा प्रकट किया है।

सज़ा से मुक्त होने के बाद वे एक किसान बन गये। जीवन काटने का और एक मार्ग उनको नहीं सूझा। दुनियाँ के सभी सुखों को भोगने के बाद गरीबी

उनको असहनीय मालूम पड़ी। लेकिन जलते हृदय में सुधा टपकने के लिये उन की एक जीवन संगिनी थी उनकी पत्नी। गरीबी और मान भंग से 'सु' के हृदय में एक गहरी चोट लगी थी। उस चोट की वेदना भूलने का सिद्धौषध था उनकी स्त्री। लेकिन विधि ने उनको अब भी शांति नहीं दी। उस निष्ठुर ने उनकी पत्नी को उनसे ले लिया। 'सु' का हृदय दुःख से इतना भरा था कि वे रो भी नहीं सके। सिर्फ दस वर्ष के बाद ही आपकी विरहवेदना रूपी नदी सभी बंधनों को भेदकर बहने लगी। एक कविता के ऊपर वे अपनी खोई हुई संपत्ति के लिये रोते हैं। अपने बच्चों का पालन पोषन कराने के लिये उन्होंने फिर भी एक शादी की। लेकिन विधी की निर्दयता नहीं रुकी। दुःख के ऊपर दुःख ने उसे घेर लिया और उनको 1083 में फिर देश निकले की सज़ा मिली। उस समय उनकी संतान के जन्म समय की आवश्यक शुश्रूषा करने के लिये उनके सिवा और कोई नहीं था। जब वे दुनियाँ में नरक का अनुभव करते थे तब लोग उनकी कविता पढ़कर उनके स्तुतिगीत गाते थे। दुनियाँ को अमोघ निधियाँ देते देते वे स्वयं नाश की ओर जा रहे थे। शराब और स्त्री उनके सहचर बन गयी और उनकी तबियत खराब होने लगी। दुनियाँ की सभी कठिनाइयाँ उनका पीछा करते दीख पड़ी। कुछ वर्षों के लिये उनके हाथ पैर निर्जीव हो गये। और जब वे सचमुच वेदना की मूर्ति थे। उन अंधे निसहाय कैदी का चित्र खींचने के लिए मेरी ही नहीं दुनियाँ के किसी भी मनुष्य की लेखनी पर्याप्त नहीं है। अंधे होकर भी उन्होंने अपने बच्चों को भूख और प्यास से मरते गिरते देखा। सम्राट की दया के लिए वे माँगने लगे। लेकिन उन महाकवि और महान मनुष्य के आगे हाथ बढ़ाने के लिये कोई नहीं था। अपने दुख के प्याले को अंत तक उनको अकेले पीना पड़ा।

अंधेरे के बाद प्रकाश होता है। 'सु' के जीवन की भी कालरात्रि समाप्त हो गयी और सुख के सूरज का उदय हुआ। राज करते सम्राट का अंत हुआ और उनकी माँ चक्रवर्तिनी हो गई। उन्होंने 'सु' को लौट बुलवाया और सु कुछ वर्षों में प्रधानमंत्री हो गये। वे अपने ऊँचे स्थान से घमंडी नहीं थे। वे प्रजाओं केलिए एक सेवक थे। लेकिन दुःख उसका साथी छोड़ना पसंद नहीं करता था। उनकी स्त्री और महारानी स्वर्ग सिधारीं और एक बार भी देश-निकाले की सज़ा सहनी पडी सु को। ओह! जगदीश्वर दुनियाँ में ऐसा क्यों होता है कि जब कई मूर्ख लोग ऐश्वर्य की गोदी में खेलते हैं तब कई देवतुल्य लोग नरकयातना का अनुभव करते। मरने के एक वर्ष पहले वे स्वतंत्र हो गये लेकिन जीवन के सुखों का अनुभव करने केलिए वे फिर कई वर्ष नहीं रहे। जब वे अंतिम श्वास ले चुके तब एक और चीनी महाकवि ने कहा :—"एक महाकवि की मृत्यु से अधिक वेदनापूर्ण है एक मनुष्यप्रेमी महापुरुष की मृत्यु।

———

# माँजी

Rosy Thomas Class 1 Physics.

शाम का समय था। स्कूल की घंटी बजी थी। लड़के दलों में होकर हलचल मचाते हुए बाहर दौडने लगे। मैं भी अपने मित्र गोपाल के साथ घर की ओर चला।

कुछ दूर चलने पर हमने सामने एक पेड़ के नीचे लडकों की एक भीड़ को देखा। लडके शोर मचाते थे। वे किसी को "पगली पगली" पुकार रहे थे और उसपर पत्थर फेंक रहे थे। देखने पर हम को मालूम हुवा कि उनका परिहासपात्र एक बेचारी स्त्री है। हड्डियों और चमडी का एक संकलन! उसकी आँखों पर एक तरह का दयनीय भाव दिखाई पड़ता था। उसका वस्त्र फटा-पुराना था तो भी उसके चेहरे पर एक कुलीन भाव था। किसी की माँ होगी! उसे देखते ही किसी न किसी प्रकार मेरे मन में अपनी स्वर्गीय माँ की याद आयी।

जब मैं तीन साल का था तब वह मुझे छोडकर परलोक सिधारी थी। माता की एक अव्यक्त याद ही मुझे है। पिता एक विमाता को लाया। उनका उद्देश्य मेरी भलाई थी, बल्कि विमाता मुझे प्यार न करती थी। बरसों बीतने पर उनका द्वेष बढताही रहा। पिताजी भी उसके प्रलोभनों से मुझे सताते हैं। अब घर में मेरा स्थान एक नौकर का है।

लडकों के कोलाहल ने मुझे अपनी चिन्ताओं से छुडाया। वह स्त्री हर एक लडके को घूरकर देख रही थी। मैं उन लड़कों के पास गया और उन को समझाने का प्रयास किया कि उनका काम अन्याय है। कुछ लडके मुझपर हँसने लगे लेकिन कुछ क्षण बाद वे अपने काम से निवृत्त हो गये। अब उस स्त्री का ध्यान मुझपर पडा। उसके चेहरे पर धन्यवाद की मुद्रा थी। लडके दो चार होकर चले गये। मैं, गोपाल और वह स्त्री बाकी रह गये। एक कंपित स्वर में वह बोली—"खुदा तेरी भलाई करेगा, बेटा"। उससे बिदा लेकर हम चले गये! तब मैं बिलकुल न जानता था कि आखिर वह मेरे लिये बहुत प्यारी बन जायेगी।

घर पहुँचते ही विमाता मुझपर टूट पडी। मेरा कसूर था कि आधा घंटा देर हो गया था। लेकिन सजा लेते समय और काम करते समय मेरे मन में उस औरत का रूप था।

दूसरे दिन मैं अकेले स्कूल जा रहा था। उस जगह पहुँचने पर आँखें किसी की खोज में उस पेड की ओर बढीं।

अद्भुत की बात थी कि वह स्त्री वहाँ बैठी थी। वह टकटकी बाँधकर मेरी ओर देख रही थी। देर हो गया था। उसकी ओर एक मुस्कराहट फेंककर मैं स्कूल की ओर दौडा। शामको घर लौटते समय भी उसे वहां देखा। तीसरे दिन और चौथे दिन भी हम दोनों की मुलाकात हुई।

उसके बाद रोज़ उसे वहाँ उस पेड के नीचे देखता था। धीरे धीरे हम ज़रा बतें भी करने लगे। मैं स्कूल जाते वक्त थोडा समय उसके पास बिताता था। मुझे मालूम होगया था कि मेरी ओर उसे बडा प्रेम है और माँ की भाँति मेरे सुख दुःख में वह तत्पर है। वह मेरी शोकाग्नी को अपने स्नेहरूपी पानी से बुझाने की कोशिश करती थी। रोज़ वह दो चार पैसे के चने खरीदकर रखती थी और वह मेरे लिये विमाता के हल्वा आदि से भी स्वादिष्ट था। उसका महल उस पेड की छाया थी, वहाँ उसके साथ बैठना मै राजा बनने से भी अधिक पसंद करता था। उसके पास बैठने से मैं और मेरे पास बैठने से वह एक अलौकिक आनंद का अनुभव करते थे। जो मुझे घर मे नहीं मिलता था उस महँगे प्रेम को मैं ने उस भिखारिन में देखा था॥

मेरी यह मित्रता देखकर अपने मित्र मुझपर हँस रहे थे। किसी ने मेरी विमाता को भी कानाफ़ूसी सुनायी। मेरे घर पहुँचते ही विमाता ने मुझे खूब मारी और उस दिन भोजन भी न दिया। उसने कहा कि तेरा काम मुझपर बड़ा अपमान लाया है और इसलिये आज से स्कूल मत जा, यहीं रहकर घर का काम कर। मेरे दुःख का ठिकाना नहीं था जब पिताजी आये तब उन्होंने भी मुझे डाँटा। पर मेरा स्कूल जाना बंद करना उसके लिये पसंद न था। इसलिये मुझे पढाई ज़ारी रखने का भक्षय मिला। लेकिन पिताजी ने कहा कि एक और मार्ग से स्कूल जाना और फिर उस भिखारिन को मत देखना चाहिये।

दो दिन बीत गये। मैं स्कूल जाता था। लेकिन उस स्त्री को देखे बिना रहना मेरे लिये कठिन था। एक दिन हिम्मत बाँधकर मैं उस जगह पहूँचा। मै ने देखा कि उसी पेड़ के नीचे वह बैठी है। लेकिन बडी दुःखी दीख पडती थी। दो दिन से उसका रूप ही बदल गया था। मुझे देखते ही उसका वदन वदन खिल उठा और सहसा मुझको गले लगा लिया। उसकी गोदी में बैठने पर मैं अपना सारा दुःख भूल गया। उसने कहा कि मेरा अभाव उस के लिये असहनीय था॥ मैं ने सुनाया कि मेरी हालत भी उससे विभिन्न न थी। उस दिन मैं स्कूल न गया और शाम तक उसके साथ रहा। मित्रों का परिहास, कानाफ़ूसी, विमाता का गुस्सा सबको मैं भूल बैठा। उस स्त्री के सामने वे सब मुझे तृण समान था।

रोज़ विमाता की मार सहनी पडती थी। लेकिन मैं ने उसकी परवाह न की। किसी न किसी प्रकार मैं रोज़

उसके पास जाया करता था। उसके पास रहते समय मैं स्वर्ग का अनुभव करता था।

महीने बीत गये। एक दिन मैं बीमार हो गया। थोडे दिन स्कूल न जा सका। उन दिनों में घर मेरे लिये एक कारागार मालूम पड़ता था। आँखें उस प्रेममूर्ति को एक बार देखने के लिये तरस रही थीं। गोपाल मुझे देखने के लिये आया। उसने कहा कि मेरे अभाव ने उस स्त्री को बहुत विवश बनाया था। उसकी बात सुनकर मेरा दिल पिघल गया। किसी न किसी प्रकार उसके यहाँ पहुँचने को मैं चाहता था। पर उपाय कोई नहीं।

दूसरे दिन सबेरे विमाता के किसी को डाँटते सुनकर मैं जाग उठा। बाहर देखने पर मैं ने देखा कि विमाता की गालियाँ सुनकर सडक पर चुप्पी खडी होनेवाली स्त्री और कोई नहीं बल्की वह स्नेहमूर्ति ही है। अपने लाडले को एक बार देखने के लिये वह आयी है। मुझे देखकर वह खुशी से भर गयी। यह दृश्य देखकर विमाता का रोष धधक उठा और उसने मुझसे अंदर जाने को कहा। मुझे उसकी बात माननी पडी। मैं ने देखा कि वह स्नेहस्वरूपिणी पीछे देखते देखते चली जा रही है।

कुछ दिन बाद मैं स्वस्थ हो गया और स्कूल जाने लगा। विमाता की आज्ञा थी कि उस औरत के पास मत जाना। लेकिन उसकी आज्ञा को तोडने की शक्ति मुझको कहीं से मिली और पहले की तरह उस पेड के नीचे की देवी से मिलने को जाता रहा। हमारा आपस का प्रेम बढ़ता ही रहा।

कभी-कभी मैं उससे पूछा करता था कि तुम क्यों मुझपर इतना प्रेम रखती हो। मेरी सवाल सुनते ही उसकी आँखों में आँसू उमडता था और वह कहती थी, "बेटा, दुःख की वह कहानी सुनाने को मैं अशक्त हूँ। उसे अधिक दुःखी बनाना मैं न चाहता था। लेकिन एक दिन मैं ने निश्चय किया कि आज उसकी कहानी सुनानी ही चाहिये और उसके दुःख को घटाने की कोशिश करनी चाहिये। मेरे बार बार पूछने पर उसे कहना ही पड़ा।

वह एक गरीब घराने की थी। अपने स्नेहवान पति और एकमात्र बेटे सोमू के साथ रहती थी। खून पसीना करने पर जो कुछ मिलता था उससे संतृप्त हो कर वे आनंदपूर्वक दिन काट रहे थे। लेकिन विधि के करालहस्त अलस नहीं था। उसका पति बीमार हो गया और तीन दिन के बाद अपनी निस्सहाय पत्नी और प्यारे बेटे को इस क्रूर दुनियाँ में छोड़कर उसने मृत्यु का आलिंगन किया। उस पिता की अंतिम आकाँक्षा यह थी कि सोमू को ऊँची शिक्षा देनी चाहिये। बेचारी विधवा! रोनेवाले उस निधि के अलावा उसके पास और कुछ नहीं था।

लेकिन वह निराश न हुई। मज़दूरी करके अपने बच्चे को पाला पोसा। अपनी सारी इच्छाओं का खज़ाना वही था। सोमू स्कूल जाता था। पढ़ने में वह चतुर था। अध्यापकों की आँखों का तारा था। हर एक दर्जे में अव्वल होकर पास होता था। अपने बच्चे की उन्नति देखकर उस माँ की खुशी का ठिकाना न रहता था।

तीन बरस बीत गये। अब सोमू पाँचवें दर्जे में है। एक दिन स्कूल से लौटते ही उसने माँ से कहा कि स्कूल में एक विशेष परीक्षा होनेवाली है और उस में पास होनेवालों को अगले वर्ष स्कालर्षिप मिलेगा। चतुर लड़के ही उस में बैठ सकते हैं और अध्यापक ने उसको भी सम्मती दी। सोमू उस दिन से रात दिन पढ़ाई में लीन हो गया। रात में दीप का तेल खतम हो जाने तक पढ़ता था। जब कभी माता उससे ज़रा आराम लेने को कहती थी, तब वह कहा करता था कि दो चार दिन के बाद पूर्ण विश्राम लूँगा पर अब मुझे कोशिश करनी ही है।

परीक्षा का दिन आया। सवेरे से ही सोमू को बुखार के लक्षण थे। लेकिन उसकी परवाह किये बिना सोमू स्कूल गया और परीक्षा में बैठा। शामको उसकी बीमारी बढ़ गयी। माँ उसे असपताल ले गयी। लेकिन उस बेचारी स्त्री की प्रार्थना खुदा ने न सुनी। उनकी इच्छा एक और थी। दूसरे दिन अपनी प्यारी माँ को दुःखसागर में डुबाकर अपने पिता की खोज में सोमू चला गया। उस जननी का सब कुछ नष्ट हो गया। पहले पति उसके पीछे बेटा! उसके जीवन में अब कोई लक्ष्य न था। वह समझती थी कि आत्महत्या पाप है। इसीलिये उसके लिये कोई परिश्रम न किया। वह इधर उधर भटकती रही। लोगों ने समझा कि वह पगली हो गयी है।

रास्ते में मिलनेवाले हर एक लड़के में उसने अपने बेटे को देखा। मुझ पर उसका एक विशेष प्रेम पैदा हो गया। जब मैं बीमार हो गया तब वह अपने सोमू के अन्त की याद करके अधिक विवश होगयी। जब मैं उसके पास हूँ, तब उसे अपने सोमू के पास बैठने की अनुभूति है।

उस शोकमय कहानी को, रोये बिना मैं सुन न सका। कथा समाप्त होते ही "माँ, माँ" पुकारकर मैं ने उसे चुंबन किया। हाँ मेरी माँ के बदले खुदा से भेजी गयी एक दूसरी माँ थी वह। एक पुत्ररहित माँ और मातारहित पुत्र। मैं ने उसे "माँजी" पुकारने का निश्चय किया। वह मुझे छाती से लगाकर सिर पर फेरने लगी। माँजी और मैं एक दूसरे से मिलने से अपने अपने दुःख को भूल गये।

## OUR WOMEN ATHLETES



Sitting: C. P. Andrews (Physical Director); T. B. Thomas (Principal); Sosakutty Oommen; K. C. Annakutty (Physical Instructress); Aley T. Thomas.

Standing: Darley Oommen; T. O. Achamma; Anna Thomas (Captain); M. S. Gracy; V. I. Kumari.

## THE COLLEGE BASKET BALL TEAM



Sitting (L. to R.): C. P. Andrews (Physical Director); T. B. Thomas (Principal); Thampy John (Captain); V. J. Mathew (President); K. C. Annakutty (Physical Directress).

Standing 1st Row: P. T. John; George Kurian; P. Y. Paulose; P. Narayana Pillai; Mohammed (Games Boy).

2nd Row: T T. Thomas; G. Radha Krishnan; B. Alex; P. J. John.

## TAGORE HOSTEL DRAMATIC CLUB

"ഉറങ്ങാൻ വൈകിയ രാത്രികൾ"

(പ്രധാന നാടകം)



## TAGORE HOSTEL DRAMATIC CLUB 1960

"നാണ നേരാകമോ"



College Report—(*Continued from page 48*).

**Grants.**

I place on record the gratitude of the College for the following grants and donations received by the College during the period under review.

| | | | |
|---|---|---|---|
| State Govt. Grant towards the cost of M. Sc. Degree Course in Physics, 1st instalment | Rs. | 15 000 | 00 |
| Grant for Planning Forum | ,, | 100 | 00 |
| Hostel Maintenance Grant from the University | ,, | 5,340 | 00 |
| Grant towards the enhancement of staff salary for 1957—58 | ,, | 16,197 | 41 |
| U. G. C. Grant towards the implementation of the Three Year Degree Course | ,, | 10,688 | 00 |

...idents Aid

...G. C. to be

| | |
|---|---|
| 1,476 | 76 |
| 487 | 75 |
| 487 | 75 |
| 9,693 | 47 |
| 128 | 00 |
| 132 | 00 |

...ing students

...25,000/- from

...hips in this

...re should be

...uraged us by

...their sympathy, interest and support.

TAGORE HOSTEL DRAMATIC CLUB

" ഉറങ്ങാൻ വൈകിയ രാത്രികൾ "

(പ്രധാന നാടകം)

Sitting (L. to R.): M/s. George Zachariah; Varghese Ittyavirah M. A. (Warden); C Kurien Mathew; Ravindranatha Pillai.

Standing (L. to R.): M/s. Sunny Samuel; V. Mathew; C. John Philip (Convener); T. Oommen; P. J. Mathew (Direction); Valsakumar.

TAGORE HOSTEL DRAMATIC CLUB 1960

" നാണ നേരാകമോ "

Sitting (L. to R.): M/s. Philip K. George; Varghese Ittyavirah M.A. (Warden) Alexander Idicula: Thomas Mathew (Pat.)

Standing (L. to R.): M/s. John Joseph; P. J. Mathew (Direction); C. John Philip; Thomas Mathew (Kozhe.)

**Needs of the College**

The College is 38 years old. While we can indeed be thankful for a nucleus of fine and able teachers—though some of the ablest among them have retired or will soon retire—we are deeply conscious that we have not been able to provide many of the facilities and equipments that are essential adjuncts to modern collegiate education. In this respect almost all other Colleges in the State have been able to make rapid progress. The Central

**College Report**—(*Continued from page 48*).

**Grants.**

I place on record the gratitude of the College for the following grants and donations received by the College during the period under review.

| | | |
|---|---|---|
| State Govt. Grant towards the cost of M. Sc. Degree Course in Physics, 1st instalment | Rs. | 15 000 00 |
| Grant for Planning Forum | ,, | 100 00 |
